
ആനക്കുളം ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന റിപ്പോർട്ട് 1996



62-3



ഒൻപതാം പദ്ധതി ജനകിയ പദ്ധതി

അറക്കുളം ഗ്രാമ പഞ്ചായത്ത്

1996 ഡിസംബർ 17

ഗ്രാമ പഞ്ചായത്തു വികസന സെമിനാർ

മൺമറഞ്ഞ മഹാത്മാവ്
മനസ്സിൽ കണ്ട ഗ്രാമസ്വരാജ്
മണ്ണിൽ സമാഗതമായ് കണ്ട്
വിണ്ണിൽ സംതൃപ്തിയടയട്ടെ
സൽപിതാവാം ഗാന്ധിജി തന്നുടെ
സുന്ദര മോഹന ഗ്രാമസ്വപ്നം
സമത്വ സുന്ദര ഗ്രാമസ്വരാജിൻ
സന്തോഷം നമ്മിൽ വിതയ്ക്കട്ടെ
അർപ്പണ പരിശ്രമ വേലയിലൂടെ
അക്രമരഹിത അഹിംസയിലൂടെ
അദ്ധ്വാനിക്കും ഗ്രാമീണർക്ക്
ആയിരമായിരം അനുമോദനങ്ങൾ
പുതുവത്സരപ്പിറവിതൻ പ്രമോദവുമായ്
പുതിയൊരാവേശത്തുടിപ്പുകളായ്
പ്രതിഫലമില്ലാതദ്ധ്വാനിക്കുവാൻ
പുത്തനുണർവ്വോടെത്തിയസോദരരേ
പൊന്നിൻ ചിങ്ങപ്പുലരി നാളിൽ
പൊട്ടിമുളച്ചോരാസൂത്രണത്തിൻ
പണിപ്പുരയിലൊന്നായ് കൈകോർത്തീടാം
പഞ്ചവൽസരപദ്ധതിയനുഭവിച്ചറിയാം
പുത്തൻ വികസന സംസ്ക്കാരത്തിൻ
പുതിയൊരദ്ധ്യായമെഴുതിച്ചേർത്ത്
പുതുമഴപെയ്യുമവസരം കാത്ത്
പുഞ്ചിരിയോടെ മുന്നേറാം

Jaisamma Josekutty

സമർപ്പണം

ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ 35.40% തുകയ്ക്കു വരുന്ന വികസന പദ്ധതികളിലുള്ള സ്കീമുകൾ താഴേത്തട്ടിൽതന്നെ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തി ജനങ്ങളുടെ ആശയാഭിലാഷത്തോട് കൂടുതൽ ഒത്തുചേർന്ന് വിജയപ്രദമാക്കുക എന്നതാണ്


പൊന്നിൽ ചിങ്ങമാസപുലരിയിൽ ബഹു.സംസ്ഥാന മുഖ്യമന്ത്രി ചെയ്ത ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം

ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായ ശിൽപശാലകളിലും ഗ്രാമസഭകളിലും പുനരർപ്പണ ദിനത്തിലും വികസനജ്യോതിസിലും പഠനപര്യടനത്തിലും കാരണവർ യോഗത്തിലും മറ്റും പങ്കെടുക്കുകയും സ്ഥിതിവിവരക്കണക്കുകളും അനുഭവ പരിചയസമ്പത്തും നൽകുകയും ഈ ഗ്രന്ഥത്തിന്റെ ബൃഹത്തായ പണിപ്പുരയിൽ പ്രതിഫലേച്ഛകൂടാതെ നിസ്വാർത്ഥ സേവനം ചെയ്ത് ഈ റിപ്പോർട്ടിന് രൂപവും ഭാവവും നൽകുന്നതിൽ പങ്കാളികളാവുകയും ചെയ്തിട്ടുള്ള ജനപ്രതിനിധി സുഹൃത്തുക്കളേയും വിവിധ വകുപ്പുകളിലുള്ള ഉദ്യോഗസ്ഥമേലധികാരികളേയും അനുദ്യോഗസ്ഥമേലധികാരികളേയും നിട്ടയേർഡ് ഉദ്യോഗസ്ഥമേലധികാരികളേയും കാരണവർമാരേയും സംസ്ഥാന ജില്ലാ പഞ്ചായത്തുതല നിസ്വാർത്ഥ സേവാസംഘടനാ പ്രവർത്തകരേയും മറ്റു സന്നദ്ധപ്രവർത്തകരേയും ഈ സ്ഥാപനത്തിലെ ജീവനക്കാരേയും അത്യധികം നന്ദിയോടെ സ്മരിച്ചുകൊണ്ടും ഇനിയും നമ്മുടെ നാടിന്റെ വികസനസംരംഭത്തിൽ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ടും ജനങ്ങളുടെ സാമൂഹ്യബോധത്തേയും ദേശാഭിമാനബോധത്തേയും തട്ടിയുണർത്തി നമ്മുടെ ദൈനംദിന ജീവിതത്തെ ഒരു പുതിയ ധാർമ്മികമൂല്യത്തിലേക്കുയർത്തുവാനുതകുന്ന ഒരു പുതുതലമുറവികസനപാത വെട്ടിത്തുറക്കുവാൻ ജനകീയാസൂത്രണം ഒരു യാഥാർത്ഥ്യമാക്കുവാൻ, അഹിംസയിലൂടെയും അഴിമതിരാഹിത്യത്തിലൂടെയും അവകാശസമരങ്ങൾക്കുവേണ്ടി കഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ അനേകങ്ങളെ അണിനിരത്തിയ മഹാത്മജിയുടെ മഹനീയാദർശം സ്മരിച്ചുകൊണ്ടും മുൻഗാമികളായ ജനപ്രതിനിധികളുടെ സേവനത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ടും യശശ്ശരീരരായ മുൻപ്രതിനിധികളുടെ സ്മരണകുമിൾപിൽ ആദരാഞ്ജലികൾ നേർന്നുകൊണ്ടും ഈ റിപ്പോർട്ടിൽ എന്തെങ്കിലും പോരായ്മകൾ വന്നുപെട്ടിട്ടുണ്ടെങ്കിൽ സ്നേഹബുദ്ധ്യാ, സദയം ക്ഷമിക്കുമെന്ന ഉറച്ചവിശ്വാസത്തിൽ സർവശക്തനായ ജഗത് പിതാവ് നമ്മുടെ സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പ്ലാനുകളും നമ്മുടെ സുപ്രതീക്ഷകളും പൂവണിയിക്കുവാൻ കനിഞ്ഞനുഗ്രഹിക്കട്ടെ എന്നാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സസന്തോഷം ജനസമക്ഷം സമർപ്പിക്കുന്നു. നിങ്ങളുടെ വിശ്വസ്ത.

Jaisamma Josekutty

President, Arakulam Grama Panchayath

സന്ദേശം



തിരുവനന്തപുരം

3-12-96

അറക്കുളം ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.

ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും സമഗ്രവും അഭികാമ്യവുമായ മുന്നേറ്റം എന്ന വികസനനയ സമീപന തന്ത്രമാണ് ഇന്നാവശ്യമായിട്ടുള്ളത്. കുറേയേറെ റോഡുകളും പാലങ്ങളും നിർമ്മിക്കൽ മാത്രമാണ് വികസനം എന്ന ധാരണ മാറ്റി ഉയർന്ന ഉൽപാദനക്ഷമതയും. നീതിപൂർവ്വകമായ വിതരണവും കൂടിയാണ് വികസനമെന്ന യാഥാർത്ഥ്യം ഊട്ടിയുറപ്പിക്കേണ്ടിയിരിക്കുന്നു.


വിവിധ വകുപ്പുകളുടെ ചുവപ്പുനാടയിൽ കുരുങ്ങി ശ്വാസം മുട്ടുന്ന വികസനത്തെ അഴകും പിടിയും മാറ്റി അഴിമതിരഹിതമായ സംവിധാനം ഒരുക്കുകയെന്നത് ക്ഷിപ്രസാദ്ധ്യമല്ല. അതിന് ഊർജ്ജസ്വലവും നിതാന്തവുമായ ജാഗ്രതയും പരിശോധനയും അനിവാര്യമാണ്.

വിഭവങ്ങളില്ലാതെ വികസനം അസാദ്ധ്യമാണ്. സർക്കാർ ഫണ്ടുമാത്രം ആശ്രയിച്ചുകൊണ്ടുള്ള വികസനം പലപ്പോഴും അപൂർണ്ണമായിരിക്കും. അതുകൊണ്ട് വിഭവസമാഹരണത്തിന് മനുഷ്യാദ്ധ്വാനം അടക്കമുള്ള മേഖലകൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയണം. ഈ രീതിയിൽ വികസന മുന്നേറ്റം നടത്തുവാൻ അറക്കുളം പഞ്ചായത്തിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

വിജയാശംസകളോടെ.

പി. ജെ. ജോസഫ്

സന്ദേശം



ആസൂത്രണത്തിലും കാര്യനിർവ്വഹണത്തിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഗ്രാമീണ കേരളം ഒരു പുതിയ വികസന സംസ്കാരം ഏറ്റുവാങ്ങുകയാണ്. അറക്കുളം ഗ്രാമം വികസന കാര്യത്തിൽ സ്വന്തം വ്യക്തിത്തം ഉയർത്തിപ്പിടിക്കുകയും പാത വെട്ടിത്തെളിക്കുകയും ചെയ്യുന്ന മഹത്തായ സംരംഭത്തിന് ഭാവുകങ്ങൾ നേരുന്നു.

അഭിവാദനങ്ങളോടെ,

മൂലമറ്റം

10.12.1996.

പി.പി. സുലൈമാൻ റാവുത്തർ **M.L.A**



സന്ദേശം

അറക്കുളം ഗ്രാമ പഞ്ചായത്തിന്റെ വികസനരീപ്പോർട്ട് തയ്യാറാക്കാൻ തുടങ്ങിയെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ആസൂത്രണപ്രവർത്തനം വഴി രൂപം കൊള്ളുന്ന ജനകീയ വികസന അവബോധം പദ്ധതി നിർവ്വഹണത്തിനേറെതായ ഈ അവസരത്തിൽ നമ്മുടെ വികസന പ്രക്രിയക്ക് ആക്കം കൂട്ടട്ടെ എന്നാശിച്ചുകൊണ്ടും സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ വികസനപ്രക്രിയകൾ നടപ്പിലായി കാണുവാൻ ആഗ്രഹിച്ചുകൊണ്ടും ഈ പഞ്ചായത്ത കമ്മറ്റിക്ക് സകലവിധഭാവുകങ്ങളും നേർന്നുകൊണ്ടും


സ്നേഹപൂർവ്വം

ഷീല സ്റ്റീഫൻ (ഒപ്പ്)


ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.

അറക്കുളം ഗ്രാമ പഞ്ചായത്ത്


ഭരണസമിതി




ജയ്സമ്മ ജോസുകുട്ടി
പ്രസിഡൻറ്




ടി. എം. ഗോപാലൻ
വൈസ്പ്രസിഡൻറ്




ഐ. സി. ചാക്കോ
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ




ജോസഫ് കുര്യൻ
മെമ്പർ




കെ. പി. ഭാസ്ക്കരൻ
മെമ്പർ



കുഞ്ഞൂഞ്ഞ്പാപ്പൻ
മെമ്പർ



തോമസ്വർക്കി
മെമ്പർ



നാരായണൻചാരൻ
മെമ്പർ



ഗീതാതുളസീധരൻ
മെമ്പർ




അച്ചാമ്മജോസ്
മെമ്പർ




കുഞ്ഞമ്മവർക്കി
മെമ്പർ

മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ




കെ. എം. വർക്കി
കിഴക്കേക്കര



പി. സി. ചാക്കോ
പുളിക്കൽ




ജോസഫ് കുര്യൻ
കുന്നേൽ




കെ. എസ്.
ചാക്കോ
കുന്നുംപുറത്ത്




ഏലിയാമ്മ തോമസ്
അഞ്ചുകണ്ടത്തിൽ



അഡ്വഃജോയിതോമസ്സ്
ജില്ലാ ഗ്രാമപഞ്ചായത്ത്
മെമ്പർ



കെ. എം. മാണി
ബ്ലോക്ക് വൈസ്പ്രസിഡൻറ്




കെ. ഐ. പരമേശ്വരൻ
ബ്ലോക്ക് മെമ്പർ




പി. ജി. പ്രഭാവതിഅമ്മ
ഗ്രാമപഞ്ചായത്ത്
സെക്രട്ടറി

ഓഫീസ് സ്റ്റാഫ്





കണ്ട പുന്നമറ്റത്തിൽ (132)
അറക്കുളം ഗ്രാമപഞ്ചായത്തിലെ കാരണവർ



റ്റി. യു. വർക്കി താഴത്തുകുടിയിൽ
ദീർഘകാല പഞ്ചായത്തു മെമ്പർ (23 വർഷം)

അറക്കുളം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

10 -10-1986 **1995**

വാർഡ്

1 ശ്രീ. കെ. എസ്. ചാക്കോ കുന്നുംപുറത്ത് ഇലപ്പള്ളി
(President)

2. ശ്രീമതി. കാർത്യായനി കുട്ടപ്പൻ ഇഞ്ചയിൽ കണ്ണംപടി
(Vice President)

3. ശ്രീമതി. ഏലിയാമ്മ തോമസ് അഞ്ചുകണ്ടത്തിൽ മൂലമറ്റം

4. ശ്രീ. റ്റി. കെ. ശങ്കരൻ തടത്തിമാക്കൽ, പതിപ്പിള്ളി

5. ശ്രീ. ജോസഫ് കുര്യൻ കുന്നേൽ മൂലമറ്റം

6. ശ്രീ. ജി. സുകുമാരൻ നായർ സജി ഭവൻ മൂലമറ്റം

7. കെ. എൽ. ജോസഫ് കൊല്ലാലപ്പാറ കുളമാവ്

8. ചാക്കോ ജോസഫ് ഐയ്യൻപറമ്പിൽകുന്നേൽ അറക്കുളം

9. എം.എസ്. മാനുവൽ മറ്റത്തിൽ കണ്ണിക്കൽ

10. കെ. കെ. ശങ്കരൻ കാനപ്പള്ളിൽ ഇടാട്ട്

10

അറക്കുളം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ

29-09-1979 — 11-02-1982

വാർഡ്

1. ശ്രീ. ജോസഫ് കുര്യൻ കുന്നേൽ മൂലമറ്റം പ്രസിഡൻറ്
2. പി.വി. മാത്യു പൊൻവേലികീഴക്കേതിൽ വൈസ് പ്രസിഡൻ
3. പീ. ജെ. ജോസഫ് പെരുമ്പള്ളിക്കുന്നേൽ പതിപ്പിള്ളി
4. റ്റി.വി. വർക്കി താഴത്തെക്കുടിയിൽ ഇടാട്ട്
5. കെ.എസ് ജോസഫ് കരോട്ടുപുരയ്ക്കൽ
6. പി.എം. ജോസഫ് പാറമുണ്ടയിൽ അറക്കുളം
7. റ്റി.എം. ചാക്കോ തെക്കെടത്ത്
8. റ്റി.കെ. ശങ്കരൻ തടത്തിമാക്കൽ പതിപ്പള്ളി
9. റ്റി.കെ. മാധവൻ നായർ തേനംമാക്കൽ മൂലമറ്റം
10. ചിന്നമ്മ നൈനാൻ കരോട്ടുപുരയ്ക്കൽ കുളമാവ്
11. ഇ.റ്റി. രാമകൃഷ്ണ ഇടത്തിൽ ,കണ്ണംപടി

അറക്കുളം പഞ്ചായത്ത് സാരഥികൾ

16-12-1963 - 1979

വാർഡ്

1. ശ്രീ. പി.സി. ചാക്കോ, പുളിക്കൽ, അറക്കുളം **President**
2. ശ്രീ. പി.വി. ഡേവിഡ്, പാണ്ടൻകല്ലുങ്കൽ, ഇലപ്പള്ളി
   Vice president
3. ശ്രീ. റ്റി.യു.വർക്കി, താഴത്തെകുടിയിൽഇടാട്ട്
4. ശ്രീമതി. പി. കുട്ടിയമ്മ, വടക്കേടത്ത്
5. ശ്രീ. കെ.എസ്. ജോർജ്ജ്, കരോട്ടുപുരയ്ക്കൽ
6. ശ്രീ. പി.ഡി. ചുമ്മാർ, പ്ലാക്കൂട്ടത്തിൽ
7. ശ്രീ. പി.എസ്. നീലകണ്ഠൻ, പേട്ടുപാറയിൽ
8. ശ്രീ. കെ. ആർ. മാണിക്കൻ
9. ശ്രീ. പി. ജെ. തോമസ്സ്, പൈകട


12

അറക്കുളം പഞ്ചായത്ത് ഭരണസമിതിയഗംങ്ങൾ

1962

വാർഡ്

1. ശ്രീ. കെ.എം. വർക്കി കിഴക്കേക്കര, മൂലമറ്റം
2. ശ്രീ. എം.എം. മാത്യു മൈലാടൂർ
3. ശ്രീ. കെ.എം. രാമൻ കൊച്ചുരയ്ക്കൽ, കുരുതികുളം
4. ശ്രി. പി.ജെ. ജോസഫ് പടിഞ്ഞാറേകളപ്പുര, കൂവപ്പള്ളി
5. ശ്രീ. കെ.ആർ. രാമൻ കുറുങ്ങാട്ട്
6. ശ്രീ. സി.പീ. ഗോപാലപിള്ള ചെമ്മണ്ടൂർ
7. ശ്രീ. നാരായണൻ നായർ അമ്പാട്ട്.


ARAKULAM GRAMA PANCHAYAT
N
VAZHATHOPE PANCHAYAT
KANNAMPADY
THODUPUZHA
MOOLAMATTOM ROAD
ARAKULAM
KODAYATHOOR PANCHAYAT
(NORTH) MOOLAMATTOM
MOOLA MATTOM (EAST)
MOOLAMATTOM (SOUTH)
KULAMAVU
KOOVAPPALLY
PATHIPPALLY
ELAPPALLY
EDADU
KOTHAPARA
MUTTOM
NEDUNCHIRA - UDUMBANNOOR - ELAPPARA PANCHAYAT.
KANNAMPADY ROAD.
KOTHAPARA
TALUK.
PEERMADE
VAGAMON - KOTTAYAMALA.
ERATTUPETTA
NEDUNCHIRA TALUK.

റിപ്പോർട്ട് തയ്യാറാക്കിയവർ

ജിഫി ജോർജ്ജ്	(K.R.P)
കെ.ജെ. ജോർജ്ജ്	(DRP)
പി.പി.സണ്ണി	(DRP)
റോയി വി. ജോർജ്ജ്	(DRP)
സെബാസ്റ്റ്യൻ TL	(DRP)
ഒ.ഐ. വിജയൻ	(LRP)
വി.എം. ഷാജി	(LRP)
പി.ബി.സാബു	(LRP)
എസ്.ബി. പണിക്കർ	(Rtd. H.M.V.H.C. മൂലമറ്റം)
ജയിംസ്	(A.E.O office)
ഉണ്ണികൃഷ്ണൻ	(V.E.O)
മാത്യു	(V.E.O)
ഹരിലാൽ	(അനർട്ട്)
മിനി	(കൃഷിഭവൻ)
കെ.ജെ.ജയിംസ്	(Rtd Water Authority Employee)
ജോർജ്ജ്	(Rtd Asco Bank Secretary)
കൊച്ചെറുക്കൻ	(Rtd Teacher)
ഷീല	(അംഗൻവാടി ടീച്ചർ)
എം.റ്റി.സെലീനാമ്മ	(അംഗൻവാടി ടീച്ചർ)
റെജി ഫ്രാൻസിസ്	
മാത്യു	
ബിജു ജോസഫ്	
വില്ല്യം ജയ്സൺ രാജു	
ബിനു ഫ്രാൻസിസ്	
റോയി	
വി.റ്റി ജോസഫ്	
മോഹനൻ	
ജോർജ്ജ്	

ഉള്ളടക്കം

1. പൊതുവിവരണം
2. ആമുഖം
3. സാമൂഹ്യ സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി
5. കൃഷി
6. കുടിവെള്ളം
7. ആരോഗ്യം
8. ഭവന നിർമ്മാണം
9. ഊർജ്ജം
10 വ്യവസായം
11. ഗതാഗതം
12 മൃഗസംരക്ഷണം
13 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
14. വിദ്യാഭ്യാസം
15 വനിതാക്ഷേമം
16. ജലസേചനം
17. സാമൂഹ്യക്ഷേമം, പൊതുവിവരണം
18. സംസ്ക്കാരം
19. ടൂറിസ്സം
20. സ്പോർട്ട്സ്
21. വനവൽക്കരണം
22. ഉപസംഹാരം

മുഖചിത്രം : ഭൂഗർഭ വൈദ്യുതനിലയം

അറക്കുളം

ഗ്രാമപഞ്ചായത്ത് : പൊതുവിവരണം

1. പഞ്ചായത്തിന്റെ പേര്	അറക്കുളം ഗ്രാമപഞ്ചായത്ത്
2. ഉൾപ്പെടുന്നവില്ലേജ്	അറക്കുളം, ഇലപ്പള്ളി, ഇടുക്കി, ഉപ്പുതറ, കുടയത്തൂർ
3. ബ്ളോക്ക് പഞ്ചായത്ത്	ഇടുക്കി.
4. താലൂക്ക്	തൊടുപുഴ, പീരുമേട്
5. അസംബ്ളി മണ്ഡലം	ഇടുക്കി
6. വിസ്തീർണ്ണം	192.64 ചതുരശ്ര കിലോമീറ്റർ
7. അതിരുകൾ	വടക്ക് വെള്ളിയാമറ്റം, കുടയത്തൂർ പഞ്ചായത്തുകൾ, പടിഞ്ഞാറ് കോട്ടയം ജില്ല, തെക്ക് ഏലപ്പാറ, ഉപ്പുതറ പഞ്ചായത്തുകൾ, കിഴക്ക് വാഴത്തോപ്പ്, വെള്ളിയാമറ്റം പഞ്ചായത്തുകൾ
8. ജനസംഖ്യ	28893
പുരുഷൻമാർ	11672
സ്ത്രീകൾ	12221
വോട്ടർമാർ	16540
9. വാർഡുകൾ	പതിനൊന്ന് (11)

10 പ്രസിഡൻറിന്റെ പേര് ശ്രീമതി, ജയ്സമ്മ ജോസുകുട്ടി.

11. വൈസ് പ്രസിഡൻറിന്റെ പേര് ടി. എം ഗോപാലൻ

12. സ്റ്റാൻഡിംഗ് കമ്മറ്റി

ചെയർമാൻ	ഐ. സി ചാക്കോ.
13. സെക്രട്ടറി	പി. ജി പ്രഭാവതിഅമ്മ

ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം എഴുതിചേർത്തുകൊണ്ട്, വിപ്ലവകരമായ ഒരു സാമൂഹിക മുന്നേറ്റത്തിന് കളമൊരുങ്ങുകയാണ് നമ്മുടെ സംസ്ഥാനം. ഇന്ത്യയുടെ ആസൂത്രണ പരിപാടിയുടെ ഒരു പൊളിച്ചെഴുത്തിനുള്ള തുടക്കം കുറിയ്ക്കൽ കൂടിയാണ് ഇത്. 1951–ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പ്രക്രിയ കേന്ദ്രീകൃതമായിരുന്നു. ആരംഭകാലത്തെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് കേന്ദ്ര ആസൂത്രണ കമ്മീഷൻ പദ്ധതി പ്രവർത്തന ത്തിന്റെ പൊതുസമീപനവും ലക്ഷ്യവും ആവിഷ്ക്കരി ക്കുന്നതിന് പകരം ഓരോ ഗ്രാമത്തിലും നടത്തേണ്ട വികസന പ്രവർത്തനങ്ങൾ ആ ഗ്രാമങ്ങളുടെ പൊതുസ്ഥിതിയോ, ജനങ്ങളുടെ ആഗ്രഹ അഭിലാ ഷങ്ങളോ കണക്കിലെടുക്കാതെ ദേശീയ സംസ്ഥാനതല തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വികസന പ്രവർത്തനങ്ങൾ നടത്തുകയെന്ന കാഷ്ചപ്പാടാണ് സ്വീകരിച്ചത്. അതുകൊണ്ട്തന്നെ സ്വാഭാവികമായും ജനങ്ങളിൽ നിന്ന് അന്യമായ ഒരു വികസന പരിപാടി യായി മാറി. ഇത് പ്രാദേശികമായ വിഭവസമാഹരണ സാധ്യതകളെ ഇല്ലാതാക്കി. പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു.

അധികാരവും ആസൂത്രണവും മുകളിൽ നിന്ന് താഴെയ്ക്ക് ഒഴുകിയപ്പോൾ കുത്തിയൊലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. വികസനമെന്നാൽ മുകൾതട്ടിൽ നിന്നാവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട പ്രക്രിയയാണെന്ന മാമൂൽ ധാരണ തിരുത്തിക്കുറിച്ചുകൊണ്ട്, ജനങ്ങൾ നടിന്റെ പ്രശ്നങ്ങളറിഞ്ഞ് വിഭവങ്ങൾ കണ്ടെത്തി സാധ്യതകൾ മനസിലാക്കി പുതിയൊരു വികസന സംസ്ക്കാരത്തിന് രൂപം കൊടുക്കുന്നതിലൂടെ ബഹുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയക്ക് ഇവിടെ തുടക്കം കുറിയ്ക്കുന്നു.

കേരളം നടപ്പിലാക്കുന്ന ജനകീയീയാസൂത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽതട്ടിലേയ്ക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലും, വികസന ത്തിലും ജാതിമതചിന്തകൾക്കും, കക്ഷിരാഷ്ട്രീയ പരിഗണനകൾക്കും അധീതമായി ജനപങ്കാളിത്തം ഉറപ്പ് വരുത്തുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് പ്രധാനമാണ്. 9ാ പഞ്ചവത്സര പദ്ധതി യ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ് ഈ സമീപനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. 9ാ പദ്ധതി ജനകീയ പദ്ധതിയായി ഗവർമെൻറ് പ്രഖ്യാപിച്ചിരിക്കുകയാ ണ്.അധികരത്തോടൊപ്പം സമ്പത്തും (പദ്ധതിവിഹിത ത്തിന്റെ 40%) പഞ്ചായത്തുകൾക്ക് നൽകുന്നതിനാൽ ജനതാല്പര്യം സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതി വിശേഷം വളർന്ന് വരുന്നുണ്ട്. കേരളവും ഗ്രാമ പഞ്ചായത്തുകളും ഇന്നനുഭവിക്കുന്ന വികസന പ്രതിസ ന്ധിയ്ക്ക് പൂർണ്ണമായിട്ട ല്ലെങ്കിലും ഭാഗീകവും തൃപ്തികരവുമായ പരിഹാരം കണ്ടെത്തുവാൻ ഈ ആസൂത്രണത്തിന് കഴിയും. ജനപങ്കാളിത്തം നടപ്പിലാ ക്കുമ്പോൾ സ്വാഭാവി കമായും നിലവിലുള്ള സമിതികളുടെ നടത്തിപ്പ് കാര്യക്ഷമമായും വേഗത്തിലും, തൃപ്തികരമായി നിർവഹിക്കാൻ കഴിയമെന്ന് മാത്രമല്ല ഒരു പരിധിവരെ അഴിമതിയുടെ എല്ലാ കൈവഴികളും നിയന്ത്രിക്കുവാനും കഴിയും.

അറക്കുളം ഗ്രാമപഞ്ചായത്തിൽ ജനകീയാ സൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി രണ്ട് വാർഡിന് ഒരാൾ എന്ന നിലയിൽ പഞ്ചായത്തിൽ ആകെ 6 റിസോഴ്സസ് പേഴ്സനും പഞ്ചായത്ത് പ്രസിഡൻറും ജില്ലാ പ്ലാനിം ബോർഡിൻറെ നോമിനികളായി രണ്ടുപേരും ബ്ലോക്ക് മെമ്പർമാരും ജില്ലാതലപരിശീലന ക്യാബിൽ പങ്കെടുത്തു. അതിനു ശേഷം പഞ്ചായത്തുതല ക്യാബ് സംഘടിപ്പിക്കുകയും ഒരു വാർഡിൽ നിന്ന് മൂന്ന് അംഗങ്ങൾ (മൂന്നിലൊന്ന് വനിത) വീതവും പഞ്ചായത്തിലെ എല്ലാ ഡിപ്പാർട്ട്മെൻറ് പ്രധിനിധികളും, മറ്റ് സന്നദ്ധസംഘടനാ പ്രവർത്തക രെയും ക്യാമ്പിൽ പങ്കെടുപ്പിച്ചു.2.10.96 ഓട് കൂടി ഗ്രാമപഞ്ചായത്തിലെ എല്ലാവാർ ഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ പൂർത്തിയാക്കി. രണ്ടാംഘട്ട പരിശീലനമായപ്പോഴേയ്ക്കും സ്ഥിതിവിവരക്കണ


ക്കുകളുടെ ശേഖരണം പൂർത്തിയാക്കി. രണ്ടാഘട്ടജി ല്ലാതലപരിശീലനത്തിൽ ഗ്രമപഞ്ചയത്ത് വൈസ് പ്രസിഡൻറും സെക്രട്ടറിയും ഉൾപ്പെടെ മൂന്ന് പേർകൂടി ഈ പഞ്ചയത്തിൽ നിന്ന് പങ്കെടുത്തു. നവംബർ 1 പുനർസമർപ്പണ ദിനമായ പഞ്ചായത്തിൽ ആചരിച്ചു. നവംബർ 8 ാം തിയതി പഞ്ചായത്തിൽ വികസന ജ്യോതി നടത്തി. രണ്ടാംഘട്ട പഞ്ചായത്ത് തലപരിശീലനം 13.11.96 ൽ നടത്തി. പഞ്ചായത്തിൻെറ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ കാരണം പഠനപര്യടനം നവം. 21,22,23,24, തിയതികളിലാണ് പൂർത്തിയാക്കാൻ സാധിച്ചത്. ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞ്വന്ന ആവശ്യങ്ങളുടേയും നിർദ്ദേശങ്ങളുടെയും സ്ഥിതി വിവരകണക്ക് ശേഖരണത്തിലൂടെയും പഠനപര്യ ടനത്തിലൂടെയും നാട്ടു കാരണവരൻമാരിൽനിന്നും ലഭിച്ച അറിവുകളുടെയയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിലൂടെ ഉയർന്ന് വന്നിരിക്കുന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പദ്ധതികളാക്കി വികേന്ദ്രീകരണാസൂത്രണത്തിലൂടെ ആർജ്ജിക്കുന്ന അറിവും അനുഭവും ഉപയോഗിച്ച് സമ്പത്ത് ഉത്പാദിപ്പിക്കുന്ന പ്രക്രിയയിൽ പങ്കെടുക്കു മ്പോൾ അറക്കുളം ഗ്രാമപഞ്ചായത്തിൽ നാളിതു വരെയില്ലാത്ത വിധത്തിൽ വിഭവങ്ങൾ ഉണ്ടാക്കുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയരുകയും ചെയ്യുമെന്ന പ്രത്യാശ ഞങ്ങൾക്കുണ്ട്.

അറക്കുളം ഗ്രാമപഞ്ചായത്തിൽ കക്ഷിരാഷ്ട്രീയ, ജാതിമത ചിന്തകൾ അധീതമായി സംഘടിത രാഷ്ട്രീയ ബോധത്തിൻെയും സന്നദ്ധ സേവന തൃഷ്ണയുടെയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമപാര ബര്യസംഭാവനകളിൽ നിന്ന് ഊർജ്ജവും, പ്രചോദനവും ഉൾകൊണ്ട് ജനജീവിതത്തിൻെറ സമസ്തമേഘലകളിലും വികസനത്തിൻറ സന്ദേശമെത്തിച്ചുകൊണ്ട് ഗ്രാമങ്ങളിലും നഗരങ്ങളിലും ജനപങ്കാളിത്വത്തിൻെറ ഉജ്ജ്വല മുഹൂർത്തങ്ങൾ രചിക്കാൻ ജനങ്ങളും ഭരണകൂടവും ഒന്നിക്കുന്ന ഈ ചരിത്ര ദൗത്യത്തിൽ അറക്കുളം ഗ്രാമപഞ്ചാത്തിൻറ സമഗ്ര വികസന രേഖ നാളെയുടെ ചിരത്രയാഥാർഥ്യമാക്കാനുള്ള ഐതിഹാസിക യജ്ഞ ത്തിൽ പങ്കാളികളാകുമെന്ന് നമുക്ക് ദൃഢപ്രിതിജ്ഞ ചെയ്യാം.




നവംബർ -1 പുനരർപ്പണദിനം

ശില്പശാല ഉദ്ഘാടനം



ശില്പശാല സദസ്സ്



വികസന ജ്യോതി



കിസ്സ് മത്സര സമ്മാനദാനം



സാമൂഹ്യ സാംസ്കാരിക ചരിത്രം

ഹരിതാഭവും നയനമനോഹരവുമായ മലകളാൽ ചുറ്റപ്പെട്ട അറക്കുളം ഗ്രാമപഞ്ചായത്തുപ്രദേശം വിനോദ സഞ്ചാരികളുടെ സ്വർഗ്ഗഭൂമിയാണ്. ദേശീയവും അന്തർദ്ദേശീയവുമായ പ്രശസ്തി ഈ പ്രദേശത്തിനുണ്ട്. തൊടുപുഴ പുളിയൻമല സംസ്ഥാന ഹൈവേ അറക്കുളത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നു. ഇടുക്കി പദ്ധതിയുടെ പ്രവേശന കവാടമാണ് അറക്കുളം. ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ മൂലമറ്റത്തുള്ള ഭൂഗർഭ പവർഹൗസ് പഞ്ചായത്തിന്റെ മധ്യത്തിലായി വരും.

ഇടത്തരം കർഷകർക്ക് ഭൂരിപക്ഷം ഉള്ളതാണ് ഈ പ്രദേശം. പ്രത്യേകിച്ചും നാണ്യവിള കൃഷി ചെയ്യുന്നവർ. ചരിത്രവും, രാഷ്ട്രീയവും, സംസ്ക്കാരവും, ഇവിടെ കെട്ടിപ്പിടഞ്ഞുകിടക്കുന്നു. പത്താം നൂറ്റാണ്ടിൽ തൊടുപുഴ ആസ്ഥാനമാക്കിയുള്ള കീഴ്മലൈ നാടിന്റെ ഭാഗമായിരുന്നു അറക്കുളം പ്രദേശം. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ഈ രാജ്യം വടക്കുംകൂറിൽ ലയിച്ചു. പതിനേഴാം ശതകത്തിൽ വടക്കുംകൂർ രാജ്യം മാർത്താണ്ഡവർമ്മ തിരുവിതാംകൂറിൽ ലയിപ്പിച്ചതോടെ ഈ പ്രദേശക്കാർ തിരുവിതാംകൂർമഹാരാജ്യത്തിലെ പ്രജകളായി. ശബരിമല ശ്രീധർമ്മശാസ്താവിന്റെ പതിനെട്ടു മലകളിൽ അറക്കുളം സമതലത്തിന്റെ ചുറ്റിലുമായികിടക്കുന്ന മലകൾ കൂടി ഉൾപ്പെടും. പതിനെട്ടു പടികൾ പതിനെട്ടു മലകളെ പ്രതിനിധീകരിക്കുന്നുവത്രെ. റ്റി. കെ വേലുപ്പിള്ളയുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ (രണ്ടാം വാല്യം പേജ് 186) പ്രകാരം പന്തളം രാജാവിന്റെ ആധിപത്യത്തിലും വരുമാനത്തിലും അറക്കുളം പ്രദേശം കൂടി ഉൾപ്പെടുന്നുണ്ട്. പന്തളം രാജാവിന്റെ വേനൽക്കാലവസതി മൂലമറ്റത്തുള്ള ഇന്നത്തെ തേക്കിൻകൂപ്പ് പ്രദേശത്തുണ്ടായിരുന്നതായി കേൾക്കുന്നു. തിരുവിതാംകൂറിലേയ്ക്കുള്ള യുദ്ധക്കടം അടയ്ക്കുവാൻ പന്തളം രാജാവ് അറക്കുളം പ്രദേശങ്ങളും, മലകളും, മലഞ്ചെരുവുകളും, അങ്കശുങ്കങ്ങളും (ആദായങ്ങളും)പൊലിക്കടങ്ങളും(സംഭാവനകളും) ശബരിമലയിലെ നടവരവും ഉൾപ്പടെ നാരായണൻ കാളിയൻ എന്ന നായർ പ്രഭുവിന് രണ്ടുലക്ഷത്തിഇരുപതിനായിരത്തിഒന്ന് രൂപക്ക് പണയപ്പെടുത്തി. ഈ രേഖ പന്തളം അടിമാന ഓലക്കരണം എന്നറിയപ്പെടുന്നു. കരം തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ പ്രസ്തുത പ്രദേശങ്ങൾ വേലുത്തമ്പിയുടെ കാലത്ത് തിരുവിതാംകൂറിനോട് ചേർത്തു.

ദേശോൽപ്പത്തിയെക്കുറിച്ച് ഐതിഹ്യങ്ങൾ പലതുണ്ട്. അടർക്കളം ലോപിച്ചതത്രേ അറക്കുളം. അറക്കുളം ധർമ്മശാസ്ത്രാക്ഷേത്ര പരിസരത്ത് നാട്ടു രാജാക്കൻമാർ ഏറ്റുമുട്ടി. അടർ (യുദ്ധം) ഉണ്ടായി. അടർ ഉണ്ടായ സ്ഥലം അടർക്കളവും കാലക്രമത്തിൽ ലോപിച്ച് അറക്കുളവുമായി. ആറു വലിയ കുളങ്ങൾ ഉള്ള പ്രദേശം അറക്കുളമായി എന്ന് മറ്റൊരഭിപ്രായം. അറക്കുളം ക്ഷേത്രസമീപം തന്നെ നാലുകുളം അടുത്തകാലം വരെഉണ്ടായിരുന്നു. അവശിഷ്ടങ്ങൾ ഇപ്പോഴും ഉണ്ട്.

അതിപുരാതനമായ ഒരു ജനവാസകേന്ദ്രമായിരുന്നു ഇവിടം. ഇപ്പോഴത്തെ അശോകക്കവല തുമ്പനൂറ് എന്നറിയപ്പെട്ടിരുന്നു. അശോകക്കവലയിലെ ശിവക്ഷേത്രത്തിന് എതിരെയുള്ള സ്ഥലത്ത് സന്യാസിമാർ തപസ്സ് ചെയ്തിരുന്നതും ശിലാപാളികൾ കൊണ്ടു മറച്ചിരുന്നതുമായ രണ്ടു മുനിയറകളും അവയുടെ മധ്യത്തിൽ ഒരു കുളവും സമീപത്ത് അഞ്ചു ശിലാവിഗ്രഹങ്ങളുമുണ്ടായിരുന്നു. മുനിയറയുടെ അവശിഷ്ടങ്ങൾ ഇപ്പോഴുമുണ്ട്. ശിവക്ഷേത്രത്തിലെ വിഗ്രഹം ഇവിടെനിന്നും കിട്ടിയതാണ്. ഇപ്രകാരം മുനിയുടെ അറയും കുളവും ഉള്ള പ്രദേശത്തിന് അറക്കുളം എന്ന പേരുണ്ടായി എന്നും പറയപ്പെടുന്നു. ഈ അഭിപ്രായം യുക്തി സഹായമായി തോന്നുന്നു.

ഏതാണ്ട് നൂറോളം വർഷങ്ങൾക്കുമുമ്പ് ഇവിടെ വസിച്ചിരുന്നവർ ദ്രാവിഡ വർഗ്ഗത്തിൽപ്പെട്ട (പട്ടികവർഗ്ഗ വിഭാഗം) ആര്യന്മാർ എന്നറിയപ്പെട്ടിരുന്ന അരയന്മാർ ആയിരുന്നു എന്നും ഐതിഹ്യം ഉണ്ട്. ഇവർ പൂച്ചപ്ര, കോളപ്ര, കരിപ്പലങ്ങാട്, എടാട്, പൂത്തോട്, കൂവപ്പള്ളി, പന്തപ്ലാവ്, മുതലായ മലഞ്ചെരുവുകളിൽ പാർത്തിരുന്നു. ഇവിടം മലമ്പനിയുടെയും, ആന, പുലി, മുതലായ വന്യജീവികളുടെയും കേളീരംഗവുമായിരുന്നു. ചില ആദിവാസികൾ ഏറുമാടങ്ങളിൽ കഴിഞ്ഞിരുന്നു. തൊട്ടുപാന്നാലെ വന്ന നായന്മാരും മറ്റും കാട്ടാനകളെ ഭയന്ന് കുന്നിൻ പുറങ്ങളിലാണ് കുടിപ്പാർത്തത്.

1853 കാലഘട്ടത്തിൽ ഹെന്റിബേക്കർ സായ്പ് എന്നറിയപ്പെടുന്ന സി. എം. എസ്. സഭയിലെ ഒരു പാതിരി ഇവിടെ ആശ്രമം സ്ഥാപിച്ച് മതപ്രചരണം നടത്തുകയും പകുതിയോളം മലയരയൻമാർ ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. എ. ഡി. 1910 വരെ ഹൈന്ദവ സംസ്ക്കാരവുമായി ബന്ധപ്പെട്ട ആരാധനാലയങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1920 ൽ പുത്തൻകുരിശുകാരനായിരുന്ന ഭക്താനന്തൻ എന്ന സന്യാസി മൂലമറ്റത്ത് തപസ്സു ചെയ്യു

കയും അദ്ദേഹത്തിന്റെ പേരുമായി ബന്ധപ്പെടുത്തി ഇന്നത്തെ ഭക്താനന്ദാശ്രമം ഉണ്ടാവുകയും ചെയ്തു. അറക്കുളം ശ്രീധർമ്മാക്ഷേത്രത്തിന് (മൂലക്ഷേത്രത്തിന്) രണ്ടായിരത്തിൽപ്പരം വർഷത്തെ പഴക്കുമുണ്ടത്രേ. ഇന്നു കാണുന്ന രീതിയിൽ ക്ഷേത്രം പൊളിച്ചുപണിതത് 1934ൽ (കൊ : വ : 1110) ആണ്. അറക്കുളത്തുനിന്നും ശബരിമലയിലേക്ക് കുറഞ്ഞ ദൂരത്തിൽ എത്താവുന്ന ഒരു മൂന്നടിപ്പാതയുണ്ടായിരുന്നുപോലും. ശബരിമല ഉത്സവം അവസാനിക്കുമ്പോൾ അവിടെനിന്നും കൊടിയും മണിയും കൊണ്ട് വന്നാണ് ധർമ്മശാസ്താക്ഷേത്രത്തിൽ ഇപ്പോഴും ഉത്സവത്തിന് കൊടി കയറുന്നത്.

ക്ഷേത്ര കാര്യങ്ങൾ നോക്കുന്നതിനും പ്രാദേശിക കാര്യങ്ങളുടെ നിർവ്വഹണത്തിനുമായി പന്തളത്തുരാജാവ് പെരുനാട്ടുകരയിൽ കോയിക്കൽ പണിക്കാരെ ചുമതലപ്പെടുത്തി. തെക്കുംചേരിൽ പമിക്കർ എന്ന് ഇവിടത്തെ കാര്യസ്ഥർ അറിയപ്പെട്ടു. ഒടുവിലത്തെ കാര്യസ്ഥൻ (ഇടപ്രഭു) അറക്കുളം പണിക്കർ എന്നറിയപ്പെട്ടിരുന്ന തെക്കുംചേരിൽ വേലായുധ പണിക്കർ ആയിരുന്നു. ഭരണകാര്യങ്ങൾക്ക് ആദിവാസികളുടെ ഇടയിൽനിന്ന് ഒരു നേതാവിനെ തെരഞ്ഞെടുത്തു. അദ്ദേഹത്തിന് കാണിക്കാരൻ എന്ന സ്ഥാനപ്പേരു കൊടുത്തു. 1965 ൽ സർക്കാർ ഭണ്ഡാര വക പാട്ടം സർവേ നടത്തി ഭൂമി അളന്നുതിട്ടപ്പെടുത്തിയപ്പോൾ ആദിവാസികൾക്ക് സർക്കാർവക ഭൂമിയിൽ എവിടെയും കൃഷി ചെയ്ത് സൈര്യമായി കഴിയാൻ അധികാരം നൽകി. നെല്ല് പയറ്, മുതിര, തെന, തുവര, മുതലായവ അവർ കൃഷി ചെയ്തു. ഉപ്പ്, പുകയില, എന്നിവ വാങ്ങാൻ മാത്രമേ ഇവർക്കു ബാഹ്യലോകവുമായി ബന്ധമുണ്ടായിരുന്നുള്ളൂ.

യുദ്ധകാലങ്ങളിൽ ഒളിവിൽ പാർക്കാൻ പറ്റിയ ഇടങ്ങൾ ഇവിടെ ഉണ്ടായിരുന്നു. കക്കാട് അള്ള് എന്നറിയപ്പെടുന്ന ഗുഹയിൽമാർത്താണ്ഡവർമ്മയെ ഭയന്ന് എട്ടു വീടരിൽപ്പെട്ട രണ്ടു പ്രമുഖയുദ്ധവീരന്മാർ ഈ ഗുഹയിൽ ഒളിച്ച് പാർത്തു. രാജഭടന്മാർ ചില സൂത്രവിദ്യകൾ പ്രയോഗിച്ച് അവരെ പിടികൂടുകയുണ്ടായി. അന്ന് അതൊരു വലിയ സംഭവമായിരുന്നു. എടാട്ടുപണിക്കർ എന്ന പേരിൽ ഒരു കുടുംബം ഇപ്പോഴത്തെ എടാട്ടുമല സ്കൂളിന് സമീപം പാർത്തിരുന്നു. പിൽക്കാലത്ത് വീട്ട്പേര് ആ പ്രദേശത്തിന്റെ പേരായി.

1900ാമാണ്ടോടെ ക്രൈസ്തവർ ഇവിടെ കുടിയേറി. മൂലമറ്റം അറക്കുളം പ്രദേശത്ത് ആയിരം ഏക്കർ സ്ഥലം ഒരു സായ്പ്പിന്റെ പഞ്ചസാരക്കമ്പനിക്ക് രാജാവ് പാട്ടത്തിന് കൊടുത്തിരുന്നു. പിന്നീട് കോട്ടയത്ത് പാലാമ്പടംകാർ അത് വാങ്ങിച്ചു. പിൽക്കാലത്ത് അവർ ചില്ലറയായി ആവശ്യക്കാർക്ക് കൊടുത്തു. മീനച്ചിൽതാലൂക്കിൽനിന്നുമാണ് കൂടുതൽ ക്രൈസ്തവരും എത്തിയത്. കുന്നേൽ കുര്യൻ, കളപ്പുര ഔത, പൈകട തൊമ്മച്ചൻ, തുരുത്തിക്കരക്കാർ, ഐപ്പൻപറമ്പിൽ കുന്നേൽ ചാക്കോ, കിഴക്കേക്കരക്കാർ, തേക്കുംകാട്ടിൽ മാത്തൻ, കട്ടക്കയം ജോൺ. ആലാനിക്കൽ മാത്തൻ, കുളത്തിനാൽ ദേവസ്യ, കയറ്റിൽക്കര ഫ്രഞ്ചു, പാലക്കാട്ടുകുന്നേൽ മത്തായി മുതലായവർ അവരിൽ പ്രമുഖരായിരുന്നു. മലമ്പനിയോടും വന്യജീവികളോടും ഉരുളപ്പൊട്ടലിനോടും മല്ലടിച്ച് ഇവർ മണ്ണിൽ പൊന്ന് വിളയിച്ചു. മലമ്പനിയും വസൂരിയും പിടിച്ച് ഈ പ്രദേശത്ത് എല്ലാ വിഭാഗത്തിലും പെട്ട ഒട്ടനവധിയാളുകൾ ചത്തൊടുങ്ങിയിട്ടുണ്ട്. ഏതായാലും മുൻപറഞ്ഞ കുടിയേറ്റം അറക്കുളം പ്രദേശത്തിന്റെ അഭിവൃദ്ധിക്ക് നാന്ദി കുറിച്ചു.

ചികിത്സാ സൗകര്യം ഒട്ടും ലഭ്യമല്ലാതിരുന്ന ഈ പ്രദേശത്ത് ആലാനിക്കൽ മാത്തൻ തന്റെ സ്വന്തം വക കെട്ടിടത്തിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചു. പിന്നീട് അത് അറക്കുളം പുത്തൻപള്ളി സ്ഥലം വാങ്ങി കെട്ടിടം പണിത് മാറ്റി സ്ഥാപിച്ച് സർക്കാരിന് വിട്ട് കൊടുത്തു. അതാണ് ഇപ്പോഴത്തെ ഗവ. ആശുപത്രി.

ജോൺ കട്ടക്കയം അദ്ദേഹത്തിന്റെ സ്വന്തം കെട്ടിടത്തിൽ ഒരു വായനശാല അറക്കുളത്ത് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

അറക്കുളത്ത് സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി 1922ൽ ആണ് പള്ളിക്ക് പ്രരംഭം കുറിച്ചത്. അന്നത്തെ അറക്കുളം പഴയപള്ളിയാണ് അത്. ശ്രീമൂലം പ്രജാസഭയിൽ എം. എൽ. സി. ആയിരുന്ന ജോൺ കട്ടക്കയം ആണ് സ്ഥലം സംഭാവന ചെയ്തത്. ഇലപ്പള്ളി, കൂവപ്പള്ളി, കണ്ണിക്കൽ മുതലായവ പ്രദേശങ്ങളിൽ സി. എസ്. ഐ. വിഭാഗക്കാർക്കുവേണ്ടി പള്ളികൾ അതിനു മുമ്പേ സ്ഥാപിച്ചിരുന്നു. ഇസ്ലാംമത വിശ്വാസികൾക്കുവേണ്ടിയും ഇവിടെ ആരാധനാലയം ഇന്നുണ്ട്. മൂലമറ്റം, പുത്തൻപള്ളി, ഇലപ്പള്ളി, ഇടാട്, കുളമാവ്, എന്നീ സ്ഥലങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി ഇന്ന് ദേവാലയങ്ങളുണ്ട്. കൂടാതെ അറക്കളം, മൂലമറ്റം കുളമാവ് മുതലായ സ്ഥലങ്ങളിൽ കന്യാസ്ത്രീ മഠങ്ങൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. SH സഭയുടെ മാനേജ്മെന്റിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ഥാപിച്ച് 100% വിജയം എല്ലാ വർഷവും നേടിവരുന്നു. എസ്. എച്ച്. സഭയുടെ മേൽനോട്ടത്തിൽ വികലാംഗരായ സാധുകുട്ടികളെ സൗജന്യമായി പഠിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

വിദ്യാഭ്യാസകാര്യത്തിൽ അറക്കുളം ഇന്ന് ധന്യമാണ്. ഈ പ്രദേശത്ത് ആദ്യം രൂപം കൊണ്ട വിദ്യാലയം എസ്. സി. വി. എൽ. പി. എസ്. എന്നറിയപ്പെടുന്ന സർക്കാർ സ്കൂൾ ആണ്. 1946ൽ ആണ് പ്രസ്തുതവിദ്യാലയം സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തത്. മുമ്പ് സൂചിപ്പിച്ച അറക്കുളം വേലായുധപണിക്കർ ആണ് ഇതിന് മുൻകൈയ്യെടുത്തത്. അത് പണിക്കർ പള്ളിക്കുടം എന്നറിയപ്പെട്ടു. നാനാജാതി മതസ്ഥരുടെയും കുട്ടികൾക്ക്

ഇവിടെ അഡ്മിഷൻ കൊടുത്തിരുന്നു എന്ന് പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ട്. വേലായുധപ്പണിക്കരുടെ സഹോദരൻ പരമേശ്വരപ്പണിക്കർ ഈ നാട്ടിലെ ആദ്യത്തെ അദ്ധ്യാപകനാണ് അറക്കുളം പഴയപള്ളിയോട് അനുബന്ധിച്ച് സെന്റ്. തോമസ് യു. പി. സ്കൂൾ ആരംഭിച്ചു. എടാട്, എലപ്പള്ളി, കൂവപ്പള്ളി പ്രദേശങ്ങളിൽ എയ്ഡഡ് പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. ഇപ്പോൾ സർക്കാർ എയ്ഡഡ് അൺ എയ്ഡഡ് മേഖലകളിൽ ഹൈസ്കൂളുകൾഉണ്ട്. ഉപരി വിദ്യാഭ്യാസത്തിന് സെന്റ്. ജോസഫ് കോളേജ് ഉള്ളതുകൂടാതെ ജോതിഭവൻ വക ഹോംസയൻസ് ഇൻസ്റ്റിറ്റ്യൂട്ടും, ബിഷപ്പ് വയലിൽ ആശുപത്രിയോടനുബന്ധിച്ച് നേഴ്സിംഗ്സ്കൂളും ഉണ്ട്.

ജനങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ ഇന്ന് വേണ്ടുവോളം ഉണ്ട്. എം. എൽ. സി. ആയിരുന്ന ജോൺ കട്ടക്കയം കുന്നത്താനിക്കൽ ഗോവിന്ദൻ നായർ അക്കുളം പണിക്കർ പാലക്കാട്ടുകുന്നേൽ മത്തായി മുതലായവരുടെ ശ്രമഫലമായി ഒരു സഹകരണസംഘം ഉണ്ടായി. അതാണ് ഇന്നത്തെ അറക്കുളം ഫാർമേഴ്സ് കോഓപ്പറേറ്റീവ്ബാങ്ക്. ജില്ലയിലെ ഏക ഫാർമേഴ്സ് ബാങ്കാണ് ഇത്. ഈ ബാങ്കിന്റെ വളർച്ചക്ക് അന്നത്തെ സെക്രട്ടറി ശ്രീ. പി. എസ്. ജോർജ് പാലക്കാട്ടുകുന്നേൽ ചെയ്ത സേവനം സ്തുത്യർഹമാണ്. കൂടാതെ മറ്റ് ബാങ്കുകളും പലതുണ്ട്. ഇടുക്കി ജില്ല ട്രഷറിയും അതിനോടനുബന്ധിച്ച് സബ്ട്രഷറിയുമുണ്ട്.

ശ്രീ അലക്സ് കട്ടക്കയം, പി. എസ്. ജോർജ് പാലക്കാട്ടുകുന്നേൽ എന്നിവരുടെ ശ്രമഫലമായി 50 ലൈനോടുകൂടിയ ടെലഫോൺ എക്സ്ചേഞ്ച് ഉണ്ടായി. ഇന്ന് അത് 1000ലൈനോടുകൂടിയ എക്സ്ചേഞ്ചായി വികസിച്ചിരിക്കുന്നു. 1954ൽ പഞ്ചായത്ത് ഭരണസംവിധാനം നിലവിൽ വന്നതോടെ അറക്കുളം പഞ്ചായത്ത് രൂപീകൃതമായി. ഇന്നത്തെ വെള്ളിയാമറ്റം വാഴത്തോപ്പ് പഞ്ചായത്തുകൾ കൂടി ഉൾപ്പെട്ടതായിരുന്നു ആദ്യത്തെ അറക്കുളം പഞ്ചായത്ത്. ഇപ്പോൾ പഞ്ചായത്തിൽ 11 വാർഡുകൾ ഉണ്ട്. ആകെ വിസ്തൃതിയാകട്ടെ 192.64 ച. കി. മീ. പഞ്ചായത്ത് രൂപീകരണത്തിൽ വില്ലേജ് ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടെ ഒരു നോമിനിയെ ഗവൺമെന്റ് തെരഞ്ഞെടുത്തു. ശ്രീ. കെ. എം. വർക്കി കിഴക്കേക്കര ആദ്യം നോമിനിയായി. തുടർന്ന് കെ. എം. വർക്കി കിഴക്കേക്കര പ്രസിഡന്റായിട്ടുള്ള ആദ്യത്തെ പഞ്ചായത്ത് സമതി നിലവിൽ വന്നു. ഈ കാലഘട്ടത്തിലാണ് വൈദ്യുതി ആദ്യമായി ഈ പഞ്ചായത്തിൽ ലഭ്യമായത്. പ്രസ്തുത കാലഘട്ടത്തിൽ ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ സർവ്വേ ജോലികൾ സി. ഡബ്ലിയു. പി. സി. യെ ഏൽപ്പിച്ചുകൊണ്ട് അതിന്റെ ഉത്ഘാടനം കേന്ദ്ര പ്ലാനിംഗ് വകുപ്പ് മന്ത്രി ഗുൽ സാരിലാൽനന്ദ 1956 ൽ മൂലമറ്റത്ത് നിർവ്വഹിച്ചു. ഈ പ്രദേശത്ത് ധാരാളം വികസനപ്രവർത്തനം നടന്നു. കാഞ്ഞാറിൽ പാലവും തുടർന്ന റോഡും ഉണ്ടായി. ബസ്സ് സർവ്വീസുകൾ തുടങ്ങി. വൈദ്യുദപദ്ധതിയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് വേണ്ടി മൂലമറ്റത്ത് കോളനിയും ഓഫീസുകളുമുണ്ടായി. കുളമാവിൽ താൽക്കാലിക ക്വാർട്ടേഴ്സുകൾ ഉണ്ടാക്കി. പോലീസ് സ്റ്റേഷൻ പോസ്റ്റാഫീസ്, സ്കൂൾ എല്ലാം ചുരുങ്ങിയ കാലത്തിനിടയിൽ ഉണ്ടായതാണ്. അറക്കുളം പഞ്ചായത്തിന്റെ നെല്ലറ എന്നറിയപ്പെട്ടിരുന്ന വൈരമണിപ്രദേശം ഡാമിലെ വെള്ളത്തിൽ മുങ്ങിപോകുമായിരുന്നതുകൊണ്ട് പ്രസ്തുതപ്രദേശത്തെ ജനങ്ങളെ ചാത്തമറ്റം, ചുരുളി, എന്നീ സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിച്ചു. ബി. ബി.സി. റോഡ്, ഇന്റർമീഡിയേറ്റ് റോഡ്, പവ്വഹൗസ് റോഡ് ഇവ ഉണ്ടായതുകൂടാതെ പഞ്ചായത്ത് മുൻകൈയ്യെടുത്ത് എടാട്, പുത്തേട്, കണ്ണിക്കൽ മൂന്നുങ്കവയൽ റോഡുകളുടെ നിർമ്മാണം ആരംഭിച്ചു. കെ. എസ്. ആർ. റ്റി. സിയുടെ ബസ്സ്റ്റേഷൻ തുറന്നു.

രണ്ടാമത് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. പി. സി. ചാക്കോ പുളിയ്ക്കൽ പ്രസിഡന്റായി പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു. പഞ്ചായത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടായി. ആയുർവ്വേദആശുപത്രി, മൃഗാശുപത്രി, ഹോമിയോ ആശുപത്രി മുതലായവയുണ്ടായി. ഇക്കാലത്താണ് ബിഷപ്പ് വയലിൽ ആശുപത്രി പ്രവർത്തനം ആരംഭിച്ചത്. കൂടാതെ പല ജില്ലാതല ആഫീസുകളും നിലവിൽ വന്നു. സാന്ദർഭികമായി പറയട്ടെ തൊടുപുഴടൗണിൽപ്പോലും റെസ്റ്റ്ഹൗസ് ഇല്ലാതിരുന്ന കാലത്ത് അറക്കുളത്ത് റസ്റ്റ്ഹൗസ് ഉണ്ടായി. ഇന്നത്തെ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത് പ്രസ്തുത റസ്റ്റ് ഹൗസിലാണ്.

മൂലമറ്റം ഭൂഗർഭ പവ്വർഹൗസിന്റെ ഉദ്ഘാടനം 1975ൽ ഇൻഡ്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി മൂലമറ്റത്ത് നിർവ്വഹിച്ചു. 1976 ജനുവരിയിൽ ശ്രീനാരായണഗുരുമന്ദിരം ഉപരാഷ്ട്രപതി ബി.ഡി. ജട്ടി ഉത്ഘാടനം ചെയ്തു. ശ്രീ. ജോസഫ് കുര്യൻ കുന്നേൽ പ്രസിഡന്റായുള്ള മൂന്നാമത്തെ പഞ്ചയത്ത് സമിതി 1979ൽ നിലവിൽ വന്നു. ഈ കാലഘട്ടത്തിൽ ഇലപ്പള്ളി, പുത്തേട്, കൂവപ്പള്ളി മുതലായ സ്ഥലങ്ങളിൽ വൈദ്യുതി എത്തിച്ചു. കെ. എസ്. ആർ. റ്റി. സി. ഡിപ്പോ പ്രവർത്തനമാരംഭിച്ചു. വിവിധ റോഡുകളുടെ പണികൾ തുടങ്ങിവച്ചു. പ്രൈവറ്റ് ബസ്സ്റ്റാൻഡ്, ഷോപ്പിംഗ് കോംപ്ലെക്സ്, കമ്മ്യൂണിറ്റിഹാൾ മുതലായവ നിർമ്മിച്ചു. അറക്കുളത്തുനിന്നും പഞ്ചായത്ത് ആഫീസ് മൂലമറ്റത്തേക്ക് മാറ്റി. മൂലമറ്റം കോട്ടമല റോഡിന്റെ നിർമ്മാണപ്രവർത്തനം അദ്ദേഹത്തിന്റെ ശ്രമഫലമായി തുടങ്ങിവച്ചു.

നാലാമത് പഞ്ചായത്ത് സമതിയുടെ പ്രസഡന്റ് ശ്രീ. കെ.എസ്. ചാക്കോ കുന്നുംപുറത്ത് ആയിരുന്നു. സംസ്ഥാനത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റുകയും ഇവിടുത്തെ ജനങ്ങളെ ആകെ ദു:ഖിപ്പിക്കുകയും ചെയ്ത സംഭവങ്ങൾ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇടുക്കി ജല വൈദ്യുദപദ്ധതിയുടെ ഭാഗമായ കുളമാവ് ഡാംനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു തൊഴിൽ സമരമുണ്ടായി. 1969 ഫെബ്രുവരി 28ന് ഉണ്ടായ പോലീസ് വെടിവയ്പ്പിൽ രണ്ട് തൊഴിലാളികൾ മരിച്ചു. മറ്റൊരു ധാരുണ സംഭവം ഉണ്ടായത് 1985ൽ ആണ്

അന്ന് ഇന്റർ മീഡിയേറ്റ് റോഡിന് മുകൾ ഭാഗത്തുണ്ടായ ഉരുൾപൊട്ടലിൽ ഓമ്പിള്ളിയിൽ ജോൺ, പാടിയിൽ ചാക്കോ എന്നിവരുടെ കുടുംബങ്ങളിൽപ്പെട്ട 7 പേർ മരിക്കുകയുണ്ടായി. മിക്ക വർഷങ്ങളിലും ഉണ്ടാകുന്ന ഉരുൾപൊട്ടലുകൾ കാർഷികമേഖലയ്ക്ക് കനത്ത നാശം ഉണ്ടാക്കുന്നുണ്ട്. മഴക്കാലം ഇവിടുത്തുകാരുടെ മനസ്സിൽ ഭയാശങ്കകളുടെയും ഭീതിയുടെയും കരിനിഴൽ വീഴ്ത്തുന്നു,. 1988ലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് ഉണ്ടായതാണ് 100ഓളം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന എ. കെ. ജി. കോളനി, റാവുത്തർ കോളനി ഉടലെടുത്തതും പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് തന്നെ ഭൂരിഭപക്ഷവും കർഷകരായിട്ടുള്ള പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യ പ്രശ്നം ഗതാഗതവും കുടിവെള്ളക്ഷാമവുമാണ്. വികസനം ഏറെ നടന്നിട്ടും വൈദ്യുതി എത്താത്ത പ്രദേശങ്ങളും ഉണ്ട്. മുത്തിയുരുണ്ട, കണ്ണമ്പടി, കോതപ്പാറ, ആശ്രമഭാഗം, പൊട്ടൻപടി മുതലായ പ്രദേശങ്ങളിൽ ഉള്ളവർ ഒറ്റപ്പെട്ട് ജീവിക്കുന്നു. കണ്ണമ്പടിയിൽ ആഴ്ചയിൽ ഒരിക്കൽ മാത്രമേ പോസ്റ്റൽ ഉരുപ്പടികൾ പോലും എത്തുന്നുള്ളു. ഉള്ള റോഡുകൾ വാഹന സഞ്ചാര യോഗ്യമല്ല. പുതിയ റോഡുകൾ അഉണ്ടാകേണ്ടത് അത്യാവശ്യമാണ്. വരും കാലത്തെ വികസനപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നത് അവികസിത മേഖലകൾ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം. ഇന്ന് കണ്ണംപടിപ്രദേശത്തുള്ളവർക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുവാൻ 6 കി. മീ. താണ്ടണം.

വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾ കക്ഷിരാഷ്ട്രീയവും ജാതിമതചിന്തകളും വെടിഞ്ഞ് എന്നും ഒറ്റക്കെട്ടാണ്. മൂലമറ്റം ഫെസ്റ്റ് ഇവിടെ ജനങ്ങളുടെ കൂട്ടായ്മയുടെ തെളിവാണ്. അടുത്ത പഞ്ചവത്സരപദ്ധതിയോടെ പ്രസ്തുത പഞ്ചായത്ത് ജില്ലയിലെ മറ്റു പഞ്ചായത്തുകളുടെ മുന്നിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

കൃഷി

അറക്കുളം പഞ്ചായത്ത് ആദ്യകാലഘട്ടത്തിൽ വനപ്രദേശവും ആദിവാസി മേഘലയുമായിരുന്നു. വനം വെട്ടിത്തെളിച്ച് കൃഷി ചെയ്യുക- പിറ്റേവർഷം ആസ്ഥലം ഉപേഷിച്ച് മറ്റൊരു പ്രദേശത്ത് കുടിയേറി കൃഷിചെയ്യുന്ന രീതിയായിരുന്നു അക്കാലത്ത് നിലനിന്നിരുന്നത്. നെല്ല്, ,കപ്പ, ചാമ, മഞ്ഞപ്പുല്ല്, മുതിര, തെന, തൊമര തുടങ്ങിയ ധ്യാന്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളുമായിരുന്നു ആദ്യകാല കൃഷിയിനങ്ങൾ.

വ്യാപകമായി കുടിയേറ്റവും സ്ഥിരതാമസവും തുടങ്ങിയതോടെ തെങ്ങ്, കുരുമുളക്, ഇവ കൃഷി ചെയ്യുകയും ഇടവിളയായി കുറുമ്പൂപ്പ് കൃഷികളായ കപ്പ, ചേന, കാച്ചിൽ, ചേമ്പ്, വാഴ മുതലായവ കൃഷിചെയ്യുകയും ചെയ്തു. സമതലപ്രദേങ്ങളിൽ പുഴയോട് ചേർന്ന ഭാഗങ്ങളിൽ ചെറിയ തോതിൽ നെൽകൃഷിയും ഉണ്ടായിരുന്നു. നെല്ലിന് മറ്റുകൃഷി കളെ അപേഷിച്ച് വിലക്കുറവും, ഒത്തൊഴിലാളി ഷാമവും, മുവാറ്റുപുഴവാലി പദ്ധതിയിൽ നെൽപാട ങ്ങൾ മുങ്ങിപ്പോയതുകൊണ്ടുമൊക്കെ ഈ കൃഷി ഇന്ന് ഈ പഞ്ചായത്തിൽ നാമാവശേഷമാ യിരിക്കുകയാണ്. ഇപ്പോൾ ഈ പഞ്ചായത്തിലെ മുഖ്യ കൃഷി തെങ്ങ്, റബ്ബർ, കാപ്പി, തേയില, ഏലം, കൊക്കോ, കമുക് മുതലായവയാണ്.

ഭൂപ്രകൃതി

അറക്കുളം പഞ്ചായത്തിനെ ഭൂപ്രകൃതി യനുസരിച്ച് പ്രധാനമായും മൂന്നായി തരം തിരിക്കാം. സമതലം, ചെരിവുള്ള പ്രദേശം, കുന്നിൻ പുറം.

കാലാവസ്ഥ

കാലാവസ്ഥയനുസരിച്ച് പഞ്ചായത്തിനെ മിത ശീതോഷ്ണ മേഖലയും ശീതോഷ്ണ മേഖലും എന്ന് രണ്ടായി തരം തിരിക്കാം.

മിതശീതോഷ്ണ മേഖലയിൽ റബ്ബറും തെങ്ങമാണ് പ്രധാന കൃഷി. ഇവിടെ ഇടവിളയായി കോക്കോ, പൈനാപ്പിൾ, കുരുമുളക്, മരച്ചീനി, കമുക് തുടങ്ങിയവ കൃഷി ചെയ്യുന്നു.

തെങ്ങ്.

ഇവിടെ തെങ്ങ് കൃഷി വ്യാപകമായി ഉണ്ടെങ്കിലും കാറ്റുവീഴ്ച, മണ്ടചീയൽ, ജലസേചനത്തിന്റെ കുറവ്, കീടങ്ങളുടെ ആക്രമണം, വേരുചീയൽ തുടങ്ങിയ രോഗം മൂലം, തെങ്ങുകൃഷിയും, കൃഷിക്കാരും പ്രിതിസന്ധിയെ നേരിടുകയാണ്.

കാലാകാലങ്ങളായുള്ള വിലയിടിവ്, വളപ്ര യോഗത്തിന്റെ അപര്യാപ്തത, അത്യുൽപാദന ശേഷിയുള്ള വിത്തുകളുടെ അഭാവം, അശാ സ്ത്രീയമായ കൃഷിരീതി, ജലസേചനത്തിന്റെ അപര്യാപ്തത, മണ്ണൊലിപ്പ്, രോഗപ്രതിരോധനട പടികളുടെ അപര്യാപ്തത, രോഗനിർണ്ണനത്തിനുള്ള കുറവ്, പുനർവായ്പാ സൗകര്യത്തിന്റെ അപര്യാപ്തത, തെങ്ങ് കയറ്റ തൊളിലാളികളുടെ ലഭ്യതകുറവ് മുതലായ കാരണങ്ങൾ തെങ്ങ് കൃഷിയിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നു.

കേട് വന്ന തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാ ദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുകയും, സാങ്കേതിക സാമ്പത്തിക, ശസ്ത്രീയ സഹായങ്ങൾ ചെയ്യുക. വളം, കീടനാശിനി, ജലസേചന സൗകര്യങ്ങൾ - വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും- ചെയ്തുകൊടുക്കുകയും, മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്താൽ നാശത്തെ നേരിട്ട്കൊണ്ടിരിക്കുന്ന ഈ കൃഷിയെ പുനരുദ്ധരിപ്പിക്കുവാൻ കഴിയും.

റബ്ബർ

അറക്കുളം പഞ്ചായത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന കൃഷിയാണ് റബ്ബർ. ഈ കൃഷിയും ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. ഇതിന്റെ

ഏറ്റവും രൂക്ഷമായ പ്രശ്നം മണ്ണൊലിപ്പാണ്. റബ്ബറിന്റെ ഇറക്കുമതി, റബ്ബറിന്റെ കുമിൾ രോഗങ്ങൾ, പട്ടമരപ്പ്, പ്രകൃതിക്ഷോഭം പ്രധാനമായും കാറ്റ്, ശാസ്ത്രീയമായ മണ്ണുപരിശോധിക്കുവാനുള്ള അസൗകര്യം, ജൈവവളത്തിന്റെ ലഭ്യതയില്ലായ്മ, രാസവളത്തി ന്റെ അമിതമായ വിലവർദ്ധനവ് എല്ലാത്തിനുമുപരി ഉല്പന്നത്തിന്റെ വിലയിലുണ്ടാകുന്ന ഏറ്റകുറച്ചിൽ ഇതെല്ലാം ഈ രംഗത്ത് കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

റബ്ബർ ക്രീപ്പ് മില്ല്, ക്രംബ് ഫാക്ടറി, റബ്ബർ പാൽ സംസ്ക്കരണ ശാലകൾ ഇവ സഹകരണ മേഘലയിലോ, പഞ്ചായത്തിന്റെ കീഴിലോ ആരംഭിച്ചാൽ മദ്ധ്യവർത്തികളെ ഒഴിവാക്കി റബ്ബറിന്റെ വിലയിടിവ് മുതലായ പ്രശ്നങ്ങൾ ഒരു പരിധവരെ നിയന്ത്രിക്കാൻ കഴിയും. ജൈവവള ഉല്പാദന യൂണിറ്റ് സ്ഥാപിച്ചാൽ രാസവളത്തിന്റെ അമിത പ്രയോഗം തടയാനും കർഷകന് ചുരുങ്ങിയ വിലവിൽ റബ്ബറിന് ജൈവവളം ഉപയോഗിക്കാനും കഴിയും

ഇടവിളകൾ

പൈനാപ്പിൾ, കമുക്, കുരുമുളക് തുടങ്ങിയവയാണ് പ്രധാന ഇടവിളകൾ. ഈ കൃഷികൾക്ക് അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയുമാണുള്ളതെങ്കിലും ഈ അനുകൂല സാഹചര്യം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാത്തത് ഈ കൃഷി നേരിടുന്ന പ്രധാന പ്രതിസന്ധിയാണ്. പ്രധാന ഇടവിളകളിൽ ഒന്നായ കൊക്കോ പനിപ്പ് രോഗം മൂലം വ്യാപകമായി കൊക്കോക്കായ്കൾ ചീഞ്ഞുപോകുന്നു. ഇത് ഈ പഞ്ചായത്തിലെ കൊക്കോ കൃഷിക്കരെ കടുത്ത പ്രതിസന്ധിയിലാക്കുന്നു.

സബ്സിഡി നിരക്കിലുള്ള സാമ്പത്തിക സഹായങ്ങൾ, ശാസ്ത്രീയമായ കൃഷിരീതികളെ പരിചയപ്പെടുത്തികൊണ്ടുള്ള ബോധവല്ക്കര ണവും നല്ലയിനം വിത്തുകൾ ലഭ്യമാക്കുന്നതി നുള്ള നടപടികൾ സബ്സിഡി നിരക്കിൽ വളം ലഭ്യമാക്കാനുള്ള സൗകര്യങ്ങളും വളരെ അത്യാവശ്യമാണ്.

ശീതോഷ്ണമേഖല

ശീതോഷ്ണ മേഖലയിലെ പ്രധാന കൃഷികൾ കാപ്പി, ഏലം, കുരുമുളക്, എന്നിവയാണ്.

കാപ്പി.

ഈ മേഖലയിലെ പ്രധാന കൃഷിയാണ് കാപ്പി. ഉത്പാദന ക്ഷമതയുള്ള വിത്തുകളുടെ അപര്യാപ്തത, സബ്സിഡി നിരക്കിലുള്ള സമ്പത്തിക സഹായ ങ്ങളുടെ അപര്യാപ്തത, ശാസ്ത്രീയമായ കൃഷിരീതികളു ടെ അഭാവം, ജലസേചന സൗകര്യങ്ങളുടെ അഭാവം. തണ്ടുതുരപ്പൻ പുഴുവിന്റെ ശല്യവും കാറ്റും, ശാസ്ത്രീയമായ വളപ്രയോ ഗങ്ങളുടെ അഭാവം എന്നിവയാണ്. ഈ മേഖലയിലെ കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

തേയില

ഈ പ്രദേശങ്ങൾ തേയില കൃഷിയ്ക്ക് വളരെ അനുയോജ്യമാണെങ്കിലും ചെറുകിട കർഷകർക്ക് സംസ്ക്കരണ, വിപണന സൗകര്യം ലഭ്യമല്ലാത്ത തുമൂലം കർഷകർ ഈ കൃഷിയിൽ വിമുഖരാണ്. ഒന്നാം വാർഡിന്റെ പുള്ളി ക്കാനം, പുളിക്കത്തടം, രണ്ടാം വാർഡിന്റെ ചെളിയ്ക്കൽ, കുമ്പങ്കാനം, മൂന്നാം വാർഡിന്റ വലകെട്ടി, കണ്ണിക്കൽ. എട്ടാം വാർഡിന്റെ പോത്തുമറ്റം, പൊട്ടൻ പടി, ഒമ്പത്, പത്ത് പതിനെന്ന് വാർഡുകൾ പൂർണ്ണംമായും തേയില കൃഷിയ്ക്ക് അനുയോജ്യമാണ്.

സഹകരണാടിസ്ഥാനത്തിൽ സംസ്ക്ക രണ വിപണന സൗകര്യങ്ങളും സാങ്കേതിക സാബത്തിക സഹായങ്ങളും ഏർപ്പെടുത്തിയാൽ ഈ കൃഷികളെ ലാഭകേരമായി നടപ്പിലാക്കാവുന്നതാണ്. മണ്ണൊലിപ്പ് തടയുന്നതിന് ഈ കൃഷി വളരെ ഫലപ്രദമാണ്.

ഏലം കുരുമുളക്.

1950 കളിൽ കേരളത്തിലെ ഏറ്റവും വലിയ കുരുമുളക് ഉദ്പാദന മേഖലയായിരുന്നു അറക്കുളം പഞ്ചായത്ത്. കുരുമുളക് കർഷകരെ ഏറ്റവും കൂടുതൽ ദോഷമായി ബാധിക്കുന്ന രോഗമാണ് ദ്രുത്രവാട്ടവും, വേര് ചീയലും, ഇത്മൂലം ഈ കൃഷിനാമാവശേഷമായിരിക്കുന്നു.

ശാസ്ത്രീയമായി ഈ കീടബാധയെ ഫലപ്രദമായി തടയുവാനും, യുദ്ധകാലാടിസ്ഥാനത്തിൽ വളം, കീടനാശിനി തുടങ്ങിയവ കർഷർക്ക് എത്തിച്ചുകെടുക്കുകയും ചെയ്തെങ്കിൽ മാത്രമേ നാമാവശേഷമായ ഈ കൃഷിയെ പുനുജ്ജീവിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതിന് വേണ്ട സഹായങ്ങൾ ഗവർമെൻറ് ഭാഗത്ത് നിന്നും ഉണ്ടാകണം. പുനർ കൃഷിയ്ക്ക് സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യണം.

ഏലത്തിന്റെ വിലയിടിവാണ് ഇതിന്റെ പ്രധാന പ്രശ്നം. ജലസേചന സൗകര്യത്തിന്റെ കുറവ്, തണ്ട് ചീയൽ എന്നിവ ഇതിനെ പ്രധാനമായി ബാധിക്കുന്നു. സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായങ്ങൾ നൽകിയും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഈ കൃഷി പുനരുദ്ധരിക്കാം.

കുറുമ്പൂപ്പ് കൃഷി.

ഇതിൽ പ്രധാനമായും ഇഞ്ചി, കപ്പ, വാഴ, മഞ്ഞൾ, ചേന തുടങ്ങിയ കൃഷികൾ ഇപ്പോൾ നാമാവഷേഷമായികൊണ്ടിരിക്കുകയാണ്. ഈ കൃഷിയെ ഉദ്ധരിക്കുവാനും പരിപോഷിപ്പിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ സാമ്പത്തികസഹായങ്ങളും, ഉൽപാദനക്ഷമതയുള്ള വിത്തിനങ്ങളും, സാങ്കേതിക വൈവിദ്ധ്യങ്ങളും വളരെയത്യാവശ്യമാണ്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സഹായകമായിരിക്കും.

പച്ചക്കറി – പുഷ്പകൃഷി

ഈ പഞ്ചായത്തിലെ എട്ടും ഒമ്പത വാർഡുകൾ പൂർണ്ണമായും, അരക്കുളം മൂലമ പ്രദേശങ്ങളും ഈ കൃഷിയ്ക്ക് വളരെയ യോജ്യമായ മേഖലയാണ്. ഇതിനാവശ്യമാ പരിശീലനവും, സാങ്കേതിക ഉപദേശവും, സാബത്ത സഹായവും നൽകുയാണെങ്കിൽ ഈ കൃഷി വള ലാഭകരമായി നടത്താവുന്നതാണ്. പഞ്ചായത തലത്തിൽ പുഷ്പങ്ങൾ ശേഖരിക്കു വാനു വിപണനം നടത്തുവാനുമുള്ള സംവിധാനം വേണ

അറക്കുളം പഞ്ചായത്തിൽ പച്ചക്കറികൃഷ ഇല്ലെന്ന് തന്നെ പറയാം. പച്ചക്കറി കൃഷി ലാഭകരമാ നടത്തുന്നതിന് പറ്റിയ കാലാവസ്ഥയു ഭൂപ്രകൃതിയുമാണ് ഈ പഞ്ചായത്തിന് ഉള്ളത പച്ചക്കറി കൃഷിയ്ക്ക് പറ്റിയ ഇനം വിത്തുകളു അഭാവവും സാങ്കേതിക പരിജ്ഞാനമില്ലായ്മയും ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന ഘടകങ്ങളാണ്. സർക്കാർ വക ഭൂമികൾ ധാരാളമാ ഉള്ള ഈ പ്രദേശത്ത് സഹകരണാടി സ്ഥാനത്തിൽ വ്യാപകമായി ഈ കൃഷി നടത്താവുന്നതാണ്. കൂടാതെ അടുക്കളതോട്ട ങ്ങളായും ഈ കൃഷി വളരെ നല്ല രീതിയിൽ നടപ്പിലാക്കാവുന്നതാണ്. ഇതിന് വേണ്ട വിത്തിനവും വളവും കുറഞ്ഞനിരക്കിൽ ലഭ്യമാക്കിയാൽ ഇവിടെയൊരു പച്ചക്കറി വിപ്ലവം തന്നെ സൃഷ്ടിക്കാവുന്നതാണ്. ഈ പ്രശ്നങ്ങളെ വളരെ ഗൗരവമായി കണ്ട് ഇതിന് വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കണം. ഇതുമൂലം ഈ പഞ്ചായത്ത് നിവാസികൾക്ക് സാമ്പത്തികപരമായും ആരോഗ്യപരമായും മുന്നേറാൻ കഴിയും. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക മേളകൾ സംഘടിപ്പിച്ച് അവാർഡ് ദാനങ്ങൾ പോലുള്ള സംരഭംങ്ങൾ ഏർപ്പെടുത്തിയാൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ അടക്കമുള്ള ജനങ്ങളെ ഈ കൃഷിയിൽ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതാണ്.

ഔഷധച്ചെടികൾ

ഒരു കാലത്ത് ഈ പഞ്ചായത്തിൽ വ്യാപകമായുണ്ടായിരുന്ന ഔഷധച്ചെടികൾ ഇന്ന് വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ഔഷധച്ചെടികളെക്കുറിച്ചുള്ള അജ്ഞതയും ഇതിന് പ്രധാന കാരണങ്ങളാണ്. സമൂഹം നേരിടുന്ന പല രോഗങ്ങളിൽ നിന്നും ആൻറിബയോട്ടിക്കുകളുടെ പിടിയിലമർന്ന സമൂഹത്തെ ആയുർവേദപരമായും പ്രകൃതിപരമായും ചികിത്സിക്കുവാനും പറ്റിയ ഔഷധച്ചെടികൾ ഇവിടെ ധാരാളമായുണ്ട്. ഇവ കണ്ടെത്തുകയും നട്ടുവളർത്താനുള്ള ബോധ വൽക്കരണം നടത്തുകയും ചെയ്താൽ ഇവിടുത്തെ ജനങ്ങളെ സാമ്പത്തികമായും ആരോഗ്യപരമായും സംരക്ഷിക്കുവാൻ കഴിയുന്നതാണ്. അതോടൊപ്പംതന്നെ പാരമ്പര്യ ആയുർവേദ വിഷചികിൽസകരെ കണ്ടെത്തി പ്രത്സാഹിപ്പിക്കുകയും പുതിയ തലമുറകളിലേയ്ക്ക് പകർന്നുകൊടുക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

നെൽകൃഷി

അറക്കുളം ഗ്രാമപഞ്ചായത്തിൽ ഇന്ന് നെൽകൃഷി നാമമാത്രമായ മേഖലകളിൽ മാത്രമാണുള്ളത്. അറക്കുളം, മൂലമറ്റം, കുളമാവ് തുടങ്ങിയ മേഖലകളിൽ മുമ്പ് വ്യാപകമായ രീതിയിൽ ഈ കൃഷിയുണ്ടായിരുന്നു. എന്നാലിന്ന് കുളമാവിലെ കുറച്ച് മേഖലകളിൽ മാത്രമാണ് ഈ കൃഷിയുള്ളത്. ഈ കൃഷി ലാഭകരമല്ലാന്നതാണ് പ്രധാനമായും നെൽകൃഷിയിൽ നിന്നും കർഷകരെ പിന്തിരിപ്പിച്ചത്. ആവശ്യമായ വിദഗ്ദോപദേശങ്ങളും മറ്റു സഹായങ്ങളും ലഭ്യമാക്കിയില്ലെങ്കിൽ നിലവിലുള്ള കൃഷികൂടി ഇല്ലാതാകുന്നയവസ്ഥയാണ്.

കാർഷിക വികസനസമിതികൾ

കേര വികസനസമിതികൾ

ഈ പഞ്ചായത്തിൽ കൃഷിഓഫീസിൻെറ കീഴിലായി കേര വികസന സമിതി പ്രവർത്തിക്കുന്നു. കൃഷിഭവനുകീഴിൽ പഞ്ചായത്തിലെ പ്രദേശം മുന്നൂറോളം ചെറുതും വലുതുമായ കേരകർഷകരെ കൂട്ടി സമിതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അറക്കുളം പഞ്ചായത്തിലെ അന്യം നിന്നു പോകുന്ന തെങ്ങുകൃഷിയെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിൻെറ കീഴിൽ തെങ്ങു വെട്ടി മാറ്റി തൈവയ്ക്കുന്നതിന് കുളം കുഴിച്ച് പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും സാമ്പത്തിക സഹായം ഈ സമതിമുഖേന ലഭിക്കുന്നുണ്ട്. എങ്കിലും ഭൂരിപക്ഷം കർഷകർക്കും ആവശ്യമായ സഹായം എത്തിക്കാൻ ഈ സമതിയ്ക്ക് കഴിയുന്നില്ല എന്ന കുറവ് നിലനില്ക്കുന്നു.

പാടശേഖര വികസനസമിതി

പഞ്ചായത്തിലെ അന്യം നിന്നുപോകുന്ന പാടശേഖരങ്ങളെ സംരക്ഷിക്കുവാനും കൂടുതൽ വിളവ് ലഭിക്കുവാനും വേണ്ടി രൂപം കൊടുത്ത ഈ സമിതി ഇന്ന് യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഈ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ നെല്ല് കൃഷി കൂടുതൽ കാര്യക്ഷമമാക്കുവാനും വിപുലമായി നടത്തുവാനും കഴിയും.

കുരുമുളകു വികസന സമിതി

കുരുമുളകു വികസന സമിതികൾ എല്ലാ വാർഡിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈ സമിതികൾ യാതൊരുപ്രവർത്തനവും ഈ പഞ്ചായത്തിൽ നടത്തുന്നില്ല. ഇതിനുവേണ്ടി കിട്ടുന്ന വളവും മരുന്നും ഉദ്യോഗസ്ഥൻമാരും ഇടനിലക്കാരുംകൂടി ചേർന്ന് വീതം വെയ്ക്കുന്ന തായി കർഷകർക്ക് ആക്ഷേപം ഉണ്ട്. അറക്കുളം ഗ്രാമപഞ്ചായത്തിൽ വിളനാശത്തെ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കൃഷിയെ സംരംക്ഷിക്കുന്നതിന് കഴിയണമെങ്കിൽ ഈ വികസനസമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

അറക്കുളം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കർഷകരേയും അംഗങ്ങൾ ആക്കികൊണ്ട് ഈ വികസനസമിതികളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുകയും ആവശ്യമായ സഹായം മുഴുവൻ കർഷകർക്കും എത്തിക്കുകയും ചെയ്യണം. കൃഷി ഡിപ്പാർട്ടുമെൻറുംമായി ബന്ധപ്പെട്ട് വിദഗ്ദ്ധസമിതി രൂപീകരിച്ച് ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും കർഷകർക്ക് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

മഴയുടെ അളവ് മി.മി (Rain Falldata CWdrdm)

വർഷം	ജനു	ഫെ.	മാർ	ഏപ്രി.	മെയ്	ജൂൺ	ജൂലൈ	ഓ	സെ.	ഒക്.	നവ.	ഡി.
1991	–	–	–	8	64	1105.1	1008.4	493	84	394	108.6	5
1992	–	–	9	107	168.3	1463.7	1084.5	803.1	217.9	361.7	358.2	7
1993	–	9.4	18.3	98.5	169.4	897.8	806.1	439.3	215.7	613.9	206.1	14.3
1994	–	–	–	361.8	204.1	968.5	993.2	806.2	218.1	438.2	77.6	–
1995	2.1	–	4.6	28.3	487	967	892.3	477	312.3	203.1	195	–

ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

	എണ്ണം	ദൂരം
1. മൂവാറ്റുപുഴയാറ്		5 K.M.
2. നച്ചാർ		5 K.M.
3. തോടുകളും അരുവികളും		33 K.M.
4. കുളങ്ങളും കിണറുകളും	208	
5 കുഴൽ കിണർ	14	
5. ജലസംഭരണി	2	

കൃഷിഭവൻ

തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം പരിമിതമായ തോതിലേ ഉണ്ടായിട്ടുള്ളൂ. ഒരു കൃഷി ആഫീസറും നാല് കൃഷിയസിസ്റ്റന്റും ഉള്ള കൃഷിഭവന്റെ സേവനം പൂണ്ണമായതോതിൽ കർഷകർക്ക് ലഭിക്കുന്നില്ല. ഈ കൃഷിഭവനിൽ ആവശ്യത്തിന് ഉദ്യോഗസ്ഥൻമാർ ഇല്ലാത്തതു കൊണ്ട് പല സന്ദർഭങ്ങളിലും അവരുടെ സേവനം ഈ പഞ്ചായത്തിലെ ചെറുകിട കർഷകർക്ക് ലഭിക്കാതെ പോകുന്നു. നാളിതുവരെയായി ഈ കൃഷിഭവനിൽ നിന്നും ചെറുകിട കർഷകർക്ക് അനുവദിക്കുന്ന വിത്തുകളും വളങ്ങളും പഞ്ചായത്തിലെ എല്ലാ കർഷകർക്കും ശരിയായ അളവിൽ ലഭിക്കുന്നില്ല. ദുരിതാശ്വാസ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുന്നതായി പരാതികളും ഉണ്ട്. ഇത്തരം കാര്യങ്ങളിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടത് അനിവാര്യമായിരിക്കുകയാണ്.

പട്ടിക 1
കൈവശ ഭൂമിയുടെ വിസ്തീർണ്ണം

No.	ദൂരപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം ഹെക്ടറിന്	ശതമാനം
1.	1 ഹെക്ടറിൽ താഴെ	2444	1653	29.1
2.	1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയിൽ	1683	2411	42.44
3.	2 ഹെക്ടറിനു മുകളിൽ	315	1526	26.85
	കോളനി, ലക്ഷംവീട്, പൊതുസ്വത്ത്	–	91.5	1.61
	ആകെ	4442	5681.5	100

പട്ടിക 2
ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
നിലം	43	0.76
പുരയിടം	3338.5	58.76
കൃഷിയോഗ്യമായ തരിശ്	800	14.08
കൃഷിയോഗ്യമല്ലാത്ത തരിശ്	1500	26.4
ആകെ	5681.5	100

പട്ടിക 3
ഭൂവിനിയോഗം


No.	ഇനം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	തെങ്ങ്	444	13.13
2.	റബ്ബർ	1852	54.77
3.	കുരുമുളക്	290	8.54
4.	നെല്ല്	43	1.27
5.	കശുമാവ്	48	1.42
6.	ഏലം	125	3.7
7.	കമുക്	18	0.53
8.	മിശ്രവിളകൾ	561.5	16.64
9.	കാപ്പി, തേയില, കൊക്കോ		
	ആകെ	3381	100

പട്ടിക 4
മണ്ണിനങ്ങൾ

No.	ഇനം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	ചരൽ കലർന്ന മണ്ണ് M.V.I.P. ഭൂമി ഉൾപ്പെടെ	4757	24.69
2.	കറുത്ത മണ്ണ് വനമണ്ണ് , ഇടുങ്ങിയ തടാകംഉൾപ്പെടെ	143	0.75
3.	വനമണ്ണ് ഇടുക്കി തടാകം ഉൾപ്പെടെ	9231	47.92
4.	വനഭൂമി ഉൾപ്പെട്ട കൃഷിയിടങ്ങൾ .	1112	5.77
5.	ചെമ്മണ്ണ്	781.5	4.05
6.	തരിശുമണ്ണ് പുറമ്പോക്ക് ഉൾപ്പെടെ	2753.5	14.3
7.	പാറക്കെട്ട് തോടുകൾ, പുഴ	486	2.52
	ആകെ	19264	100

പട്ടിക 5
ഭൂപ്യകൃതി

No.	ഇനം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
1.	സമതലം	318.5	1.65
2.	മിതമായ ചരിവുള്ള പ്രദേശം	1788	9.28
3.	കുത്തനെ ചരിവുള്ള പ്രദേശം	3575	18.56
4.	കൈവശ വനഭൂമി	1112	5.77
5.	വനഭൂമി കുളമാവ് തടാകം ഉൾപ്പെടെ	9231	47.92
6.	തരിശു, പുറമ്പോക്ക്	2753.5	14.3
7.	പാറക്കെട്ട് തോടുകൾ, പുഴ	486	2.52
	ആകെ	19264	100



കർഷകരെ ആദരിക്കുന്നു.

കുടിവെള്ളം

മനുഷ്യ ജീവന്റെ നിലനിൽപ്പിന് ഏറ്റവും അടിസ്ഥാനമായ ഘടകങ്ങളിൽ ഒന്നാണ് ശുദ്ധജലം. അറക്കുളം പഞ്ചായത്തിന്റെ മലനിരകളിൽ ശുദ്ധജലശ്രോതസ്സുകൾ ഉണ്ട്. പക്ഷേ അവയെ വേണ്ടവിധം വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

കുടിവെള്ളത്തിന്നായി പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് നീരുറവകളെയാണ്. നീരുറവകളിൽനിന്നും ഓഫോസുകൾ റബ്ബർറ്റ്യൂപ് ഉപയോഗിച്ച് താഴ്ന്ന പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്നു. പഞ്ചായത്തിലെ ചുരുക്കം ചില പ്രദേശങ്ങളിൽ ടാങ്കുകൾ കെട്ടി പൈപ്പുകളിലൂടെ കുടിവെള്ളം എത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ വിസ്തൃതിയുടെ 60% രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ്.

ഈ പഞ്ചായത്തിൽ 148 ടാപ്പുകളും 14 കുഴൽകിണറുകളും, 18 പൊതുകിണറുകളും ഉണ്ടെങ്കിലും ഇതിൽ പകുതിയോളം ഉപയോഗശൂന്യമായികിടക്കുന്നു. കേരളാ വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണ പദ്ധതി 4ാം വാർഡായ അറക്കുളത്ത് പ്രവർത്തിക്കുന്നുണ്ട്. കുടിവെള്ളം ശേഖരിക്കുന്നതിനായി 3 കിലോമീറ്ററുകൾ ആളുകൾ നടന്നുപോകേണ്ട അവസ്ഥയാണ് നിലവിലുള്ളത്. പഞ്ചായത്തിൽ പൊതുവേ ജലജന്യരോഗങ്ങൾ കുറവാണെങ്കിലും മഞ്ഞപ്പിത്തം, വയറുകടി പോലുള്ള രോഗങ്ങൾ കൂടിവരുന്നു.

കുടിവെള്ള ക്ഷാമസാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1-ാം വാർഡ്

ഈ വാർഡിലെ മിക്ക പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. കുടിവെള്ളത്തിന്നായി കിലോമീറ്ററുകളോളം ആളുകൾക്ക് യാത്ര ചെയ്യേണ്ടതായി വരുന്നു.

ഈ വാർഡിലെ നീർമറിപ്രദേശമായ ഇടാട്, പുളിക്കത്താനം, പുള്ളിക്കാനം, ഇടാട്-മൂട്ടം എന്നീ പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് പൈപ്പ് ഇട്ടാൽ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഇടാട്-മൂട്ടം ഭാഗത്ത് ചെക്ക്ഡാം നിർമ്മിച്ച് വെള്ളം ശുദ്ധീകരിച്ച് പൈപ്പ്ലൈൻ ഇട്ടാൽ സമീപവാർഡായ ഇടാട്ടെയും, ഇലപ്പള്ളിയിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. ഈ വാർഡിലെ പൊതികിണർ പുതുക്കിപ്പണിയേണ്ടതുണ്ട്. പുള്ളിക്കാനം ഭാഗത്ത് കുഴൽക്കിണർ അത്യാവശ്യമാണ്.

വാർഡ്-2

ഈ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകളിൽ ഒന്നാണ് ഇത്. പെരിങ്ങാട്, ചേന്നപ്പാറ, ഇലപ്പള്ളി തോട്ടംഭാഗം, ഇലപ്പള്ളി ടൗൺ, അതര് എന്നീ ഭാഗങ്ങളിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.ചെളിയ്ക്കൽ-പാറംതിണ്ണ ഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ ഇട്ടാൽ പകുതിയിലേറെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. പെരിങ്ങാട് പ്രദേശത്ത് ടാങ്ക് നിർമ്മിച്ചാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. ഒന്നാം വാർഡിലെ പദ്ധതി നടപ്പിലാക്കിയാൽ 2ാം വാർഡിൽ ജലദൗർല്ലഭ്യം പരിഹരിക്കാവുന്നതാണ്. തോട്ടം മേഖലയിലും, ടൗണിന്റെ താഴെ ഭാഗത്തും കുഴൽക്കിണറുകൾ അത്യാവശ്യമാണ്.

വാർഡ്-3

ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന സ്കീമുകൾ നടപ്പിലാക്കണം.

1. ഇന്ന് പുത്തോട് നിലവിലുള്ള വാട്ടർഅതോറിറ്റിയുടെ സ്കീം പുനരുദ്ധാരണപ്രവർത്തനം നടത്തി കൂടുതൽ കാര്യക്ഷമമാക്കുക.

2. രണ്ടാം വാർഡിൽപ്പെട്ട ഗ്രീൻവാലി എന്ന സ്ഥലത്ത് വർഷം മുഴുവൻ ജലം ലഭ്യമാണ്. ജലസംഭരണി, ശുദ്ധീകരണശാല, തുടങ്ങിയഴ നിർമ്മിച്ചാൽ കണ്ണിയ്ക്കൽ, പുത്തോട് എന്നീ സ്ഥലങ്ങളിൽ സുലഭമായി കുടിവെള്ളം ലഭ്യമാക്കുവാൻ ഒരു മേജർ ശുദ്ധജലവിതരണ പദ്ധതി ആവർത്തനച്ചിലവില്ലാതെ നടപ്പിലാക്കാവുന്നതാണ്.

3. അറക്കുളം ആറ്റിൽനിന്നും വെള്ളം പമ്പ് ചെയ്ത് ടാങ്ക് നിർമ്മിച്ച് അതിൽ സംഭരിച്ചാൽ മുന്നുങ്കവയൽ, മണപ്പാടി എന്നീ ഭാഗങ്ങളിലെ കുടിവെള്ളം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്.

4. വലകെട്ട് ഭാഗത്ത് ചെറിയ കുളങ്ങൾ നിർമ്മിച്ച് പൈപ്പിട്ടാൽ കൂവപ്പള്ളി, മുഗൽ ഭാഗം, സിയോൻകുന്ന് എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. ഈ പദ്ധതിക്ക് ഏ.ക പൈപ്പ് മാത്രമേ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ.

5. ഇപ്പോൾ നിലവിലുള്ള വലകെട്ട് വാട്ടർ സപ്ലൈ

സ്കീമിൽ പുതിയതായി മൂന്ന് ബ്രക്ക് പ്രഷ്പർ ടാങ്കുകൾ നിർമ്മിക്കണം.

6. കൂവപ്പള്ളി മുകൾഭാഗം, ഇല്ലിക്കാല, മണപ്പാടി പുത്തോട് റോഡിൽ പാറമടഭാഗത്തും ഓരോ കുഴൽക്കിണറുകൾ അത്യാവശ്യമാണ്.

വാർഡ്–4

ഈ വാർഡിൽ നിലവിലുള്ള ജലവിതരണ പദ്ധതി വളരെ പഴയതാണ്. ഇതിന് ഉപയോഗിച്ചിരിക്കുന്ന എ. സി. പൈപ്പുകൾ കാലഹരണപ്പെട്ടതായതിനാൽ ജലവിതരണം ക്രമമായി മുടങ്ങാറുണ്ട്. നിലവിലുള്ള എ. സി. പൈപ്പുകൾ മാറ്റി പി. വി. സി. പൈപ്പ് സ്ഥാപിക്കുകയും ശാത്രീയമായ രീതിയിൽ നിലവിലുള്ള വിതരണപദ്ധതി പുനരാവിഷ്ക്കരിക്കുകയും ഒരളവുവരെ ജലക്ഷാമം പരിഹരിക്കാം. ആഡിറ്റ് ജംഗ്ഷനിലുള്ള കുളം നന്നാക്കി കല്ലാനികോളനി തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് പൈപ്പുകൾ സ്ഥാപിക്കണം. നിലവിലുള്ള വെള്ളിയാമറ്റം പദ്ധതിയിൽനിന്നും കോട്ടയം മുന്നിഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കണം. ആലാനികോളനി, കോട്ടയംമുന്നി, അഞ്ചാനികോളനി, സെന്റ്. ജോസഫ് എൽ. പി. സ്കൂളിന് സമീപം, മൈലാടി, ഞരളംപുഴ, 12ാം മൈൽ, തുടങ്ങിയ സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം.

വാർഡ്–5

നാടുകാണി പ്രദേശത്ത് ഒരു കുളവും, ടാങ്കും നിർമ്മിച്ച് ഐകാട്, കരിപ്പലങ്ങാട്, ഇന്റർമീഡിയേറ്റ് റോഡിനു മുകളിലുള്ള ഭാഗത്തെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ സാധിക്കും. കനാലിൽനിന്നും വെള്ളം പമ്പ് ചെയ്ത് ആഡിറ്റ് പ്രദേശത്ത് ടാങ്ക് സ്ഥാപിച്ച് താഴ്ഭാഗത്തേക്ക് പൈപ്പ്ലൈനുകൾ സ്ഥാപിച്ചാൽ മൂലമറ്റം ടൗൺ ഉൾപ്പെടെയുള്ള പ്രദേശത്തെ ജലവിതരണം സുഗമാക്കാൻ സാധിക്കും. കരിപ്പലങ്ങാട്, ആഡിറ്റ്റോഡ്, കുരുതിക്കളം, എ. കെ. ജി. നഗർ, അയ്യകാട്, ആശേകകവല തുടങ്ങിയ സ്ഥലങ്ങളിൽ കുഴൽകിണർ സ്ഥാപിക്കണം. 8ാാം വാർഡിലെ പോത്ത്മറ്റത്ത് സ്കീം ഉണ്ടാക്കി നാടുകാണിയിൽ എത്തിച്ചാൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കാവുന്നതാണ്.

വാർഡ്–6

നിലവിലുള്ള കെ. എസ്. ഇ. ബി. വാട്ടർ സപ്ലൈ സ്കീമിൽനിനിനും സമീപ പ്രദേശങ്ങൾക്ക് ജലവിതരണം നടത്തുന്നതിന് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കണം. കൂടീതെ തേക്കിന്റെ കുപ്പിന്റെ ഇരു വശങ്ങളിലും ഓരോ കുഴൽക്കിണറുകൾ സ്ഥാപിക്കുക.

വാർഡ്–7

ഈ വാർഡിലെ നീർമറി പ്രദേശങ്ങളായമേമുട്ടംപതിക്കൽ, ഞരളക്കാവ് തുടങ്ങിയ പർദേശങ്ങളിലെ ജല സ്രോതസ്സുകൾ വേണ്ടവിധം പ്രയോജനപ്പെടുത്തിയാൽ ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ചേറാടി, കടുകനാൽ തുടങ്ങിയ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കും. ഇപ്പോൾ നിലവിലുള്ള സ്കീമിന് ആവശ്യമായ പുനരുദ്ധാരണപ്രവർത്തനങ്ങൾ അടിയന്തരമായി നടത്തേണ്ടതാണ്. പതിപ്പള്ളിസ്കൂളിന് സമീപത്തും ചേറാടിയിലും കുഴൽക്കിണറുകൾ അത്യാവശ്യമാണ്.

വാർഡ്–8

ഈ വാർഡിൽ കിണറുകൾ സ്ഥാപിക്കുകയും ചെറിയ ടാങ്കുകൾ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഉണ്ടാക്കുകയും ചെയ്താൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. പോത്തുമറ്റം കൊപ്രാക്കളം റോഡ് അവസാനിക്കുന്ന ഭാഗത്തുള്ള ടാങ്ക് സംഭരണശേഷി കൂട്ടിപ്പൈപ്പുകൾ സ്ഥാപിച്ച് വിപുലീകരിക്കുക. പോത്തുഭാഗത്തെ നിർമറിപ്രദേശത്ത് കുളം കുഴിച്ച് പൊട്ടംപടിയുടെ മുകൾനിരപ്പിൽ ടാങ്കു പണിതാൽ ഈ വാർഡിന്റെ ആശ്രമം ഭാഗത്ത് കുടിവെള്ളം എത്തിക്കുവാൻ സാധിക്കും.പുതുപ്പള്ളിയിലുള്ള സ്കീമുകൾ ഈ വാർഡിനും ഉപയോഗപ്പെടുത്താവുന്നതാണ്.

വാർഡ്–9

ഈ വാർഡിനെ നാല് ഭാഗമായി തിരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കണം.

1. വലിയമാവ് ടൈസൻ കോളനി:– ഇവിടെ നീരുറവകൾ ധാരാളം ഉള്ളതുകൊണ്ട് കുളങ്ങൾ നിർമ്മിച്ചാൽ ജലവിതരണം സുഗമമായി നടത്താം.

2. മുത്തിയുരുണ്ടയാർ :– ഇടുക്കി റോഡിനോട് ചേർന്ന് കുളംകുഴിച്ച് ജലവിതരണം നടത്താവുന്നതാണ്. കൂടാതെ അംഗൻവാടിക്ക് അടുത്ത്കുളം കുഴിക്കുന്നതിനും ജലവിതരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കണം മുത്തിയുരുണ്ടയാർ കിഴക്ക് ധാരാളം നീരുറവകൾ ഉണ്ട്. ഇവിടെയും കുളം കുഴിച്ച് കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്.

3. കുളമാവിൽ കേരിമുകളിൽ കുളം കുഴിച്ചും കലം കമത്തിയുടെ താഴെ ഭാഗത്ത് ഒരു പമ്പ്ഹൗസ് സ്ഥാപിച്ച് ജലവിതരണം നടത്തിയാൽ ആ പ്രദേശത്തെ 80% ആളുകൾക്കും എട്ടാം വാർഡിന്റെ ഉയർന്ന പ്രദേശത്തും ജലവിതരണം നടത്താവുന്നതാണ്. ഉടുസ എസ്. സി. കോളനി, കപ്പക്കാനം മുല്ലക്കാനം, ചക്കിമാലി എന്നീ പ്രദേശങ്ങളിൽ

ഓരോ കുളം കുഴിച്ചാൽ ആ പ്രദേശങ്ങളിലേയും ജലക്ഷാമം പരിഹരിക്കാം.

വാർഡ്10–11

ഇവിടെ ജല സ്രോതസ്സുകൾ ധാരാളം ഉണ്ടെങ്കിലും ക്രമമായ പദ്ധതികൾ ഇല്ലാത്തതുകൊണ്ട് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ചെക്കുഡാമുകൾ നിർമ്മിക്കുക, കുളങ്ങൾ സ്ഥാപിക്കുക, കോതപാറജലസേചനപദ്ധതി നടപ്പിലാക്കുക. അണ്ടർഗ്രൗണ്ട്, ഫെറോസിറന്റ് വാട്ടർടാങ്ക്പദ്ധതി എന്നിവമൂലം ഈ വാർഡുകളിലെ ക്ഷാമം വലിയ ഒരളവു വരെ പരിഹരിക്കാവുന്നതാണ്.

പൊതുനിർദ്ദേശങ്ങൾ

1. അണ്ടർഗ്രൗണ്ട് ഫെറോസിമന്റ് വീട്ടർടാങ്ക് പദ്ധതി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും നടപ്പിലാക്കുക.

2. നീർമറിപ്രദേശങ്ങൾ സംരക്ഷിതമേഖലയായി പരിരക്ഷിക്കുക.

3. ചെരിവ് സ്ഥലങ്ങളിൽ ബണ്ഡുകളും, തടയിമകളും നിർമ്മിച്ച് കുളം, കിണർ എന്നിവയിലെ ജലസംഭരണം ശക്തിപ്പെടുത്തുക. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുക.

4. ചെറിയ പ്രദേശങ്ങളിൽ ചെറിയ കുഴികൾ കുത്തി മഴവെള്ളം സംഭരിച്ച് കിമറുകളിലെയും തോടുകളിലെയും ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

സർക്കാർ സഹായത്തോടെ
പൂർത്തിയാക്കിയ ജലസംഭരണികൾ

1	കിണറുകൾ	48
2	കുളങ്ങൾ	19
3	വാട്ടർ ടാങ്കുകൾ	21
4	പമ്പ് ഹൗസകൾ	8
5	പമ്പ് സെറ്റുകൾ	92
6	ജലസേചനവും നടത്തിയ കൃഷി ഭൂമിയുടെ അളവ്	514 ഏക്കർ

ആരോഗ്യരംഗം

1954 വരെ അറക്കുള പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ പൊതുജനാരോഗ്യ പരിപാലനത്തിനാ വശ്യമായ സവിധാനങ്ങൾ ഒന്നു ഉണ്ടായിരുന്നില്ല. ആ കാലഘട്ടങ്ങളിൽ മലയോരപ്രദേശങ്ങളിൽ വസിച്ചിരുന്ന ജനങ്ങൾ ഒറ്റമൂലി ചികിത് സയുൾപ്പെടെയുള്ള പാരമ്പര്യ ചികിത്സാവിധികൾ അവലമ്പിച്ചിരുന്നു. വേണ്ടത്ര പ്രോത്സാഹന ലഭിക്കാത്തതുകൊണ്ട് പാരമ്പര്യ ചികിത്സാരഗ തകർച്ചയെ നേരിടുന്നുണ്ട്. വിഷചി കിത്സയിലു, മഞ്ഞപ്പിത്ത പോലുള്ള രോഗങ്ങൾ നിർമ്മാർജ്ജന ചെയ്യുന്നതിലു പ്രാഗത്ഭ്യ സിദ്ദിച്ച വൈദ്യൻാർ ഈ പഞ്ചായത്തിലുണ്ട്. ഇവർക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകേണ്ടത് ഇതിൻെറ ആവശ്യമാണ്.

ആധുനിക ചികിത്സാരഗത്തെ പ്രധാന ചുവടുവയ്പ് ആരഭിച്ചത് ക്രിസ്ത്യൻ മിഷണറിമാർ തുടങ്ങി പിന്നീട് ഗവൺമെൻറ് ഏറ്റെടുത്ത അറക്കുളത്തെ പ്രാധമിക ആരോഗ്യകേന്ദ്രത്തിൻെറ രൂപീകരണത്തോടെയാണ്. ജനങ്ങളുടെ വർദ്ദി ച്ചുവരുന്ന ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുവാൻ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. ആധുനിക ചികിത്സാ സൗകര്യങ്ങൾ ഈ പഞ്ചായത്തിലെ ബിഷപ്പ് വയൽ മെടിക്കൽ സെൻററിൽ ലഭ്യമാണെങ്കിലു, ഇവിടുത്തെ ഭൂരിപക്ഷ വരുന്ന സാധാരണക്കാർക്ക് ഈ ആശുപത്രിയെ ആശ്രയിക്കാൻ സാമ്പത്തിക പരാധീനത തടസ നിൽക്കുന്നു. അലോപ്പതി ചികിത്സാരഗത്ത ഗവൺമെൻറ് ഉടമസ്ഥതയിലുള്ള അഞ്ച് സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലു ഇവയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒന്നു ലഭ്യമല്ല.

ആയുർവ്വേദ ചികിത്സാരഗത്ത് ജനങ്ങളുടെ ഏക ആശ്രയ മൂലമറ്റത്തുള്ള സർക്കാർ ആയുർവ്വേദ ആശുപത്രിയാണ്. ഈ ചികിൽസാ കേന്ദ്രത്തിൽ ആവശ്യത്തിനുള്ള ഔഷധങ്ങൾ ലഭ്യമല്ല. ഹോമിയോ ചികിൽസാ രഗത്ത് കേന്ദ്ര ഗവൺമെൻറ് ഉടമസ്ഥതയിൽഒരു ഹോമിയോ ഗവേഷണ കേന്ദ്ര മൂലമറ്റത്ത് ഉണ്ടെങ്കിലു ഈ സ്ഥാപനത്തിൻെറ പ്രവർത്തന വിസ്തൃതമായ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കു ഉപകാരപ്രതമാകത്തക്ക രീതിയിൽ വിപുലീകരിക്കേണ്ടത് അത്യന്താ പേക്ഷിതമാണ്

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡു തിരിച്ചുള്ള സ്ഥിവിവരങ്ങളും

വാർഡ് 1

അവികസിതമേഖലയായ ഇടാട്ടെ ജനങ്ങളുടെ ഏക ആശ്രയമാണ് ഇവിടെയുള്ള പ്രൈമറി ഹെൽത്ത് ഹെൽത്ത് സെൻറർ. ഈ സ്ഥാപന ഭാഗീകനായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. ആയിരകണക്കിന് ജനങ്ങൾ വസിക്കുന്ന ഈ പ്രദേശത്ത് ചികിൽ സാകാര്യങ്ങൾക്കായി 15 കി. മീ. ദൂര കാൽ നടയായി പോകേണ്ടി വരുന്നു. ആയതിനാൽ ഈ ആരോഗ്യകേന്ദ്രത്തിൽമുഴുവൻ സമയ പ്രവർത്തനത്തിന് ഒരു ഡോക്ടറെ നിയമിക്കുകയു, ആവ ശ്യമായ മരുന്ന് ലഭ്യമാക്കുകയു വേണ.

വാർഡ് 2

പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ടവരുൾപ്പടെ ആയിരക്കണക്കിന് ജനങ്ങൾ തിങ്ങിപ്പർക്കുന്ന പഞ്ചായത്തിലെ രണ്ടാം വാർഡായ ഇലപ്പിള്ളിയിലെ ജനങ്ങളുടെ ഏകാശ്രയമാണ് ഇലപ്പിള്ളി പ്രൈമറി ഹെൽത്ത് സബ് സെൻറർ. ഈ ആരോഗ്യ കേന്ദ്ര നാളുകളായി പ്രവർത്തന രഹിതമാണ് ഈ സ്ഥാപനം ഒരു കൗതുകവസ്തുവായി നിലനിൽക്കുകയാണ്. അറക്കുള ഗ്രാമ പഞ്ചായത്തിൻെറ സിരാകേന്ദ്രങ്ങളിൽ ഒന്നായ ഇലപ്പിള്ളി വില്ലേജിലെ ജനങ്ങൾ, ചികിൽസാ സൗകര്യങ്ങൾ ലഭ്യമില്ലാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഇലപ്പിള്ളി ഹെൽത്ത് സെൻറർ കെട്ടിടത്തിന് ശരാശരി വാതലുകളില്ല. വർഷകാലങ്ങളിൽ ചോർന്നൊലിക്കുകയും ചെയ്യുന്നു. ഈ കേന്ദ്രത്തിൻെറ സുഗമമായ പ്രവർത്തമത്തിന് പ്രധാനമായു ഒരു മുഴുവൻ സമയ ഡോക്ടറെയും അത്യാവശ്യ ജീവനക്കാരേയും നിയമിച്ച്, ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഒഴിവാക്കേണ്ടതാണ്.

വാർഡ് 3

ആരോഗ്യ പരിപാലന രംഗത്ത് 3-ാ വാർഡ് വളരെ പിന്നോക്ക നിൽക്കുന്നു. പുത്തേട്, കൂവപ്പിള്ളി

എന്നീ പ്രദേശങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് ഗവൺമെന്റ് ധന സഹായത്തോടെ കക്കൂസ് നിർമിച്ചു കൊടു ക്കേണ്ടതുണ്ട് ഈ വാർഡിൽ ഗവൺമെന്റ് നിയന്ത്രണത്തിൽ പുറത്തേട് കേന്ദ്രമാക്കി ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കേണ്ടതാണ്. ഇതിനാവിശ്യമായ കെട്ടിടം പ്രസ്തുത സ്ഥലത്തുതന്നെ ലഭ്യമാണ്. കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പ്പ് അതിന്റെ പ്രാധാന്യ കണക്കിലെടുത്ത് ഈ പഞ്ചായത്തിലെ 1, 2, 3 വാർഡുകളിൽ എല്ലാ വീടുകളിലു കയറിയിറങ്ങി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെയ്ത്തണം.

വാർഡ് 4

അറക്കുളം ഗ്രാമ പഞ്ചായത്തിലെ ഏക പ്രാധമികാരോഗ്യകേന്ദ്രം ഈ വാർഡിലാണ് സ്ഥിതിചെയ്യുന്നത്. നിലവിൽ സ്ഥിര ഡോക്ടറില്ലാത്തതു കൊണ്ട് ഈ ആരോഗ്യ കേന്ദ്രം പ്രവർത്തനക്ഷമമല്ല. ആയതിനാൽ ഇവിടെ സ്ഥിരമായി ഡോക്ടറെ നിയമിക്കുകയു, ആധുനീക ചികിൽസാ സജ്ജീകരണങ്ങൾ ലഭ്യമാക്കുകയു ചെയ്യേണ്ടത് അനിവാര്യമാണ്. ഇൻപേഷ്യൻറ് വിഭാഗത്തിൽ 20 കിടക്കൾ ഉണ്ടെങ്കിലു മേൽപ്പറഞ്ഞ സൗകര്യങ്ങളുടെ അഭാവത്തിൽ ഇവിതെ രോഗികളെ കിടത്തി ചികിൽസിക്കുവാൻ സാധിക്കുന്നില്ല. ആശുപത്രിയിലെ മറ്റു ജീവനക്കാരുടെ പ്രവർത്തനവു കാര്യക്ഷമമല്ല. വർദ്ധിച്ചുവരുന്ന പകർച്ചവ്യാ തികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഫീൽഡ് സ്റ്റാഫ് അത്യാവശ്യമാണ്. ആശുപത്രി ജീവനക്കാർക്കാവശ്യമായ ക്വാർട്ടേഴ്സ് നിർമിക്കു കയാണെങ്കിൽ, ജീവനക്കാർ സ്ഥിരമായി നിൽക്കുവാനുള്ള സാഹചര്യ ഉണ്ടാകും. ഇൻപേഷ്യൻറ് ചികിൽസാ വിഭാഗത്തിന്റെ പ്രവർത്തനവും അടിയന്തിരമായി നവീകരിക്കേണ്ടിയിരിക്കുന്നു.

വാർഡ് 5

ഈ വാർഡിലെ ഏറ്റവു വലിയ ആരോഗ്യപ്രശ്ന പരിസരമലിനീകരണമാണ് ആധുനീക ചികിൽസാ സൗകര്യങ്ങളോടുകൂടിയ ഒരു സ്വകാര്യ ആശുപത്രി ഈ വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. ഭീമമായ ചികിൽസാചിലവ് കാരണം സാധാരണ ജനങ്ങൾക്ക് ഈ ആശുപത്രിയെ ആശ്രയിക്കാൻ കഴിയുന്നില്ല. സാധാരണ ജനങ്ങൾക്കു ചികിൽസാസൗകര്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ രീതിയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. കരിപ്പലങ്ങാട് ഒരു സബ് സെൻറർ ആരഭിക്കേണ്ടതാണ്.

വാർഡ് 6

നിലവിലുള്ള K. S. E. B. ആശുപത്രിയുടെ സേവനങ്ങൾ പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്കളെയു പന്നികളെയും കന്നുകാലികളെയും നിയന്ത്രിക്കാനാ വിശ്യമായ നടപടികൾ അടിയന്തിരമായി സ്വികരിക്കേണ്ടതാണ്.

വാർഡ് 7

ഇവിടെയുള്ള ഹെൽത്ത് സെൻററിന്റെ പ്രവർത്തന തീർത്തു തൃപ്തികരമല്ല. ഈ ആരോഗ്യ കേന്ദ്രത്തിൽ സ്ഥിര ഡോക്ടറെ നിയമിക്കുകയു, അത്യാവശ്യ മരുന്നുകളും മറ്റും സൗകര്യങ്ങളു ലഭ്യമാക്കുകയു ചെയ്യുക. ഈ വാർഡിലെ മേമുട്ടത്ത് ഒരു ഹെൽത്ത് സെൻറർ അനുവദിക്കുക.

വാർഡ് 8

പൊതുജനാരോഗ്യ രംഗത്ത് ഈ വാർഡ് വളരെ പിന്നിലാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് ചികിൽസാർത്ഥ 25 കി. മീ. ദൂര സഞ്ചരിക്കേണ്ട അവസ്ഥയാണ്. പോത്തുമറ്റം, ആശ്രമഭാഗ എന്നീ പ്രദേശങ്ങളിൽ പ്രാഥമീക ആരോഗ്യ കേന്ദ്രം സ്ഥാപിക്കണം.

വാർഡ് 9

ഈ വാർഡിലെ ജനങ്ങൾക്ക് ആശുപത്രിയിൽ എത്താൻ 40 കി. മീ. ദൂര യാത്ര ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് കുളമാവിലെ ഹെൽത്ത് സെൻറർ ഒരു പി. എച്ച്. സെൻറർ ആയി ഉയർത്തണം. തക്കിമാലി, മുല്ലക്കാനം, കപ്പക്കാനം, മുത്തയുരുണ്ടയാർ എന്നീ പ്രദേശങ്ങളിൽ സബ് സെൻററുകൾ സ്ഥാപിക്കണം. ഈ വാർഡിൽ മാരിദ്യജന്യ രോഗങ്ങൾ കണ്ടുവരുന്നു.

വാർഡ് 10, 11

ഈ വിർഡുകളിൽ പൊതുജനാരോഗ്യ പരിപാലനത്തിനാവിശ്യമായ ആശുപത്രികളോ, മറ്റു സവിധാനങ്ങളോ ലഭ്യമല്ല. ഈ പ്രദേശത്തെ ജനങ്ങൾക്ക് അറക്കുള പ്രാഥമീക ആരോഗ്യ കേന്ദ്രത്തിൽ എത്താൻ 10-ൽ പരം കി. മീ. യാത്ര ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഈ വാർഡുകളിൽ പ്രൈമറി ഹെൽത്ത് സെൻറർ അടിയന്തിരമായി സ്ഥാപിക്കേണ്ടതുണ്ട്.

പൊതു നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമിക്കുന്നതിനായി ധനസഹായ നൽകേണ്ടതാണ്.
2. പഞ്ചായത്തിൽ അടിയന്തിരമായി കൊതുകു നിവാരണ പ്രവർത്തനം ആരഭിക്കുക.
3. ഈ പഞ്ചായത്തിലെ സിരാകേന്ദ്രമായ മൂലമറ്റം ടൗണിൽ പഞ്ചായത്ത് വക കഫർട്ട് സേററഷൻ നിർമിക്കേണ്ടത് അത്യാവശ്യമാണ്.
4. മൂലമറ്റം ടൗണിൽ അടിഞ്ഞു കൂടുന്ന മാലിന്യങ്ങൾ നീക്ക ചെയ്യുകയും ടൗൺ ശുചീകരിക്കുന്നതിനുള്ള സവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
5. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പന്നി, പട്ടി, പശു എന്നീ മൃഗങ്ങളെ നിയന്ത്രിക്കുക.
6. ഈ പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക.

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ചുള്ള സ്ഥിതിവിവരവും

വാർഡ്	സ്ഥാപനങ്ങൾ			
	പൊതുസ്ഥാപനങ്ങൾ	സ്വകാര്യസ്ഥാപനങ്ങൾ	പ്രവർത്തനത്തേക്കുറിള്ള വിലയിരുത്തൽ നിർദ്ദേശങ്ങൾ	പവർത്തന മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ
1	പ്രമറി ഹെൽത്ത് സെൻറർ-1	ഇല്ല	ഒട്ടു തൃപ്തികരമല്ല ഡോക്ടർ ഇല്ല മരുന്നുകൾ ഇല്ല	പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു മുഴു വൻ സമയ ഡോക്ടറുടെ സേവന ലഭ്യമാ ക്കണം ആവശ്യത്തിന് മരുന്നുകൾ എത്തി ക്കണ ആശുപത്രി വികസന സമിതി രൂപീ കരിക്കണം
2	പ്രമറി ഹെൽത്ത് സെൻറർ-1	ഇല്ല	ഒട്ടു തൃപ്തികരമല്ല, ഡോകടർ ഇല്ല. മരുന്നുകൾ ഇല്ല.	മുഴുവൻ സമയ ഡോക്ടറെ നിയമിക്കണ ആവശ്യത്തിന് മരുന്നുകൾ എത്തിക്കണ ആശുപത്രി വികസനസമിതി രൂപീകരിക്കണം
3	ഒന്നു ഇല്ല.	ഇല്ല		ഒരു ഹെൽത്ത് സെൻറർ ആരഭിക്കണം.
4	പ്രമറി ഹെൽത്ത് സെൻറർ-1 ഹോമിയോ ആശുപത്രി-1	ഹോമിയോ ഡിസ്പെൻസറി-1 അലോപ്പതി ഡിസ്പെൻസറി-1	ഒട്ടു തൃപ്തികരമല.	സ്ഥിരമായി ഡോക്ടറേയു സ്റ്റാഫിനെയു നിയമിക്കുകയു മരുന്നുകൾ എത്തിക്കുക യു ആശുപത്രി വികസന സമിതി പുനർ സംഘടിപ്പിക്കുകയു ചെയ്യണം
5	പ്രാധമിക ആരോഗ്യ കേന്ദ്ര-1 ട്രൈബൽ ആയുർവേദ ആശുപത്രി-1	മെടിക്കൽ സെൻറർ-1 അലോപ്പതി ആശുപത്രി-1	ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തന തൃപ്തികരമല്ല.	ആരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തന കാര്യ ക്ഷമമാക്കണ. ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിട നിർമ്മിക്കണം. മുഴുവൻ ആളുകൾക്കു ചികിത്സാസൗകര്യ നൽകു കയുവേണം.
6	K.S.E.B. ആശുപത്രി	ഇല്ല	പൊതുജനങ്ങൾക്ക് ചികിത്സാസൗകര്യങ്ങൾ ഇല്ല.	ഈ ആശുപത്രിയിൽ നിന്നു പൊതുജനങ്ങൾക്ക് ചികിത്സാ സൗകര്യ ഏർപ്പെടുത്തണം.
7	സബ് സെൻറർ-1	ഇല്ല	ആഴ്ചയിൽ രണ്ടു ദിവസ മാത്ര പ്രവർത്തിക്കുന്നു.	എല്ലാ ദിവസവു പ്രവർത്തിക്കുകയു മരുന്ന് എത്തിക്കു കയു ആളുകളെ കിടത്തി ചികിത്സിക്കുകയു ചെയ്യണ മുഴുവൻ സമയ ഡോക്ടറെ നിയമിക്കുകയു ചെയ്യണം
8	ഹോമിയോ റിസർച്ച സെൻറർ-1 ആയുർവേദആശുപത്രി-1		ആയുർവ്വേദ ആശുപത്രിയിൽ വേണ്ടത്ര മരുന്ന് ഇല്ല.	ഒരു ഹെൽത്ത് സെൻറർ ആരഭിക്കുകയു ആയുർവ്വേദ ആശുപത്രിയിൽ വേണ്ടത്ര മരു ന്ന് എത്തിക്കുകയു വികസനസമിതി രൂപീ കരിക്കുകയു ചെയ്യണം.
9	സബ് സെൻറർ-1	അലോപ്പതി ഡിസ്പെൻസറി-2	ആഴ്ചയിൽ രണ്ടു ദിവസ മാത്ര പ്രവർത്തിക്കുന്നു.	അലോപ്പതി ആശുപത്രിയു ആയുർവ്വേദ ആശുപത്രിയു തുടങ്ങണ. ചക്കിമാലി, കഷ്ക്കാന. എന്നീമേഖലകളിൽ ഹെൽത്ത് സെൻറർ ആരഭിക്കണം.
10	ഇല്ല	ഇല്ല		രണ്ട് സബ് സെൻറർ ആരഭിക്കണം
11	ഇല്ല	ഇല്ല		രണ്ട് സബ് സെൻറർ ആരഭിക്കണം

ഭവന നിർമാണം

അറക്കുളം ഗ്രാമപഞ്ചായത്ത്, ഇലപ്പിള്ളി, അറക്കുളം, ഇടുക്കി, ഉപ്പുതറ, കുടയത്തൂർ എന്നിങ്ങനെ 5 വില്ലേജുകളിലായി ചേർന്നു കിടക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിലെ വാർഡുകളിലൊന്നും പൂർണമായ പാർപ്പിട സൗകര്യം ഉള്ളവയല്ല. ഇവിടുത്തെ ജനസംഖ്യയിൽ 41% ഓളം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ആളുകളാണ്. ഇവരിൽ 20% ആളുകൾക്കു പോലും വാസയോഗ്യമായ വീടുകളില്ല. 30% സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് സ്വന്തമായി വീടുകൾ ഉള്ളവയല്ല.

ഭവനനിർമ്മാണ രംഗത്ത് പ്രധാനമായും പ്രവർത്തക്കുന്ന ഹൗസിംഗ് സൊസൈറ്റി ഈ ഗ്രാമപഞ്ചായത്തിലെ നാമമാത്രമായ വീടുകൾക്ക് ലോൺ നൽകിയതൊഴിച്ചാൽ, ഭവന നിർമ്മാണ ബോർഡ് രാജീവ് ഭവന നിർമ്മാണ ദശലക്ഷം പാർപ്പിട പദ്ധതി തുടങ്ങിയ ഗവ: ഏജൻസികളുടെ ലോണുകൾ ലഭ്യമല്ല. പട്ടയം ഇല്ലായ്മ, ഓഫീസുകളുമായി ബന്ധപ്പെടാനുള്ള ബുദ്ധിമുട്ടുകൾ, ഗതാഗതസൗകര്യങ്ങളുടെ അപര്യപ്തത തുടങ്ങിയ 7കാരണങ്ങളാൽ ഭവനനി ർ മ്മാണ രംഗം പ്രതിസന്ധി നേരിടുന്നു. ഭവനനിർ മ്മാണത്തി നനുവദിക്കുന്ന തുക വർദ്ധിച്ചു വരുന്ന ചിലവുകൾ ക്ക് തികയാതെ വരുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും, നിർമാണ തെഴിൽ രംഗത്തെ കൂലി വർദ്ധനവും മൂലം ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് ഭവനം സ്വപ്നമായിട്ടു തന്നെ അവശേഷിക്കുന്നു.

അറക്കുളം ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കോളനികളിലെ വീടുകൾ അടിയന്തിരമായിട്ട് പുന രുദ്ധരിക്കേണ്ടതും ഈ കോളനികളിലെ വീടുകൾ വാസയോഗ്യമാക്കി മതിയായ സാനിട്ടറി സൗക ര്യങ്ങളോടുകൂടെ പുതുക്കി പണിയേണ്ടതുമാണ്.

ഭവന നിർമാണരംഗത്ത് എടുത്തു പറയേണ്ട മറ്റൊരു കാര്യം പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട

വീട് ആവിശ്യമുള്ള കുടുബങ്ങളുടെ എണ്ണം	വിവിധ പരിപാടി-കളിലായി അനു-വധിച വീടുകൾ	പൂർത്തികരിച വുടുകൾ	ഇനിയും ആരംഭി-ക്കേണ്ട വീടുകൾ	അനുവദിച്ച ൽ ഇനി പൂർത്തിയാ-കാനുള്ളത
1770	483	410	67	1287

ആളുകളുടെ സർക്കാർ ധനസഹായത്തോടു കൂടി നിർമ്മിക്കുന്ന വീടുകളുടെ നിർമാണവുമായി ബന്ധപ്പെട്ട അഴിമതിയാണ്. ഓരോതവണയും വീടുകളുടെ Stage Certificate കൊടുക്കുന്ന സമയത്ത് നിർബന്ധിത പിരിവ് നടത്താറുണ്ട്. സർക്കാർ വെറുതെ തരുന്നതിൽ ഒരു പങ്ക് തങ്കൾക്കും അവകാശപ്പെട്ടതാണ് എന്ന നിലയിലാണ് ഉദ്ദോഗസ്ഥന്മാരുടെ പെരുമാറ്റം. അവവാദങ്ങൾ ഇല്ലെന്നല്ല. ഈ പ്രധാന പ്രശ്നം അടിയന്തിരമായി സഭാവത്തോടെ പരിഹരി ക്കേണ്ടതാണ്.

പെതുനിർദ്ദേശങ്ങൾ

1. പട്ടികവർഗ്ഗ മേഖലയിലെ വീടുകളുടെ മെയിൻറനൻസിനുള്ള തുക അനുവദിക്കുക.

2. പട്ടികവർഗ്ഗ മേഖലയിൽ വീടുകളില്ലാത്തവർക്ക് വീടനുവദിക്കാനുള്ള അടിയന്തിര പരിപാടി സ്വീകരിക്കേണ്ടതാണ്.

3. ഈ പഞ്ചായത്തിൽപ്പെട്ട കോളനികളിൽ താമസിക്കുന്നവർക്ക് വീടു പണിയുന്നതിനാവശ്യമായ സാമ്പത്തീക സഹായം അനുവദിക്കണം.

4. മുന്നോക്ക ജാതികളിലെ പിന്നോക്കക്കാർക്ക് വീടു പണിയുന്നതിനുള്ള സാമ്പത്തീക സഹായം നൽകുക.

5 ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കുക.

6. സർക്കാർ പദ്ധതികൾ പഞ്ചായത്തി ലേയ്ക്കെത്തിക്കുന്ന ഏജൻസികളായി ഈ സംഘത്തെ പ്രഖ്യാപിക്കുക. സംഘടനകൾ വഴി സാമ്പത്തീക സഹായം നൽകുക.

7. താണനിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

8. ഭവനവായ്പകൾ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

9. സർക്കാർ തരുന്ന വായ്പാ തുക വർദ്ധിപ്പിക്കുക.

10. പത്തു സെൻറിൽ താഴെയുള്ളവർക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകുക.

ഊർജ്ജം

ഏഷ്യയിലെ ഏറ്റവും വലിയ ഭൂഗർഭ ജലവൈദ്യുതിനിലയം സ്ഥിതിചെയ്യുന്നത് അറക്കുളം പഞ്ചായത്തിലാണ്. 1956-ൽ കേന്ദ്രപ്ളാനിങ്ങ് വകുപ്പ് മന്ത്രിയായിരുന്ന ഗുൽസാരിലാൽ നന്ദ ഇതിൻെറ നിർമ്മാണോൽഘാടനം സെൻറ് ജോർജ്ജ് യു. പി സ്കൂൾ ഗ്രൗണ്ടിൽ നിർവഹിച്ചു. ഇതിൻെറ ഒന്നാം ഘട്ടം 1975-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി രാഷ്ട്രത്തിനു സമർപ്പിച്ചു. ഈ പദ്ധതിയിൽ മൊത്തം 6 ജനറേറ്ററുകൾ പ്രവർത്തിക്കുന്നു. ഇത്രയും ബ്രഹത്തായ പദ്ധതിസ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി ഇനിയും എത്തിയിട്ടില്ല. 7000-ത്തിലധികം വീടുകളുള്ള ഈ പഞ്ചായത്തിൽ 1800 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചത്. മൂലമറ്റം K. S. E. B. കോളനിയോട് തൊട്ടുകിടക്കുന്ന നാച്ചാർ പുറംമ്പോക്കിലെ നൂറോളം വീട്ടുകാർക്ക് പട്ടയമില്ലായെന്ന കാരണം പറഞ്ഞ് ബോർഡധികൃതർ വൈദ്യുതി നിക്ഷേധിക്കുകയാണ്.

നിരവധി വെള്ളച്ചാട്ടങ്ങൾ കൊണ്ട് അനുഗ്രഹീതമായ ഈ പഞ്ചായത്തിൽ കുറഞ്ഞ ചെലവിൽ നിരവധി മിനി ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യതകളുണ്ട്. ഇത് ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞാൽ അതിരൂക്ഷമായ ഊർജ്ജപ്രതിസന്ധിനേരിടുന്ന നമ്മുടെ സംസ്ഥാനത്തെ തെല്ലെങ്കിലും ഈ പദ്ധതികൾകൊണ്ട് കരകയറ്റുവാൻ കഴിയും ഈ വികസന റിപ്പോർട്ടിൻെറ കവർ പേജ് നൽകിയിരിക്കുന്നത് ഇടുക്കി പദ്ധതിയിലെ ജനറേറ്ററിൻെറ ചിത്രമാണ്.

വൈദ്യുതി എത്തുന്ന പ്രദേശങ്ങൾ

1-ാം വാർഡ് പൂർണ്ണമായും.

2-ാം വാർഡിൻെറ ചെളിക്കൽ, കുമ്പങ്കാനം, അനൂർ തുടങ്ങിയ പ്രദേശങ്ങൾ.

3-ാം വാർഡിൻെറ ഗ്രീൻവാലി, കോളനി, I.H.D.Pവലകെട്ടി, മണപ്പാടി, ഇആർരുപുറം ബേ്ളാക്ക്.

4-ാം വാർഡിൻെറ ആലാനിക്കൽ കോളനി.

3-ാം വാർഡിന്റെ ഗ്രീൻവാലി, കോളനി, I.H.D.Pവലകെട്ടി, മണപ്പാടി, ഇആറ്റുപുറം ബേളാക്ക്.

4-ാം വാർഡിന്റെ ആലാനിക്കൽ കോളനി.

5-ാം വാർഡിന്റെ കരിപ്പലങ്ങാട്, അയ്യക്കാട്, ഇൻറർ മീഡിയറ്റ് റോഡിന്റെ മുകൾഭാഗം, A.K.G കോളനി, മുസ്ളീം പള്ളിക്കു താഴെയുള്ള കോളനി തുടങ്ങിയ പ്രദേശങ്ങൾ

6-ാം വാർഡിന്റെ നച്ചാർ പുറം പോക്ക് കോളനി തേക്കിൻ കുപ്പുകോളനി തുടങ്ങിയ പ്രദേശങ്ങൾ

7-ാം വാർഡിന്റെ പതുപ്പള്ളിതെക്കും ഭാഗം, ആശ്രമം, കടുകനാൽ തുടങ്ങിയ പ്രദേശങ്ങൾ.

8 -ാം വാർഡിന്റെ ആശ്രമം, പൊട്ടൻപടി പോത്തുമറ്റം ഭാഗങ്ങൾ.

9-ാം വാർഡിൽ മുത്തിയുരുണ്ടയാർ, വലിയമാവ്, ചക്കിമാലി, മുല്ലക്കാനം, കപ്പക്കാനം, ഉറുമ്പള്ള്, കലംകമത്തി തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

10-11 വാർഡുകളിൽ പൂർണമായും വൈദ്യുതി എത്തിക്കണം.

സാധ്യതകൾ

പുള്ളീക്കാനം, നല്ലതണ്ണീ, തുമ്പിച്ചി, യമ്മമുട്ടം, പാട്ടൻപട്ടി, വലക്കെട്ടി, പോത്തുമറ്റം, കോതപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽവൈദ്യുതി കാറ്റിൽ നിന്ന് ൽപാദിക്കാൻ നല്ല, സാധ്യതകൾ ഉണ്ട്. തൊടുപുഴ ആറിന്റെ ആരംഭമായ എടാട് മുട്ടത്തും, എടാട് തോടിന്റെവരിമാക്കൽ ഭാഗത്തും, 12-ാം വാർഡിന്റെ മാറാടി വെണ്ണച്ചാട്ടവും, മണപ്പാടി വെള്ളച്ചാട്ടവും, 8-ാം വാർഡിന്റെ ആശ്രമം തോട്, 9-ാം വാർഡിന്റെ ചക്കിമാലി വെള്ളച്ചാട്ടം എന്നിപ്രദേശങ്ങളിലും ചെറിയ ഡാമുകൾ കെട്ടി ആവർത്തന ചെലവ് ഇല്ലാതെ മിനി വൈദ്യുത പദ്ധതികളുണ്ടാക്കാവുന്നതാണ്. സൗരോർജ്ജത്തിൽ നിന്നും ബയോഗ്യാസിൽ നിന്നും വൈദ്യുതിയുൽപാതിപ്പിക്കാനുള്ള സാധ്യതകൾ ഈ പഞ്ചായത്തിൽ കൂടുതലായിട്ടുണ്ട്. മൂലമറ്റത്ത് പ്രവർത്തിക്കുന്ന അനർട്ടന്റെ കേന്ദ്രത്തിൽ നിന്നും സൗരോർജ്ജ വിളക്കുകളും അടുപ്പുകളും മറ്റും സ്ഥാപിക്കുന്നതിന് അനന്തമായ സാധ്യതകൾ ഉണ്ടെങ്കിലും ഇത് പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല. പുത്തേട് ഒരു സ്വകാര്യ ടി. വി., വായനശാലയുമായി ബന്ധപ്പെട്ട് സ്ഥാപിക്കുക.

പഞ്ചായത്തിലാകെ 458 വഴിവിളക്കുകൾ ഉണ്ടെങ്കിലും ഇതിൽ ബഹുഭൂരിപക്ഷവും പ്രവർത്തനരഹിതമാണ്. നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുന്നതോടെപ്പം മൂലമറ്റം ടൗണിൽ മൂന്നും, ഹൈസ്കുൾ ജംഗ്ഷൻ, അശോക കവല, 12-ാം മൈൽ, ആശുപത്രിപടി, കുളമാവ് എന്നിവിടങ്ങളിൽ മെർക്കുറി വിളക്കുകൾ സ്ഥാപിക്കണം. ഇലപ്പിള്ളി താഴെ, കണ്ണിക്കൽ, ജലന്ധർ, മേമുട്ടം, ഞമലാട്ടി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റിസ്ഥാപിച്ചുകൊണ്ടും മറ്റും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാവണം.

നിലവിലുള്ള ഉപഭോക്താക്കൾ

A,	ഗാർഹികം	1693
B,	വ്യാപാരം	387
C,	വ്യവസായികം	13
D,	കാർഷികം	37
E,	ആകെ	2130

തെരുവുവിളക്കുകളുടെ എണ്ണം.

A,	ബൾബ് (40)	388
B,	ട്യൂബ് (80)	67
C,	മെർക്കുറി വേപ്പർ	3
D,	ആകെ	458

അനെർട്ട്

ഉർജ്ജമാണ് എതു വികസനത്തിന്റെയും ചാലക ശക്തി. മനുഷ്യന്റെ ദൈനംദിന ആവിശ്യങ്ങൾക്കും സുഖസൗകര്യങ്ങൾക്കും വിനോദത്തിനും ഉഉർജ്ജം അത്യന്താപേക്ഷിതമാണ്. എന്നാൽ ഇന്ന് നമുക്ക് ലഭ്യമായ ഊർജ്ജ ഉറവിടങ്ങൾ ഇല്ലാതാകുന്ന കാലം അതിവിദൂരമല്ല. അതിനാൽ വറ്റിപ്പോകാത്ത ഊർജ്ജ ഉറവിടങ്ങളെ ഉപയോഗപ്പെടുത്താനുള്ള മാർഗങ്ങൾ വികസിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യമാണ് പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ സങ്കേതങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കാനുമായി കേരള സർക്കാർ രൂപം നൽകിയിട്ടുള്ള ഒരു സ്വയം ഭരണ സ്ഥാപനമാണ് അനെർട്ട്. (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആൻറ് റൂറൽ ടെക്നോളജി) നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം 28 ബ്ലോക്കുകളിലായി നടക്കുന്നു. ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്കിന്റെ ഓഫീസ് മൂലമറ്റത്ത് പ്രവർത്തിക്കുന്നു.

അനർട്ടിന്റെ പ്രവർത്തന മേഖലകൾ

1. സൗര വൈദ്യുതോപകരണങ്ങൾ

സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി മാറ്റുന്ന സൂര്യപാളികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന സൂര്യവിളക്ക്, സൂര്യറാന്തൽ, സൗര ടി. വി., സൗരപമ്പ്, സൗരഫ്രിഡ്ജ്, സൗരവൈദ്യുത പ്ലാൻറ് എന്നിവയുടെ സ്ഥാപനവും വിതരണവും.

2. സൗര താപോർജ്ജം

സൂര്യതാപം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സോളാർ വാട്ടർ ഹീറ്റർ, സോളാർ സ്റ്റീൽ, സോളാർ കുക്കർ എന്നിവയുടെ വിതരണവും പ്രചാരണവും.

3. കാറ്റിൽ നിന്നും വൈദ്യുതിയുണ്ടാക്കാൻ കാറ്റാടി പാടങ്ങൾ, കാറ്റാടി പമ്പുകൾ.

4. ചെറുകിട ജലവൈദ്യുത പദ്ധതികൾ-ഉറവവറ്റാത്ത ചെറിയ നീരോഴുക്കിൽ നിന്നുമുള്ള വൈദ്യുതി ഉൽപാദനം.

5. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ-ഊർജ്ജക്ഷമതയുള്ള കോംപാക്ട് ഫ്ലൂറസെൻറ് ലാംബ് പ്രഷർ കുക്കർ, ക്ഷമത കൂടിയ സ്റ്റൗവ് എന്നീ ഉപകരണങ്ങളുടെ പ്രചാരണവും വിതരണവും.

6. മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചാരണവും വിതരണവും.

അനർട്ടിന്റെ മേൽ വിവരിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി അറക്കുളം ഗ്രാമപഞ്ചായത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും കണക്കുംമേൽ വിവരിച്ച പദ്ധതികളെല്ലാം ഐ. ആർ. ഇ പി. പാരമ്പരേതര ഊർജ്ജ വകുപ്പ് എന്നിവയുടെ സബ്സിഡിയോടുകൂടി നടപ്പാക്കുന്നവയാണ്. വരും വർഷങ്ങളിൽ ഈ പ്രവർത്തനങ്ങളുമായി മുൻപോട്ട് പോകുന്നതിനും അതിനു പുറമെ ഈ രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുകയും ചെയ്യുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

	പദ്ധതി	എണ്ണം	
1. പുകയില്ലാത്ത അടുപ്പ് നിർമ്മാണം			
(1)	+ 1 Chulah 2 പരിഷത്ത് അടുപ്പ്	1500 Nos	
(2)	Poralable Chulah പോർട്ടബിൾ അടുപ്പ്	2500 Nos	
(3)	Community Chulah കമ്മ്യൂണിറ്റി അടുപ്പ്	6 Nos	(സ്കൂളുകൾക്ക്)
2. സൂര്യ വൈദ്യുതോപകരണങ്ങളുടെ വിതരണം			
(1)	സൂര്യ ന്തത്തൽ	198 Nos.	
(2)	സൗര ടി വി	747 Nos.	
(3)	സോളാർ ചാനലുകൾ	25 Nos.	
3. ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ വിതരണം			
(1)	കോംപാക്ട് ഫ്ലൂറസെന്റ്	360 Nos.	
(2)	ലാമ്പ് ഇലക്ട്രോണിക് ചോക്ക്	747 Nos.	
(3)	പ്രഷർ കുക്കർ	1250 Nos.	
(4)	മണ്ണെണ്ണ സ്റ്റൗ	1400 Nos.	

വ്യവസായം

ഈ പഞ്ചായത്തിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ഇല്ല എന്നുതന്നെ പറയാം. Asco Bank ന്റെ കീഴിലുള്ള ആസ്കോ സ്പൈസസ് ചെറുകിട ബേക്കറികൾ എന്നിവ മാത്രമാണ് ഈ രംഗത്തുള്ള ആകെ സ്ഥാപനങ്ങൾ. ഇന്ത്യയിലെ ഏറ്റവും വലിയ ഭൂഗർഭ വൈദ്യുതി ഉൽപാദന നിലയവും അതിൽ നിന്നും പുറംതള്ളുന്ന ജലവും ആവശ്യാനുസരണം ലഭ്യമായ ഈ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഉൾപ്പെടെ എല്ലാത്തരം വ്യവസായങ്ങളും ആരംഭിക്കുവാനുള്ള സാധ്യതയുണ്ട്. കാർഷിക മേഘലയിൽ നിന്നും ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദി പ്പിക്കപ്പെടുന്നത് റബ്ബറാണ്. റബ്ബറധിഷ്ടിത വ്യവസായങ്ങൾ ആരംഭിച്ചാൽ തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കു ന്നതിനും, ഇടത്തട്ടുകാരില്ലാതെ റബ്ബർ സംഭരിക്കുന്നതിന്റെ ഫലമായി റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും കഴിയും. ക്രംബ്, റബ്ബർ ഫാക്ടറി, ചെരിപ്പുനിർമ്മാണ യൂണിറ്റുകൾ, റബ്ബർ ബാൻഡ് നിർമ്മാണം, സഹകരണ മേഖലയിൽ ടയർഫാക്ടറി എന്നിവ തുടങ്ങാവുന്നതാണ്. ചെറുകിട പേപ്പർ മില്ലുകൾക്കാവശ്യമായ ഈറ്റ, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കൾ അറക്കുളം പഞ്ചായത്തിൽ ലഭ്യമാണ്. ഇവ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ചെറുകിട പേപ്പർ മില്ലുകൾ സ്ഥാപിക്കുകയാണെങ്കിൽ ഈ വസ്തുക്കളുടെ പുറത്തോട്ടുള്ള ഒഴുക്ക് നിയന്ത്രക്കുവാൻ കഴിയും.

റബ്ബർ തടി സുലഭമായി ലഭിക്കുന്ന ഈ പഞ്ചായത്തിൽ റബ്ബർ തടി സംസ്ക്കരണ കേന്ദ്രവും റബ്ബർതടി ഉപയോഗിച്ചുകൊണ്ടുള്ള ഫർണിച്ചർ മാർട്ടും ആരംഭിച്ചാൽ ധാരാളംയുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് സാധിക്കും.

പ്ലൈവുഡ് നിർമ്മാണ ഫാക്ടറിക്കാവശ്യമായ ധാരാളം പാഴ്മരങ്ങൾ ഉള്ള പഞ്ചായത്താണ് ഇത്. ഇവ ഉപയോഗിച്ചുകൊണ്ട് ഒരു പ്ലൈവുഡ് നിർമ്മാണ ഫാക്ടറി സ്ഥാപിക്കണം.

പഞ്ചായത്തിന്റെ മറ്റൊരു പ്രധാന കാർഷിക ഉല്പന്നമാണ് നാളികേരം. ചിരട്ട, ചകിരി, എന്നിവ ഉപയോഗിച്ചുകൊണ്ട് കരകൗശല വസ്തുക്കൾ നിർ മ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനാവശ്യമായ എല്ലാ സാധ്യതകളും ഉണ്ട്. സഹകരണാടിസ്ഥാനത്തിൽ എണ്ണയാട്ടു മില്ലുകൾ സ്ഥാപിച്ച്, വെളിച്ചെണ്ണ ആകർഷകമായ ചെറിയ പായ്ക്കറ്റുകളാക്കി പഞ്ചായത്ത് ട്രേഡ് മാർക്കോടുകൂടി വിപണിയിലെത്തിച്ചാൽ ഈ രംഗത്ത് നിലവിലുള്ള ചൂഷണം അവസാനി പ്പിക്കുവാനും കേരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. പരിമിതമായ തോതിൽ പട്ടുനൂൽപ്പുഴു വളർത്തുന്ന കൃഷിക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്. വേണ്ടത്ര വിപണിയില്ലാത്തതിന്റെ പേരിലും, സാങ്കേതിക വൈദഗ്ദ്യകുറവ് മൂലവും ഈ രംഗത്ത് നിലവിലുള്ള കർഷകർ പ്രതിസന്ധിയിലാണ്. മൾബറി കൃഷി വ്യാപകമായി ചെയ്യുന്നതിനുള്ള ഭൗതീക സാഹചര്യങ്ങൾ നമ്മുടെ പഞ്ചായ ത്തിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പട്ടുനൂൽ സംസ്ക്കരണ കേന്ദ്രം പഞ്ചായത്ത് തലത്തിൽ തുടങ്ങിയാൽ കൂടുതൽ ആളുകളെ ഈ രംഗത്ത് ആകർഷിക്കുവാൻ കഴിയും. സഹകരണ മേഘലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ റെഡിമെയ്ഡ് വത്രനിർമ്മാണശാലകൾ സ്ഥാപിക്കുകയും എല്ലാ വാർഡുകളിലും ഇതിന്റെ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ കഴിയും. ഇതിനാവശ്യമായ വിപണി ഈ പഞ്ചായത്തിലുണ്ട്. കൊക്കോ അനുബന്ധ വ്യവസായങ്ങൾക്കും നമ്മുടെ പഞ്ചായത്തിൽ സാധ്യത ഉണ്ട്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

വാർഡ് 1 :- കുടിൽ വ്യവസായങ്ങൾക്ക് ധാരാളം സാധ്യതകൾ ഉള്ള ഒരു വാർഡാണ് 1.

വാർഡ് 2 :-- കാപ്പിപ്പൊടി സംസ്ക്കരണ യൂണിറ്റു കൾക്കുള്ളസാധ്യതഈവാർഡിലുണ്ട്.മെറ്റൽ ക്രഷർ സ്ഥാപിക്കപന്നതിനുള്ള സൗകര്യവും ഉണ്ട്.

വാർഡ് 3 :- നിലവിലുള്ള വനിതാ തയ്യൽസഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. മെറ്റൽ ക്രഷറും ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റും സ്ഥാപിക്കണം.

ഗതാഗതം.

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിന് ഏറ്റവും അത്യാവശ്യം വേണ്ട ഘടകമാണ് റോഡുകൾ. അടിസ്ഥാനപരമായ ഇക്കാര്യത്തിൽ അറക്കുളം ഗ്രാമപഞ്ചായത്ത് ഏറ്റവും പിന്നിലാണ്. മതിയായ റോഡുകൾ ഇല്ലാത്തത് മൂലം മലമ്പ്രദേശങ്ങൾ തിങ്ങിനിറഞ്ഞ ഈ പഞ്ചായത്തിന്റെ വികസനം വഴിമുട്ടി നിൽക്കുകയാണ്.ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പുതിയ ഗതാഗതമാർഗ്ഗങ്ങൾ നിർമ്മിച്ച് പഞ്ചായത്തിന്റെ വികസനത്തിന് പുത്തൻ രൂപവും ഭാവവും നൽകാൻ കഴിയും. ദുർഘടങ്ങളായ മലംപാതകളെയാണ് ഗതാഗതത്തിന് ഇവിടുത്തെ ജനങ്ങൾ ഇന്നും ആശ്രയിക്കുന്നത്. ചെങ്കുത്തായ കുറുക്കുവഴികളിലൂടെയുള്ള ഈ യാത്ര വൈഷമ്യമേറിയതാണ്. അറക്കുളം ഗ്രാമപഞ്ചായത്തിന്റെ സങ്കീർണ്ണമായ ഭൂപ്രകൃതി പരിഗണിച്ച് ഗതാഗതമേഘലയിൽ വന്പിച്ച മുന്നേറ്റം ആവശ്യമാണ്. പ്രധാനമായും കുടിയേറ്റകർഷകർ അധിവസിക്കുന്ന ഈ മേഘലയിലെ നിലവിലുള്ള റോഡുകളായ മൂലമറ്റം -- പുളിക്കാനം, മൂലമറ്റം - പുത്തോട്, മൂലമറ്റം- കോട്ടമല, മൂലമറ്റം-കണ്ണിയ്ക്കൽ – വെള്ളൂർ, എന്നീ റോഡുകൾ പോലും പൂർണ്ണമായും ഗതാഗയോഗ്യമല്ല. നിർദ്ദിഷ്ട കൊച്ചി-തേക്കടി സ്റ്റേറ്റ് ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളും മലയോര ഹൈവയുടെ നിർമ്മാണ പ്രവർത്തനങ്ങളും എത്രയും പെട്ടെന്ന് പൂർത്തി യാക്കിയാൽ ഈ പഞ്ചായത്തിന്റെ സമ്പൂർണ്ണ വികസനത്തെ ത്വരിതപ്പെടുത്തു ന്നതാണ്. ജനകീ യീസൂത്രണ പ്രസ്ഥാനം സൃഷ്ടിച്ചിരിക്കുന്ന പുത്തൻ വികസന സംസ്ക്കാര തരംഗത്തിൽ ഏറ്റവും കൂടുതൽ മുന്നേറ്റം വരുത്താവുന്ന മേഘലയാണ് ഗതാഗതം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

വാർഡ് I :- മൂലമറ്റം - പുള്ളിക്കാനം റോഡാണ് ഈ വാർഡിലെ പ്രധാനപ്പെട്ട റോഡ്. ഈ റോഡ് ടാർ ചെയ്തതല്ല. ഈ റോഡ് പൂർത്തിയാക്കുന്നതോടൊപ്പം ഇടാട്ട് -- പുളിയ്ക്കത്തടം, ഇടാട്ട് -- C.S.I. പള്ളിറോഡ് എന്നിറോഡുകളുടെ പണികളും തീർക്കേണ്ടത് അത്യാവശ്യമാണ്. നിർദ്ദിഷ്ട കൊച്ചി - തേക്കടി ഹൈവേ ഈ വാർഡ് വഴി വേണമെന്ന് ഗ്രാമസഭയിൽ നിന്ന് ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. ഇടാട്ട് റേഷൻ കട ഭാഗത്തുള്ള കലുങ്ക്, C.S.I. പള്ളിറോഡിൽ കലുങ്ക്, പതിപ്പള്ളി K.S.E.B. ഡാമിന് സമീപം നടപ്പാലം എന്നിവ അത്യാവശ്യമാണ്. ചെളിയ്ക്കൽ പാറംതിണ്ണ -- നല്ലതണ്ണി വഴി പുള്ളിക്കാനത്തിന് റോഡ് നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്.

വാർഡ് II :- മൂലമറ്റം -- ഇലപ്പള്ളി, മൂലമറ്റം -- കണ്ണിയ്ക്കൽ -- വെള്ളൂർ വഴി ഇലപ്പള്ളി -അങ്കർ റോഡ്, ഇലപ്പള്ളി--ചെളിയ്ക്കൽ റോഡ്, എന്നീ റോഡുകൾ വീതികൂട്ടി ടാർ ചെയ്യണം. ഇലപ്പള്ളി ഹെൽത്ത് സെൻററിനു സമീപമുള്ള പാലം അടിയന്തിരമായി പണിയണം. അതുപോലെതന്നെ മേടയ്ക്കൽ തോട്, വെള്ളൂർ തോട്, പാത്തിപ്പാറ ജഗ്ഷൻ തോട്, അനൂർ തോട് എന്നിവിടങ്ങളിൽ പാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. മൂലമറ്റം -ഇലപ്പള്ളി റോഡിന്റെ സൈഡ് കെട്ടി ബലപ്പെടുത്തേണ്ടതാണ്. ഇലപ്പള്ളി തോട്ടം റോഡ് പണിയുക.ഇലപ്പള്ളി -അങ്കർ റോഡ് പുത്തേട്മായി ബന്ധിപ്പിക്കുക.

വാർഡ് III :- കാഞ്ഞാർ - പുളിക്കാനം റോഡിന്റെ പണിതീരാത്തഭാഗം എത്രയും വേഗം പൂർത്തിയാക്കണം. പുത്തേട്- മൈലാടുംപാറ, പുത്തേട് -വലകെട്ടി, കുഴപ്പള്ളി --വലകെട്ടി തുടങ്ങിയ റോഡുകളുടെ നിർമ്മാണം ഉടൻ അരംഭിക്കുക. മേൽപറഞ്ഞ റോഡുകൾക്ക് സൈഡുകൾ കെട്ടുകയും,

അവശ്യമായ സ്ഥലങ്ങളിൽ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുകയും ചെയ്യുക. പ്രധാന റോഡായ മൂലമറ്റം - പുത്തേട് റോഡിന്റെ ടാർ ചെയ്യാത്ത ഭാഗം വളരെ അടിയന്തിരമായി ടാർ ചെയ്യണം. ഈ റോഡ് പൂണ്ണമായാൽ ഈ വാർഡിന്റെ വികസനത്തെ ഗണ്യമായി സഹായിക്കും. കണ്ണിയ്ക്കൽ-സെൻട്രൽ റോഡ് പുത്തേട്ട് വരെ നീട്ടുക.

വാർഡ് IV :- അറക്കുളം അമ്പലം-കുളിക്കടവ്, ഞരളംപുഴ മുതൽ ആലാനിയ്ക്കൽ തോട്ടം വഴി അറക്കുളം ആശുപത്രിവരെ വരെയുള്ള റോഡ് ടാർ ചെയ്യുക. ഞരളം പുഴയിൽ നിന്നും ഓലിയ്ക്കൽ മിച്ചഭൂമി വഴി, അറക്കുളം കാവും പടിയിൽ നിന്നും കല്ലാനിക്കോളനിവഴിയും ഇപ്പോഴത്തെ നടപ്പാത വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക. കാവും പടിയിൽ നിന്നും റാവുത്തൽ കോളനി വരെയുള്ള റോഡ്, പുത്തൻപള്ളി - മൈലാട് റോഡ്, കോട്ടയം മുന്നി കുരുതിക്കളം റോഡ് മുതലായവ ടാർ ചെയ്യുക.

വാർഡ് V :- ഈ വർഡിൽ പുതിയ റോഡുകൾ ആവശ്യമാണ്. അറക്കുളം - കരിപ്പലങ്ങാട് റോഡും അതിൽ നിന്നും അയ്യകാടിനും, ഇൻറർ മീഡിയറ്റിനും, ആല്പ്പാറയ്ക്കും റോഡുകൾ നിർമ്മിക്കുക. മൂലമറ്റം ഇൻറർ മീഡിയറ്റ് റോഡും, അറക്കുളം- കരിപ്പലങ്ങാട് റോഡ്ും ടാർ ചെയ്യുകയും ഇരുവശവും ഓടനിർമ്മിക്കുകയും ചെയ്യുക. ഇൻറർമീഡിയറ്റ് റോഡ് റീടാർ ചെയ്യുക.

വാർഡ് VI :- മൂലമറ്റം-തേക്കുംകൂപ്പ് വഴി അംഗൻവാടി വരെയുള്ള റോഡ് ടാർ ചെയ്യണം. മൂലമറ്റം മുസ്ലിംപള്ളി ജുംഗഷനിൽ നിന്നും ഫോറസ്റ്റ് ഓഫീസ് വഴി മണപ്പാടിതുരുത്തിലേയ്ക്കുള്ള റോഡ്, പാലം എന്നിവ നിർമ്മിക്കുക. മൂലമറ്റം H.R.C. ഗണപതി ക്ഷേത്രം വഴിയുള്ള ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കണം.

വാർഡ് VII :- മൂലമറ്റം-കടുകനാൽ-ഇടാട്ട് പതിപ്പള്ളി തെക്കുംഭാഗം റോഡ്, ചേറാടി-ആശ്രമം റോഡ്, മൂലമറ്റം-മേമുട്ടം റോഡ് ഇവ വീതികൂട്ടി ടാർ ചെയ്യുക. പതിപ്പള്ളി U.P. സ്കൂൾ സമീപത്തുനിന്നും പതിപ്പള്ളി തെക്കുംഭാഗത്തേയ്ക്കും മൂലമറ്റം ഈസ്റ്റ് ഭാഗത്തേയ്ക്കും മേമുട്ടം അംഗൻവാടി ചക്കിവര ഭാഗത്തേയ്ക്കും പുതിയ റോഡുകൾ നിർമ്മിക്കുക. മൂലമറ്റം - മേമുട്ടം റോഡ്, തൊടുപുഴ- പീരുമേട് താലൂക്കുകളെ ബന്ധിപ്പിക്കുവാൻ പര്യാപ്തമാണ്. ഇത് ചിലവ് കുറഞ്ഞതും പാലങ്ങളോ കലുങ്കുകളോ ആവശ്യമില്ലാത്തതും ആണ്. പ്രാരംഭപ്രവർത്തനങ്ങൾ ശ്രമദാനമായി നിർമ്മിക്കുവാൻ നാട്ടുകാർ തയ്യാറാണ്.

വാർഡ് VIII :- എറണാകുളം - തേക്കടി ഹൈവേ മൂലമറ്റം, ആശ്രമം, കോട്ടമലവഴികടന്നു പോകണമെന്ന് ഗ്രാമസഭയിൽ അവശ്യം ഉയർന്നുവന്നു. മൂലമറ്റം കോട്ടമല റോഡ് കുളമാവ് പോലീസ് സ്റ്റേഷൻ മുതൽ പള്ളിവരെയുള്ള റോഡ്, മൂലമറ്റം - പെട്ടൻപടി ഇൻറർമീഡിയറ്റ് റോഡ്, നാടുകാണി-പോത്തുമറ്റം കുളമാവ് റോഡ് ഇവ നിർമ്മിക്കുകയും അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക. കുളമാവ്-കോട്ടമല, മൂലമറ്റം വട്ടക്കാനം പുരയിടത്തിലൂടെയുള്ള ഓഡിറ്റ് ഭാഗത്തേയ്ക്കുള്ള റോഡ് ഇവ ടാർ ചെയ്യുക.

വാർഡ് IX :- കുളമാവ് ഇടുക്കി റോഡിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള റോഡ് അറ്റകുറ്റപണികൾ നടത്തി ഗതാഗത യോഗ്യമാക്കണം. കുളമാവ് പോലീസ് സ്റ്റേഷൻ മുതൽ കുരിശുപള്ളിവരെയുള്ള റോഡ് പുനർനിർമ്മിക്കുക. കുളമാവ് ഇടുക്കി റോഡിൽ വൈശാലി ഇഗ്ഷനിൽ നിന്നും വലിയമാവി ലേയ്ക്കുള്ള റോഡ് ടാർ ചെയ്യേണ്ടതാണ്.ഡാം ടോപ്പ് മുത്തിയു രുണ്ടയാർ-നാളിയാനി റോഡ് വീതികൂട്ടി ടാർ ചെയ്യുക. മുത്തിയുരുണ്ട-പള്ളിവഴി നാളിയാനി റോഡും ടാർ ചെയ്യുക. കുളമാവ്-കോട്ടമല റോഡ് നിർമ്മിക്കുക. ചക്കിമാലി, മുല്ലക്കാനം, കപ്പക്കാനം, ഉറുമ്പള്ള് തുടങ്ങിയ പ്രദേശങ്ങളിലുള്ള ആളുകൾക്ക് യാത്രയ്ക്കായി ഇടുക്കി ജലാശയത്തിൽ അനുവദിച്ചിട്ടുള്ള കടത്ത് വള്ളത്തിന് പകരം ബോട്ട് സർവ്വീസ് അനുവദിക്കുകയും വേണം. കോട്ടമല ചക്കിമാലി-മുല്ലക്കാനം റോഡ് പുനർനിർ മ്മാണം നടത്തുക. കുളമാവ് - നെല്ലിക്കപ്പാറ റോഡ് ടാർ ചെയ്യേണ്ടതാണ്. മുത്തിയു രുണ്ട-നാളിയിനി റോഡിൽ കലുങ്ക് നിർമ്മിക്കുക.

വാർഡ് X :- വളകോട്-കോതപാറ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം. മത്തായി പ്പാറ-കോതപാറ റോഡ് പാലക്കാവ് വഴി, കാപ്പി പ്പാറ-പാലക്കാവ് റോഡ് എന്നിവ ടാർ ചെയ്യുക വള കോട് തുരങ്കത്തിൽ നിന്നും പാലക്കാവ് പടിവ രെയുള്ള റോഡ് കലുങ്കുകൾ പണിത് ടാർ ചെയ്യേ ണ്ടതാ ണ്.വളകോട്-വൻമാവ് കോതപാറവഴി റോഡ്, കടുവാക്കാനം-കോതപ്പാറ റോഡ്, പാലക്കാവ്-മുത്തൻ പടി റോഡ് എന്നിവ പണികൾ തീർത്ത് ടാർ ചെയ്യണം. കോതപാറ പോക്കാട്ടുകുന്ന് റോഡ് പുനർ നിർമ്മാണ പ്രവർത്തനം നടത്തി സഞ്ചാരയോഗ്യമാക്കുക.

വാർഡ് XI :- കോതപാറ-കണ്ണംപടി, വൻമാവ്-കൊല്ലത്തിക്കാവ്, കിഴുകാനം-മുല്ല, കണ്ണംപടി-മേമാരി, പുന്നപ്പാറ-ആരോൻപാറ എന്നീ റോഡുകൾ ടാർ ചെയ്യേണ്ടതാണ്. മൺപണികൾ ശ്രമദാനമായി ചെയ്യാവുന്ന താണെന്ന് ഗ്രാമവാസികൾ വാഗ്ദാനം ചെയ്യുന്നു.

പുതുതായി നിർമ്മിക്കേണ്ടതും, മെച്ചപ്പെടുത്തേണ്ടതമായ റോഡുകളും പാലങ്ങളും

NO	നിർദ്ദേശിക്കുന്ന പേര്	ദൂരം
	വാർഡ് -1 എടാട്ട്	
1.	എടാട്ട്-പുള്ളിക്കാനം റോഡ്	9 K.M.
2.	എടാട്ട്-പുള്ളിക്കത്തടം റോഡ്	4.5 K.M.
3.	എടാട്ട്-അമ്പലപ്പടി ഡാം റോഡ്	3 K.M.
4.	എടാട്ട്-എടാട്ട് C.S.I പള്ളി റോഡ്	2.5 K.M.
5.	അമ്പലം പടി- K.S.E.B. ഡാം റോഡ്	3 K.M.
6.	വരിക്കമാക്കൻ കടവ് പാലം	
7.	മിത്താരി പറമ്പിൻ പാലം	
8.	C.S.I. .പള്ളിക്കടവ് പലം	
	വാർഡ് 2 - ഇലപ്പുള്ളി	
1.	ഇലപ്പുള്ളി - അനൂർ റോഡ്	3 K.M.
2.	ഇലപ്പുള്ളി - എടാട്ട് റോഡ്	4 K.M.
3.	പെരിങ്ങാട് - ചെളിക്കൽ- പുള്ളിക്കാനം റോഡ്	9 K.M.
4.	ചെളിക്കൽ- കുംബംകാനം റോഡ്	3.5 K.M.
5.	ഇലപ്പുള്ളി-വെള്ളൂർ-കണ്ണിക്കൽ റോഡ്	3 K.M.
6.	അനൂർ- കണ്ണിക്കൽ റോഡ്	2 K.M.
7.	ഇലപ്പുള്ളി വെള്ളൂർ പാലം	
8.	ഇലപ്പുള്ളി - C.S.I. .പള്ളിപാലം	
9.	കൊടമന്തി - ചെളിക്കമലതാഴെ പാലം	
10.	ഇലപ്പുള്ളിതോട്ടം താഴെ-കടുകനാപാലം	
	വാർഡ് 3 - കുവപ്പുള്ളി	
1.	മണപ്പാടി - പുത്തേട് റോഡ്	2.5 K.M.
2.	മണപ്പാടി - കണ്ണിക്കൽ റോഡ്	3 K.M.
3.	പുത്തേട് - വലകെട്ടി റോഡ്	3 K.M.
4.	വലകെട്ടി - സീയോൻകുന്ന്	2.5 K.M.
5.	അനൂർ - പുത്തേട് റോഡ്	5 K.M.
6.	അനൂർ കണ്ണിമാക്കൽ പാലം	
7.	കണ്ണിക്കൽ അമ്പലശ്ശേരി നടപ്പാലം	
	വാർഡ് 4 - അറക്കുളം	
1.	അമ്പലം- കുളിക്കടവ് റോഡ്	150 M.
2.	ഞരളംപുഴ- ആലാനിയ്ക്കൽതോട്ടം-അറക്കുളം ആശുപത്രി റോഡ്	K.M. K.M.

പുതുതായിനിർമ്മിക്കേണ്ടതും,മെച്ചപ്പെടുത്തേണ്ടതമായ റോഡുകളും പാലങ്ങളും

No:	നിർദ്ദേശിക്കുന്ന പേര്	ദൂരം
3.	ഞരളംപുഴ- ഓലിക്കൽ-അറക്കുളം റോഡ്	1.5 K.M.
4.	കാവുപടി- കല്ലാരി കോളനി- ആഡിറ്റ് റോഡ്	250 M.
5.	കാവുംപടി-റാവുത്തർ കോളനി റോഡ്	1 K.M.
6.	പുത്തൻപള്ളി-മൈലാടി റോഡ്	500 M.
7.	കോട്ടയം മുന്നി- മൈലാട്ടിറോഡ്	500 M.
8.	കോട്ടയംമുന്നി - കുരുതിക്കുളം റോഡ്	2 K.M.
	വാർഡ് 5 - മൂലമറ്റം	
1.	അറക്കളം - കരിപ്പലങ്ങാട് റോഡ്	5 K.M.
2.	അയ്യകാട് - ഇൻറർമീഡിയേറ്റ് റോഡ്	3 K.M.
3.	മൂലമറ്റം - ഇൻറർമീഡിയേറ്റ് റോഡ്	2 K.M.
4.	മൂലമറ്റം - V.H.S.E. ലേയ്ക്കുള്ള റോഡ്	—
	വാർഡ് 6 - മൂലമറ്റം നോർത്ത്	
1.	മൂലമറ്റം തേക്കിൻ കൂപ്പ്- അംഗനവാടി റോഡ്	250 M.
2.	ഫോറസ്റ്റ് ഓഫീസ്- മുസ്ലിംപള്ളി റോഡ്	300 M.
3.	മൂലമറ്റം ഗണപതി ക്ഷോത്രം ലിങ്ക് റോഡ്	200 M.
4.	മണപ്പാടി തുരുത്തിലേയ്ക്ക് പാലം	
5.	മൂലമറ്റം ഗണപതി ക്ഷേത്രം പാലം	
	വാർഡ് 7 - പതിപ്പള്ളി	
1.	മൂലമറ്റം - കടുകനാവഴി എടാട് റോഡ്	6 K.M.
2.	ചേറാടി - ആശ്രമം റോഡ്	6 K.M.
3.	മൂലമറ്റം - മേമുട്ടം റോഡ്	10 K.M.
4.	പതിപ്പള്ളി - തെക്കുംഭഗം റോഡ്	2.5 K.M.
5.	പതിപ്പള്ളി - മൂലമറ്റം ഈസ്റ്റ് റോഡ്	3 K.M.
6.	മേമുട്ടം- അംഗനവാടി ചക്കിവര റോഡ്	1 K.M.
	വാർഡ് 8 - മൂലമറ്റം ഈസ്റ്റ്	
1.	മൂലമറ്റം - കോട്ടമല റോഡ്	12 K.M.
2.	പെട്ടൻപടി - ഇൻറർമീഡിയേറ്റ് റോഡ്	6 K.M.
3.	നാടുകാണി - പോത്തുമറ്റം-കുളമാവ് റോഡ്	6 K.M.

പുതുതായി നിർമ്മിക്കേണ്ടതും, മെച്ചപ്പെടുത്തേണ്ടതമായ റോഡുകളും പാലങ്ങളും

NO	നിർദ്ദേശിക്കുന്ന പേര്	ദൂരം
	വാർഡ് 9 – കുളമാവ്	
1.	K.S.E.B യുടെ കീഴിലുള്ള റോഡുകൾ	3 K.M.
2.	കുളമാവ് – വലിയമാവ് റോഡ്	6 K.M.
3.	മുത്തിയുരുണ്ട–നാളിയനി റോഡ്	7 K.M.
4.	ഡാം ടോപ്പ് – നാളിയാനി റോഡ്	9 K.M.
5.	കുളമാവ് – കോട്ടമല റോഡ്	5 K.M.
6.	ചക്കിമാലി–മുല്ലക്കാനം–കപ്പക്കാനം–ഉറുമ്പള്ള് റോഡ്	1 K.M.
7.	കുളമാവ്– നെല്ലിക്കപാറ റോഡ്	—
8.	ചക്കിമാലി– കൂനൻതോട് പാലം	
9.	ഉറുമ്പള്ള് – S.C കോളനിപ്പാലം	
10.	കപ്പക്കാനം പാലം	
11.	മുത്തിയുരുണ്ടഭാഗം താഴെഭാഗം പാലം	
	വാർഡ് 10 – കോതപാറ	
1.	വളകോട് – കോതപാറ റോഡ്	
2.	മത്തായിപാറ – കോതപാറ റോഡ്	
3.	കാപ്പിപാറ – പാലക്കാവ് റോഡ്	
4.	വളകോട് – പാലക്കാവ് റോഡ്	
5.	കടുവാക്കാനം – കോതപാറ റോഡ്	
6.	പാലക്കാവ് – മുത്തൻപടി റോഡ്	
7.	കോതപാറ – പെക്കാട്ട്കുന്ന് റോഡ്	
	വാർഡ് 11 – കണ്ണംപടി	
1.	കണ്ണം പടി– കോതപാറ റോഡ്	
2.	വൻമാവ്– കെല്ലത്തിക്കാവ് റോഡ്	
3.	കിഴുകാനം – മുല്ല റോഡ്	
4.	കണ്ണംപടി– വാക്കത്തി–ഭീമൻചുവട് റോഡ്	
5.	മുല്ല–കണ്ണം പടി റോഡ്	
6.	കത്തിതോപ്പൻ – കൊല്ലത്തിക്കാവ് റോഡ്	
7.	കിഴുകാനം – പുന്നപ്പാറ റോഡ്	
8.	തേക്കിൻ തോട്ടം– കണ്ണം പടി റോഡ്	
9.	മേമാരി– പുന്നപാറ–ആരോൻപാറ റോഡ്	

മൃഗസംരക്ഷണം

കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് മൃഗസംരക്ഷണരംഗത്ത് വമ്പിച്ച മുന്നേറ്റം നടത്തേണ്ടിയിരിക്കുന്നു കൃഷിയുടെ ഒരു അഭിഭാജ്യ ഘടകമാണ് കന്നുകാലി വളർത്തൽ. കാർഷിക വിളകളുടെ വരുമാനത്തിൽ കുറവ് വരുമ്പോൾ കർഷകന് ആശ്വാസമേകുന്നത് മൃഗപരിപാലനത്തിൽ നിന്നും ലഭിക്കുന്ന ആദായമാണ്. മലയോരപ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമാണ് കന്നുകാലി വളർത്തൽ.

പശു, ആട്, പന്നി, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം കോഴി, താറാവ് എന്നിവയാണ്. നിരന്തരമായി ഉണ്ടകുന്ന കോഴിവസന്തപോലുള്ള അസുഖങ്ങൾ ഇവയുടെ എണ്ണത്തിൽ കുറവ് വരുത്തുന്നു.

കാലികളിൽ പൊതുവിൽ കണ്ടുവരുന്ന രോഗങ്ങൾ കുളമ്പ്രോഗം, അകിട്വീക്കം, ഉദരസംബന്ധമായ രോഗം, പനി എന്നിവയാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏകമൃഗാശുപത്രിയുടെ സേവനം എല്ലാ പ്രദേശത്തും ലഭ്യമല്ല. മലയോരങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന പ്രസ്തുത മൃഗാശുപത്രിയിൽ എത്തുവാൻ കിലോമീറ്ററുകളോളം യാത്ര ചെയ്യണം. മൃഗാശുപത്രിയുടെ പരിമിതമായ സൗകര്യങ്ങളും യാത്രാക്ലേശവുംമൂലം ചികിത്സകൾ ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

ഉൽപാദനശേഷിയുള്ള പശുക്കളുടെ അഭാവം മൂലം ഈ പഞ്ചായത്തിൽ ക്ഷീര ഉൽപാദനരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടില്ല. മുന്തിയഇനം പശുക്കളെ വാങ്ങാൻ കർഷകന് കഴിയുന്നില്ല. ഇതിനുവേണ്ടി ബാങ്കുകൾ മുഖേന ലഭിക്കുന്ന വായ്പ കർഷകർക്ക് വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല. I.R.D.P. നൽകുന്ന വായ്പ അപര്യാപ്തമാണ്. 20000 /- രൂപയിൽ താഴെ വായ്പ ലഭിക്കുന്നതിനാൽ മെച്ചപ്പെട്ടയിനം പശുക്കളെ വാങ്ങാൻ കർഷകന് സാധിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ നാമമാത്രമേയുള്ളൂ. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകർക്ക് ഈ രംഗത്തുള്ള അറിവ് പരിമിതമാണ്. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ലഭ്യമാണെങ്കിലും ഉദ്യോഗസ്ഥൻമാരുടെ സേവനതാല്പര്യമില്ലായ്മയും കർഷകരുടെ അജ്ഞതയും മൂലം ജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും കന്നുകാലി വളർത്തുന്നതിന് അനുയോജ്യമാണ്. 8,9 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു കന്നുകാലി വളർത്തൽ കേന്ദ്രം സ്ഥാപിക്കാവുന്നതാണ്. ഈ രംഗത്ത് ശാസ്ത്രീയമായ പുരോഗതി കൈവരിക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ ഒരു റിസർച്ച് സെൻറർ ആരംഭിക്കണം. വാർഡുകൾ തോറും പാൽസംഭരണ സഹകരണ യൂണിറ്റുകൾ തുടങ്ങണം.

പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ്.
2. പാലിന്റെ വിലക്കുറവ്.
3. തീറ്റപുല്ലിന്റെ ദൗർലഭ്യം
4. ആധുനികരീതിയിലുള്ള തൊഴുത്തുകളുടെ അഭാവം
5. വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
6. ശാസ്ത്രീയ രീതിയിലുള്ള അറവുശാലകളുടെ അഭാവം
7. I.R.D.P. പോലുള്ള വായ്പാസംവിധാനത്തിലെ വീഴ്വുകൾ (കൈകൂലി, സ്വജനപക്ഷപാതം)
8. വായ്പ ലഭിക്കുന്നതിനുള്ള കാലവിളംബരം
9. അത്യുത്പാദനശേഷിയുള്ള സങ്കരവർഗ്ഗ കന്നുകാലികളുടെ അഭാവം
10. അശാസ്ത്രീയമായ നായ് വളർത്തൽ പേയ് വിഷബാധയ്ക്ക് കാരണമാകുന്നു.

11. കോഴിവസന്ത പോലുള്ള രോഗങ്ങൾ.

പരിഹാരങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയ്ക്ക് പുറമെ കുളമാവ്, കോതപാറ, ഇലപ്പള്ളി തുടങ്ങിയപ്രദേശങ്ങളിൽഅടിയന്തിരമായി മൃഗാശുപത്രി അനുവദിക്കുക.
2. ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുക.
3. വിതരണത്തിന് ശേഷം മിച്ചം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കിമാറ്റുന്നതിനും അവ വിറ്റഴിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
4. കർഷകർക്ക് ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
5. സഹകരണ സംഘങ്ങൾ മുഖേന കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റ, പുൽകൃഷിയ്ക്ക് ആവശ്യ മായ വിത്ത് എന്നിവ കർഷകന് ലഭ്യമാക്കുക.
6. I.R.D.P. ലോൺ സുതാര്യമാക്കുക.
7. വായ്പതുക വർദ്ധിപ്പിക്കുക.
8. ഡയറിഫാമുകൾ തുടങ്ങുവാൻ വായ്പ ലഭ്യമാക്കുക.
9. വായ്പയുടെ പലിശനിരക്ക് കുറയ്ക്കുക.
10. നിലവിലുള്ള ബ്ലോക്ക് ക്ഷീരവികസന ഓഫീസ് മൂലമറ്റത്ത് നിന്നും മാറ്റുവാനുള്ള ശ്രമം ഉപേക്ഷിക്കുക.
11. നിലവിലുള്ള ബ്ലോക്ക് ക്ഷീരവികസന ഓഫീസിൽ നിന്നും കന്നുകുട്ടകൾക്ക് നൽകുന്ന കാലിത്തീറ്റയുടെ അളവ്സബ്സിഡി നിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുക.
12. ആരേഗ്യപരിപാലനത്തിന്വേണ്ട ധാതുലവണങ്ങളും വിറ്റാമിനുകളും നൽകുക.
13. എല്ലാകന്നുകാലികളെയും ഇൻഷ്വർ ചെയ്യാനുള്ള നടപടികൾ നടത്തുക.
14. ഉല്പാദനക്ഷമതയുള്ള പശുക്കളെ വളർത്തുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യകളും പരിശീലന പരിപാടികളും അഭ്യസിപ്പിക്കുക.
15. കോഴിവസന്ത രോഗത്തിനെതിരെയുള്ള പ്രതിരോധകുത്തിവയ്പ് നടത്തുക.
16. കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ നല്കുകയും ചെയ്യുക.
17. കോഴി, കോഴിമുട്ട, വിപണനത്തിന് പഞ്ചായത്ത് തലത്തിൽ പെതുസംവിധാനം ഏർപ്പെടുത്തുക.

വിവിധ ബാങ്കുകളുടെ വായ്പതുകകൾ

ബാങ്കുകൾ	ഇനം	തുക
കാർഷിക വികസന ബാങ്ക്	1പശു ചെറിയ തെഴുത്ത്	12000
സ്റ്റേറ്റ് ബാങ്ക്	1 പശു	8000
യൂണിയൻ ബാങ്ക്	സിംഗിൾ ഡയറി തെഴുത്ത് ഉൾപ്പെടെ	15000
സഹകരണ ബാങ്ക്	1 പശു	7500
സഹകരണ ബാങ്ക്	2 പശു	19200

വളർത്തുമൃഗങ്ങൾ

വാർഡ് നം	കാള	പശു	എരുമ	പോത്ത്	ആട്	പട്ടി	പന്നി
1	15	505	2	1	109	380	352
2	17	608	3	–	212	487	282
3	11	574	5	–	189	396	163
4	4	803	20	8	202	606	292
5	4	979	20	4	180	802	218
6	11	996	21	6	203	500	362
7	10	748	10	3	186	403	183
8	18	438	13	4	202	702	216
9	54	660	28	2	306	606	248
10	15	785	19	16	508	800	113
11	6	577	24	4	600	1103	107

വളർത്തുപക്ഷികൾ

വാർഡ് നം	കോഴി	താറാവ്	മറ്റുള്ളവ
1	1776	110	150
2	1573	66	58
3	1935	82	48
4	2977	89	165
5	2351	104	101
6	2678	44	88
7	3861	70	163
8	2831	85	163
9	1574	46	86
10	2444	76	60
11	2430	96	78

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം.

അറക്കുളം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 11.38% പട്ടികജാതിക്കാരും 30.85% പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ്. വിദ്യാഭ്യാസവും, സാമൂഹികവും, സാമ്പത്തികവുമായ മേഖലകളിൽ കുറെയൊക്കെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗവൺമെൻറ് നടപ്പിലാക്കുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവ് ഇല്ലാത്തതു കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകാരണം ഈ മേഖലകളിൽ പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകി വരുന്ന നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗങ്ങൾ ഭാഗീകമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായക മായിട്ടുണ്ട്.

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വാർഡ് തിരിച്ച് ചുവടെ ചേർക്കുന്നു.

1. എടാട് STകോളനിയിൽ 70 കുടുംബങ്ങളും, പുള്ളിക്കാനം SC കോളനിയിൽ 76 കുടുംബങ്ങളും താമസിക്കുന്നു. ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഇല്ല. ഇവിടെ പൊതുജീവിതം വളരെ ദുരിതപൂർണ്ണമാണ്. വിദ്യാഭ്യാസ സൗകര്യം ഈ വാർഡിൽ അപര്യാപ്തമാണ്.നിലവിലുള്ള L.Pസ്കൂൾ U.P സ്കൂൾ ആയി അപ്ഗ്രേഡു ചെയ്യാമെങ്കിലും കുട്ടികളുടെ കുറവ് ഇതിന് തടസ്സമാകുന്നു. ഈ മേഖലയിൽ എല്ലാവരും തന്നെ കർഷകരും തൊഴിലാളി കളുമാണ്. സ്വന്തമായി വീടില്ലാത്തവരും ഇവിടെ ഉണ്ട്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഒന്നും ഇല്ല.

2. ഈ വാർഡിൽ ഉള്ള ഭൂരിഭാഗം ജനങ്ങളും പട്ടികവർഗ്ഗക്കാരാണ്. അന്തർ ഭാഗങ്ങൾ പട്ടികവർ ഗ്ഗകോളനിയും ആണ്. ഗതാഗത സൗകര്യം ഇല്ലാത്തതുകൊണ്ട് കുട്ടികളെ സ്കൂളിൽ അയക്കു ന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നു. വൈദ്യുതി പൂർണ്ണമായും ഈ പ്രദേശങ്ങളിൽ എത്തിയിട്ടില്ല.

3. പട്ടികജാതിക്കാർ ധാരാളമായി അധിവസിക്കുന്ന പ്രദേശമാണ് ഈ വാർഡ് . ഇവിടെ ഗതാഗത സൗകര്യങ്ങൾ വളരെ പരിമി തമാണ്. ഈ വാർഡിൽ മൂലമറ്റം ഹൈസ് കൂളിനോടും കോളേജിനോടും ചേർന്ന് ആൺകുട്ടികൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാൻ അനുയോജ്യമാണ് ഈ വാർഡ്.

4. ഈ വാർഡിൽ SC / ST കോളനികൾ ഇല്ല എങ്കിലും SC വിഭാഗത്തിൽപ്പെട്ട ധാരാളം ആളുകൾ ഈ വാർഡിൽ ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ പരിമിതമാണ്. ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ആളുകൾ ഈ വിഭാഗത്തിൽ കുറവാണ്. കൂടുതൽ ആളുകൾ കൂലിപ്പണിക്കാരാണ്. സ്വന്തമായി സ്ഥലമോ പാർപ്പിടമോ ഇല്ലാത്തവരാണ് കൂടുതലും. തൊഴിൽ രഹിതർ ധാരാളമുണ്ട്. ഈ വാർഡിൽ ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിച്ചാൽ ഉപജീവനമാർഗ്ഗത്തിനുള്ള തൊഴിൽ ലഭിക്കാൻ സാധിക്കും. തയ്യൽ ജോലി അറിയാവുന്നവർ ഇവിടെ ധാരാളം ഉണ്ട്.

5. ഈ വാർഡിലെ കരിപ്പലങ്ങാട് പട്ടികവർഗ്ഗകോളനിയാണ്. വൈദ്യുതിയോ കുടിവെള്ളമോ മറ്റ് ജീവിതസൗകര്യങ്ങളോ ഒന്നും ഇവിടെ ഇല്ല. ഇവിടെയുള്ള കൂടുതൽ ആളുകളും കൃഷിക്കാരാണ്. മണ്ണ് സംരക്ഷണ പദ്ധതികൾ ഇവിടെ അത്യാവശ്യമാണ്. ഇവിടെ മുൻകാലങ്ങളിൽ അനുവദിച്ചിരുന്ന പദ്ധതികൾ ഉദ്യോഗസ്ഥൻമാരും ഇടനിലക്കാരും ചേർന്ന് തട്ടി എടുത്തു. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത കുടുംബങ്ങളും ഇവിടെ ഉണ്ട്.

6. SC /ST കോളനി ഇല്ല. എങ്കിലും ഈ വിഭാഗത്തിൽ ഉള്ള ആളുകൾ ഉണ്ട്. ഈ വിഭാഗത്തിൽ പ്പെട്ട കൂടുതൽ ആളുകളും സർക്കാർ പുറം പോക്കിലാണ് താമസം. ഭൂമിയ്ക്ക് പട്ടയം ഇല്ല. സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവരും ഉണ്ട്. കൂടുതലും കൂലിപ്പണി ക്കാരാണ്. ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേ ണ്ടതുണ്ട്. കുടിവെള്ളം വൈദ്യുതി റോഡ് എന്നിവ ഉണ്ടാകണം.

ആറ്റു തീരത്തുള്ള വീടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടി കൊടുക്കണം. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക, വളർത്തു മൃഗങ്ങളെ സൗജന്യമായി നൽകുക . തയ്യൽ സെൻറർ പോലുള്ള യൂണിറ്റു കൾ സ്ഥാപിച്ച് ആരംഭിക്കണം. SC / ST വനിതകൾക്കായി

7. പട്ടികവർഗ്ഗ സെറ്റിൽമെന്റു പ്രദേശമാണ് ഈ വാർഡ്. ഏകദേശം 400 ഓളം ST കുടുംബങ്ങൾ ഇവിടെ ഉണ്ട്. ഇവിടെ അടിസ്ഥാനസൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. ഈ വിഭാഗത്തിൽപ്പെട്ട മൂന്നിൽ ഒന്നു കുട്ടികളും സ്കൂളിൽ പോകുന്നില്ല. റോഡ്, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ല. അജ്ഞതയുടെ ഫലമായി ഇന്നും പലരീതിയിലുള്ള ചൂഷണങ്ങൾക്ക് ഇവർ വിധേയരാകുന്നു. ഇതിൽ നിന്നും മോചനം ലഭിക്കുന്നതിന് ആവശ്യമായ ബോധവത്കരണ ക്ലാസ്സുകൾ നടത്തേണ്ടത് ആവശ്യമാണ്.

8. SC / ST കോളനികൾ ഒന്നും ഇല്ല. എന്നാൽ ഈ വിഭാഗത്തിൽ പ്പെട്ട ആളുകൾ ഇവിടെ ഉണ്ട്. കർഷകരും കർഷകതൊഴിലാളികളുമാണ് ഇവിടുത്തെ ആളുകൾ . റോഡ്, വൈദ്യുതി പ്രാഥമിക സൗകര്യങ്ങളായ വീട്, കക്കൂസ് മുതലായ സൗകര്യങ്ങൾ ഒന്നും ഇല്ല.

9.SC /ST കോളനികൾ നിലവിൽ ഉണ്ട്. ഉറുമ്പള്ള് SC കോളനിയാണ്. പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന കപ്പക്കാനം, മുല്ലക്കാനം, ഉറുമ്പള്ള്, ചക്കിവാലി , വലിയള്ള് എന്നീ സ്ഥലങ്ങൾ പട്ടികവർഗ്ഗകോളനിയായി പ്രഖ്യാപിക്കണം. ഈ പ്രദേശങ്ങളിൽ വൈദ്യുതി, കുടിവെള്ളം, റോഡ്, പൊതുമാർക്കറ്റ്, റേഷൻകട, പോസ്റ്റോഫീസ് തുടങ്ങിയ സൗകര്യങ്ങൾ ഒന്നും ഇല്ല. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ തന്നെയാണ്. ഇവിടെയുള്ള ആളുകൾക്ക് പോലീസ് സ്റ്റേഷനിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നീതി ലഭിക്കുന്നില്ല എന്ന പരാതി ഉണ്ട്.

10. ഇവിടെ SC /ST കോളനികൾ ഒന്നും ഇല്ല. എങ്കിലും ഈ വിഭാഗത്തിൽപ്പെട്ട ധാരാളം ആളുകൾ ഉണ്ട്. കൂടുതലും കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ്. സ്വന്തമായി വീടൊ, ഭൂമി ഇല്ലാത്തവരും ഉണ്ട്. SSLC ക്കു ശേഷം തുടർ വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ല. ശുദ്ധജലം, വൈദ്യുതി, റോഡ്, മണ്ണ് സംരക്ഷണപദ്ധതികൾ ആധുനിക കൃഷി വിളകളുടെ വിത്തുകൾ, മുതലായവയാണ് ഇവിടുത്തെ പ്രധാന ആവശ്യങ്ങൾ.

11. ഇവിടെ SC / ST കോളനികൾ ഇല്ല. എന്നാൽ ഈ വിഭാഗത്തിൽ പ്പെട്ട ആളുകൾ ധാരാളം ഉണ്ട്. പ്രാഥമികസൗകര്യങ്ങൾ ഒന്നും ഇല്ല. റോഡ്, ഹെൽത്ത് സെൻറർ, പോസ്റ്റോഫീസ് , വിദ്യാല.ങ്ങൾ തുടങ്ങിയ എല്ലാസൗകര്യങ്ങളും ആവശ്യമാണ്. ട്രൈബൽ ഹോസ്റ്റൽ, കൃഷി ഭവൻ കമ്മ്യൂണിറ്റി ഹാൾ T.V സെൻറർ, വായനശാല, മിനിസേറ്റ ഡിയം വൈദ്യുതി, മണ്ണു സംരക്ഷണം, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം, കുടിവെള്ളം, ജലസേചന സൗകര്യങ്ങൾ, കക്കൂസുകൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

നിർദ്ദേശങ്ങൾ

1. ചൂഷകരായി നിൽക്കുന്ന ഇടനിലക്കാരെയും ഉദ്യോഗസ്ഥൻമാരേയും ഒഴിവാക്കി ആനുകൂല്യം നേരിട്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകുക.
3. SC /ST ഇൻഫൊർമേഷൻ സെൻറർ ആരംഭിക്കുക.
4. വീടുകൾക്കുള്ള ധനസഹായം സുതാര്യമാക്കുക.
5. SC /ST വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വിവിധ ഡിപ്പാർട്ടുമെൻറ്റുകളിൽ നിന്നു ലഭിക്കുന്ന ധനസഹായങ്ങൾക്ക് അനാവശ്യ നിർബന്ധകൾ ഒഴിവാക്കുക.
6. SC /ST വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുക.
7. ഈ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും , അനാഥർക്കും, വികലാഗർക്കും ഉള്ള ആനുകൂല്യങ്ങളും , പുനരധിവാസ സൗകര്യങ്ങളും ഏർപ്പെടുത്തുക.
8. SC /ST വിഭാഗങ്ങൾ കൂടുതൽ പ്രദേശങ്ങൾ കോളനിയായി പ്രഖ്യാപിക്കുക.
9. SC /ST വിഭാഗങ്ങൾക്ക് വേണ്ടി നിയമബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
10. വയനാട് മോഡൽ ഒരു ഉന്നതാധികാരസമിതി രൂപീകരിച്ച് ഈവിഭാഗങ്ങളെ

വിദ്യാഭ്യാസം

തൊടുപുഴ താലൂക്കിന്റെ കിഴക്കൻഭാഗമായ അറക്കുളം മൂന്ന് വശങ്ങളും മലനിരകളും പാറക്കെട്ടുകളും നിബിഡവനങ്ങളും നിറഞ്ഞ ഒരു പ്രദേശമാണ്. ഭാഗ്യവശാൽ ഏകദേശം നൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ വിദ്യയുടെ വെള്ളിവെളിച്ചം ഈ മലനിരയിലെ ജനങ്ങൾക്ക് അനുഭവവേദ്യമായി ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം അറക്കുളം പന്ത്രണ്ടാം മൈലിൽ സ്ഥാപിച്ച ശ്രീചിത്തിര വിലാസം L.P.S സ്കൂൾ (പണിക്കരുപള്ളിക്കുടം) ആണ്. അതിനുശേഷം കോട്ടയം ആസ്ഥാനമായുളഅള C.M.S മിഷനറിമാരുടെ ശ്രമഫലമായി കൂവപ്പള്ളി, കണ്ണിക്കൽ, ഇലപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടായി. എന്നാൽ നിർഭാഗ്യവശാൽ ഇന്നും അതേ പ്രാഥമികവിദ്യാലയങ്ങൾ മാത്രമേ ഈ പ്രദേശങ്ങളിലുള്ളൂ. സ്ഥാപിതമായ അതേ അവസ്ഥയിൽ ഇന്നും ഈ വിദ്യാലയങ്ങൾ തുടരുന്നു. അധികാരികളുടെയും മറ്റുള്ളവരുടെയും അനാസ്ഥ തന്നെയാണ് ഇതിനു കാരണം. വിദ്യാഭ്യാസമേഖലയിൽ സർക്കാർ മുതൽമുടക്ക് അറക്കുളം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാമമാത്രമാണ്.

1950കളിൽ കണ്ണംപടി, കരിപ്പലങ്ങാട് (ടി. എസ്. അറക്കുളം) പതിപ്പള്ളി, ഇലപ്പള്ളി,എടാട്മല എന്നീ മേഖലകളിൽ ഓരോ പ്രൈമറി വിദ്യാലയം കെട്ടിടസൗകര്യത്തോടുകൂടി സർക്കാർ ആരംഭിച്ചു. ഇവയിൽ കണ്ണംപടി, കരിപ്പലങ്ങാട്, പതിപ്പള്ളി എന്നിവ പിന്നീട് U.P. സ്കൂളുകളായി ഉയർത്തി. ഈ വിദ്യാലയങ്ങൾ ഹൈസ്കൂളുകളായി ഉയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇതോടൊപ്പം സുവർണ്ണ ജൂബിലി ആഘോഷിച്ചുകഴിഞ്ഞ ഒരു വിദ്യാലയമുത്തശ്ശിയാണ് അറക്കുളം സെന്റ് തോമസ് യു. പി. സ്കൂൾ. ഈ പഞ്ചായത്ത് നിവാസികളുടെ ഉന്നതവിദ്യാഭ്യാസ സ്വപ്നം 1980 ൽ മൂലമറ്റം കോളജ് സ്ഥാപനത്തോടെ ഭാഗീകമായി സഫലീകൃതമായി. ഇനിയും സാങ്കേതിക വിദ്യാഭ്യസസ്ഥാപനങ്ങളുടെയും കോഴ്സുകളുടെയും അഭാവമാണ് ഉള്ളത്. ഈ വിദ്യാഭ്യാസ മേഖലിയിൽ സമഗ്രമായ ആസൂത്രണവും മുതൽമുടക്കും ആവശ്യമുണ്ട്. ഈ നാടിന്റെ പ്രദേശികഅവസ്ഥയും അഭിവൃദ്ധികക്കും ഉതകുന്ന വിദ്യാഭ്യാസസൗകര്യങ്ങളാണ് ഇനിയുണ്ടാകേണ്ടത്. സാങ്കേതിക തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നയമാണ് ഉണ്ടാകേണ്ടത്.

നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗകര്യങ്ങളും

വാർഡ് 1 എടാട്

ഇവിടെ ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകൾ ഉള്ള ഗവ: പ്രൈമറി സ്കൂൾ പ്രവർത്തിക്കുന്നു. ഈ സ്കൂളിലെ ഒന്നും രണ്ടും ക്ലാസുകൾ ഷിഫ്റ്റടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസ നിലവാരത്തിൽ ഈ സ്കൂൾ വളരെ പിന്നാക്കമാണ്. നാല് അദ്ധ്യാപകർ നിലവിലുണ്ടെങ്കിലും പഠനസമ്പ്രദായങ്ങൾ തൃപ്തികരമല്ല. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഒരു ഹൈസ്കൂൾ ആക്കേണ്ടിയിരിക്കുന്നു. ഈ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അദ്ധ്യാപകർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് നിർമ്മിച്ച് നൽകേണ്ടതുമാണ്.

വാർഡ്-2 ഇലപ്പള്ളി

പഞ്ചായത്തിന്റെ 2ാം വാർഡായ ഇലപ്പള്ളിയിൽ 1 മുതൽ 4 വരെ ക്ലാസുകളുള്ള ഒരു ഗവ. ലോവർ പ്രൈമറി സ്കൂളും അഞ്ചുമുതൽ ഏഴുവരെ ക്ലാസുകളുള്ള C.M.SU.P. സ്കൂളും നിലവിലുണ്ട്. കൂടാതെ ഒരു അൺ എയ്ഡഡ് പ്രൈമറി സ്കൂളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിലെ പഠനനിലവാരം തുലോം കുറവാണ്. ഇതിന് മുഖ്യകാരണം ഭൗതിക സാഹചര്യങ്ങളുടെയും, സൗകര്യങ്ങളുടെയും അഭാവവും, സ്കൂളിൽ നിലവിലിരുന്ന ഷിഫ്റ്റ് സമ്പ്രദായവുമാണ്.

വ്ർഡ്-3 കൂവപ്പള്ളി

ഈ വാർഡിൽ കണ്ണിക്കൽ സ്ഥിതി ചെയ്യുന്ന C.M.S.L.P. സ്കൂൾ 1-1- 1907ൽ സ്ഥാപിതമായതാണ്. ഈ സ്കൂളിലെ വിദ്യാഭ്യാസനിലവാരം തുലോം പിന്നോക്കമാണ്. സ്കൂളിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം ഇതിനൊരു പ്രധാന കാരണമാണ്. ഇവിടത്തെ കുട്ടികളുടെ ഉന്നമനത്തിന് ഈ സ്കൂൾ സർവ്വോപരി നിലനിർത്തുന്നതും ഇവിടെയൊരു ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കണം. ഈ സ്കൂൾ 7-10 സ്റ്റാൻഡേർഡ് വരെയെങ്കിലും ആയി ഉയർത്തേണ്ടതാണ്. കാരണം അഞ്ചാം ക്ലാസ് മുതൽ തുടർ

വിദ്യാഭ്യാസത്തിന് കുട്ടികൾ 8 കിലോമീറ്റർ വരെ കാൽന ടയായി സഞ്ചരിക്കേണ്ടിയിരിക്കുന്നു.

വാർഡ്-4 അറക്കുളം

ഇവിടെ നിലവിൽ ഒന്നുമുതൽ നാലു വരെ ക്ലാസു കളുള്ള കാഞ്ഞാർ സെന്റ് ജോസഫ്സ് L.P സ്കൂൾ 1 മുതൽ 4 വരെ ക്ലാസുകളുള്ള അറക്കുളം S.C.V സ്കൂൾ 5 മുതൽ 7 വരെ ക്ലാസുകളുള്ള സെന്റ് തോമസ് യു. പി. സ്കൂൾ, 8 മുതൽ 10 വരെ ക്ലാസുകളുള്ള സെന്റ് മേരീസ് ഹൈസ്കൂളും സ്ഥിതി ചെയ്യുന്നു. കൂടാതെ എം. ജി. യൂണി വേഴ്സിറ്റിയിലെ പ്രമുഖ കോളജുകളിലൊന്നായ സെന്റ്. തോമസ് കോളേജ് മൂലമറ്റവും ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത് പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നില വളരെ ശോചനീയമാണ്. ഇതിനു കാരണം കാണാൻ എൽ. പി. സ്കൂളിലെ 1 മുതൽ 3 വരെ സ്റ്റാൻഡേർഡുകളിലുള്ള ഷിഫ്റ്റ് സമ്പ്രദായവും മറ്റുമാണ്. ഇത് മാറ്റേണ്ടിയിരി ക്കുന്നു.

വാർഡ്-5 മൂലമറ്റം നോർത്ത്

ഇവിടെ പഞ്ചായത്തിലെ പ്രധാന സ്കൂളായ ഗവ. വൊക്കേഷൻ ഹൈയർ സെക്കന്ററി സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇവിടെ 10 ാം ക്ലാസ് പഠനത്തിന് ശേഷം തൊഴി ലധിഷ്ഠിത വിദ്യാഭ്യാസസൗകര്യമുണ്ട് എങ്കിലും പരിമിത മാണ്. ഈ വാർഡുകളിലുള്ള മറ്റൊരു സ്കൂളാണ് SHEM ഹൈസ്കൂൾ മൂലമറ്റം. കൂടാതെ നല്ലനിലയിലയിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ജോർജ്ജ് യു. പി. സ്കൂളും ഈ വാർഡിലാണ്. ഗവ. വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക രക്ഷാകർതൃ സമിതി കാര്യക്ഷമമല്ലാത്തതുകൊണ്ടും മറ്റു സാമൂഹ്യ പശ്ചാത്തലം മൂലവും സ്കൂളിലെ പഠനനിലവാരം വളരെ പിന്നോക്ക മാണ്. ഈ സ്കൂളിൽ കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്.

വാർഡ്-6 മൂലമറ്റം സൗത്ത്

ഈ വാർഡിൽ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുക ളിലായി പ്രവർത്തിച്ചുവരുന്ന I.H.E.P.U.P സ്കൂളിന്റെ നില തൃപ്തികരമല്ല. ഈ സ്കൂളിന് ചുറ്റ് മതിൽ നിർമ്മിച്ച് വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടതാണ്.

വാർഡ്-7 പതിപ്പള്ളി

ഇവിടെ 1 മുതൽ 7 വരെ ക്ലാസുകളിലായി പ്രവർത്തി ച്ചുവരുന്ന ട്രൈബൽ യു. പി. സ്കൂൾ പതിപ്പള്ളിയുടെ നിലയും തൃപ്തികരമല്ല. ഭൗതിക സാഹചര്യങ്ങളുടെ അഭാ വവും അദ്ധ്യാപകരുടെ താമസസൗകര്യക്കുറവും ഈ സ്കൂളിലെ പഠനനിലവാരം മോശമാകുന്നതിന് പ്രധാന കാരണങ്ങളാണ്. ഇവിടെ ട്രൈബൽ വിഭാഗത്തിലുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണം. ഈ സ്കൂൾ എത്രയും വേഗം ഒരു ഹൈ സ്കൂളായി അപ്ഗ്രേഡ് ചെയ്യേണ്ടതാണ്.

വാർഡ്-8 മൂലമറ്റം ഈസ്റ്റ്

ഇവിടെ നിലവിൽ പൊതു വിദ്യാഭ്യാസസ്ഥാപന ങ്ങൾ ഒന്നുമില്ല. ഇവിടെയുള്ള കുട്ടികൾ 8 വരെ കിലോമീ റ്ററുകൾ നടന്നുവേണം പ്രാഥമിക വിദ്യാഭ്യാസം നേടേ ണ്ടത്. ഇതിനു പരിഹാരമായി ഒരു പ്രൈമറി സ്കൂൾ എങ്കിലും അടിയന്തരമായി ഈ വാർഡിൽ ആരംഭിക്കണം

വാർഡ്-9 കുളമാവ്

ഇവിടെ 1 മുതൽ 4 വരെ ക്ലാസുകളുള്ള I.H.E.P എൽ. പി. സ്കൂളും 5 മുതൽ 10 വരെ ക്ലാസുകളുള്ള I.H.E.P ഹൈസ്കൂളും ഉണ്ട്. ഈ സ്കൂളിലെ വിദ്യഭ്യാസ നിലവാരം മോശമാണ്. ഇതിനു കാരണം കുട്ടികളുടെ ഭൗതിക സൗകര്യങ്ങളുടെ കുറവും യാത്രാ ക്ലേശവുമാണ്. നിലവിൽ കുട്ടികൾ കടത്തു കടന്നും ആനക്കാട്ടിലൂടെ കിലോമീറ്ററുകൾ താണ്ടിയുമാണ് സ്കൂളിലെത്തുന്നത്. സ്കൂളിന്റെ അടിസ്ഥാനസൗകര്യവും വളരെ പരിമിതമാണ്. സ്കൂൾ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ഇലക്ട്രിസിറ്റി ബോർഡ് അധികാരികൾ പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറാത്തതുമൂലം സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പ ണികൾ നടക്കുന്നില്ല.

വാർഡിലെ വേറിട്ട് കിടക്കുന്ന പ്രദേശങ്ങളായ ചക്കിമാലി, മുല്ലക്കാനം, ഉറുമ്പള്ള്, കപ്പക്കാനം തുടങ്ങിയ സ്ഥലങ്ങളിലെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസത്തി നായി ഒരു സ്കൂൾ ഈ പ്രദേശത്ത് അടിയന്തിരമായി ആരം ഭിക്കേണ്ടതുണ്ട്. കുളമാവിലെ സ്കൂൾ കെട്ടിടങ്ങൾ സർക്കാരിന് കൈമാറി ടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി കൾ ഉടനടി തീർക്കേണ്ടതാണ്.

വാർഡ്-10 കോതപ്പാറ

ഇവിടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നു മില്ല. ഇവിടുള്ള കുട്ടികൾ അനേകം കിലോമീറ്റർ നടന്ന് പീരുമേട് താലൂക്കിലെ സ്കൂളുകളെയാണ് ആശ്രയിക്കു ന്നത്. ഇതിനു പരിഹാരമായി ഒരു പ്രൈമറി സ്കൂൾ എങ്കിലും ഈ വാർഡിൽ അടിയന്തിരമായി സ്ഥാപിക്കണം.

വാർഡ് 11 കണ്ണംപടി

ഇവിടെ 1 മുതൽ 7 വരെ സ്റ്റാൻഡേർഡുകൾ ഉള്ള കണ്ണംപടി ട്രൈബൽ യു. പി. സ്കൂൾ പ്രവർത്തിക്കുന്നു. ഈ സ്കൂൾ 10 കിലോമീറ്റർ വനത്തിനുള്ളിലാണ് പ്രവർത്തിയ്ക്കുന്നത്. കുട്ടികളുടെ സൗകര്യത്തെ കരുതി ഒരു ട്രൈബൽ ഹോസ്റ്റൽ ആൺകുട്ടികൾക്കും പെൺകു ട്ടികൾക്കുമായി സ്ഥാപിക്കേണ്ടാതായുണ്ട്. ഇവിടെ പഠനം പൂർത്തിയാക്കുന്ന കുട്ടികൾ തുടർന്ന് പഠിക്കുവാൻ സൗക

ര്യമില്ലാത്തതുമൂലം പഠനം അവസാനിപ്പിക്കുകയാണ് പതിവ്. ഇതിനു പരിഹാരമായി ഈ സ്കൂൾ ഒരു ഹൈസ്കൂൾ ആക്കി ഉയർത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഈ ആവശ്യത്തിന് വർഷങ്ങൾ നീണ്ട പഴക്കമുണ്ട്. കൂടാതെ അദ്ധ്യാപകർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സ് സൗകര്യവുമുണ്ടാക്കണം.

പൊതുവായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. സർക്കാർ വിദ്യാലയങ്ങളിലെ നിലവാരക്കുറവിന് മുഖ്യ കാരണം ആവശ്യത്തിന് അദ്ധ്യാപകരില്ല എന്നതാണ്. താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ ഒരിക്കലും നികത്തപ്പെടുന്നില്ല. കൂടാതെ അദ്ധ്യാപകരെ സെൻസസ്, മറ്റ് സർവ്വേ ജോലികൾ ഇവകൾക്കായി നിയോഗിക്കുന്നു. ഇതിനു പരിഹാരമായി സർക്കാർ സ്കൂളുകളിലെ താല്ക്കാലിക ഒഴിവുകൾ പ്രാദേശികമായി യോഗ്യതകളുള്ളവരിൽനിന്നും സ്കൂൾ ഹെഡ്മാസ്റ്ററും ഗ്രാമപഞ്ചായത്ത് അംഗങ്ങളും ഉൾപ്പെടുന്ന ഒരു സമിതി തെരഞ്ഞെടുപ്പ് നടത്തി നികത്തേണ്ടതാണ്.

2. അദ്ധ്യാപകരുടെ താല്പര്യക്കുറവും ആത്മാർത്ഥതയില്ലായ്മയും നിലവാരക്കുറവിന് കാരണമാകുന്നു. ഇതിന് പരിഹാരമായി ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം സ്കൂൾ പരിശോധനയും ശക്തമായി നടത്തേണ്ടതുണ്ട്. അതിന് വിദ്യാഭ്യാസ ഓഫീസറിന് വാഹനസൗകര്യമേർപ്പെടുത്തണം.

3. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനും അവർക്ക് സൂപ്പർവിഷൻ കാര്യക്ഷമമായി നടത്തുന്നതിന് 200ൽ കൂടുതൽ കുട്ടികളുള്ള പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽനിന്നും ഒഴിവാക്കുകയും ഈ സ്കൂളിൽ ഒരു അധിക തസ്തിക അനുവദിക്കേണ്ടതുമാണ്.

4. അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അഭാവം സ്കൂളുകളുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. പ്രദേശിക വികസനകാര്യങ്ങളിൽ സംതുലിതാവസ്ഥ പാലിച്ചിരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ആവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് നല്കിക്കൊണ്ട് ഗ്രാമപഞ്ചായത്തുസമിതി ഈ പിന്നോക്കാവസ്ഥ പരിഹരിക്കണം. നിലവിൽ ഒരു പ്രൈമറി സ്കൂൾ പോലുമില്ലാത്ത 8, 10 വാർഡുകളിൽ സ്കൂൾ സ്ഥാപിക്കണം. കെട്ടിട സൗകര്യങ്ങളും അദ്ധ്യാപകർക്കുള്ള താമസ സൗകര്യവും വിപുലപ്പെടുത്തണം.

5. പ്രീ പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കുക.

ഗ്രാമപഞ്ചായത്തിൽ എല്ലാ കുട്ടികൾക്കും സൗജന്യവും ഏകീകൃതവുമായ പ്രീപ്രൈമറി വിദ്യാഭ്യാസം ലഭ്യമാക്കണം. ഇതിനായി അംഗൻവാടികൾ, നേഴ്സറി സ്കൂളുകൾ ഇവയെ ഒരേ തലത്തിലാക്കി അവയ്ക്ക് ഭക്ഷണം, പാൽപ്പൊടി ഇവ ലഭ്യമാക്കണം. കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ഇത് വളരെ അത്യാവശ്യമാണ്.

6. തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകാര്യ മേഖലയുടെ പങ്കാളിത്തത്തോടുകൂടി പഞ്ചായത്തിൽ അറക്കുളം, ഇലപ്പള്ളി, കുളമാവ് തുടങ്ങിയ സ്ഥലങ്ങളിൽ അടിയന്തരമായി ആരംഭിക്കേണ്ടിയിരിക്കുന്നു. കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ അതിന് ഊന്നൽ നൽകിക്കൊണ്ടുള്ള സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.

7. പഞ്ചായത്തിലെ പഴക്കം ചെന്ന പ്രൈമറി സ്കൂളുകളിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം നിലവാരക്കുറവിന് കാരണമാകുന്നു.

ജി. എൽ. പി. എസ്. ഇലപ്പള്ളി, ജി. എൽ. പി. എസ്. പുളിക്കട്ടുമല, സി. എം. എസ്. എൽ. പി. സ്കൂൾ, കുഴിവേലിക്കൽ, എസ്. ജെ. എൽ. പി. എസ്. കാഞ്ഞിരം എന്നീ സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം മാറിയന്തരമായി പിൻവലിച്ച് ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

8. കണ്ണംപടി ട്രൈബൽ യു. പി. സ്കൂൾ, പതിപ്പള്ളി ട്രൈബൽ യു. പി സ്കൂൾ ഇവ ഹൈസ്കൂളുകളായി ഉയർത്തി ആവശ്യത്തിന് കെട്ടിട സൗകര്യങ്ങളും അദ്ധ്യാപകർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സുകളുമുണ്ടാക്കണം.

9. പ്രൈമറി സ്കൂളുകളിൽ ഇന്ന് നില നിൽക്കുന്ന ഓൾ പ്രമോഷൻ രീതി മാറ്റി അർഹരായ കുട്ടികൾക്ക് മാത്രം അടുത്ത ക്ലാസിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടതാണ്. പരീക്ഷാസമ്പ്രദായവും പ്രാദേശികവും കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതായുണ്ട്. ഇതും പ്രൈമറി സ്കൂളിലെ പഠ്യനിലവാരം ഉയർത്തുവാൻ ആവശ്യമാണ്.

10. സ്കൂൾ കോംപ്ലക്സ്.

ഗ്രമപഞ്ചായത്തിലെ പ്രമുഖസ്കൂളായ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി കേന്ദ്രബിന്ദുവായി സ്കൂൾകോംബ്ലക്സ് നിലവിൽ വരുത്തണം. ഇതിന്റെ കീഴിൽ പ്രൈമറി സ്കൂൾ പ്രവർത്തിക്കണം.


11. പഞ്ചായത്തിലെ മലമ്പ്രദേശ സ്കൂളുകളിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകർക്കും ഒരു കോമ്പൻസേറ്ററി അലവൻസ് നൽകുന്നത് ഉത്തമമായിരിക്കും. ഇത് ഇവരെ ഈ പ്രദേശങ്ങളിൽ ജോലി ചെയ്യുവാൻ തല്പരരാക്കും

സ്കൂൾ വിദ്യാഭ്യാസം വിദ്യാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ – പരിഹാരങ്ങൾ

അറക്കുളം പഞ്ചായത്ത് മലനിരകളും കുന്നിൻ ചെരിവുകളും നിറഞ്ഞ ഭൂപ്രകൃതിയുള്ള പ്രദേശമാണ് എന്ന് മുൻപ് പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇക്കാരണത്താൽ തന്നെ ഭൂരിഭാഗം കുട്ടികൾക്കും തങ്ങളുടെ വീടുകളിൽനിന്നും സ്കൂളിൽ എത്തിച്ചേരുവാൻ കിലോമീറ്ററുകൾ നടക്കേണ്ടിവരുന്നു. പഞ്ചായത്തിലെ ആകെ കുട്ടികളിൽ 25% ത്തിലേറെ പേർ ദിവസേന കാൽനടയായി 5 കിലോ മീറ്ററിലധികം സഞ്ചരിക്കേണ്ടിവരുന്നു. കണ്ണംപടി യു. പി. എസ്, കുളമാവ് ഹൈ സ്കൂൾ മൂലമറ്റം ഹൈ സ്കൂൾ എന്നിവടങ്ങളിലെ 10%ത്തോളം കുട്ടികൾ ദിവസേന 10 കിലോമീറ്ററിലധികം കാൽനടയായി സഞ്ചരിച്ചാണ് വിദ്യാഭ്യാസം നടത്തുന്നത്. ഇതു മൂലം ഈ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം ഗണ്യമായി കുറയുന്നതിന് ഇടയാകുന്നു. കൂടാതെ പല കുട്ടികളും ഇടക്കവച്ച് പഠനം നിർത്തുവാനും കാരണമാകുന്നു. ഇതിനു പരിഹാരമായി മലംപ്രദേശ റോഡുകൾ ബന്ധിപ്പിച്ച് മിനി-ബസ് സർവ്വീസ് ആരംഭിക്കുകയും ഹോസ്റ്റലുകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സ്കൂൾകുട്ടികൾക്കിടയിലുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് സ്കൂൾതലത്തിൽ ആവശ്യമുള്ളവർക്ക് വിറ്റാമിൻഗുളികകളും മറ്റും നൽകേണടതാണ്.

സ്കൂൾ അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം:

ഈ പഞ്ചായത്തിലെ പല സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതു മൂലം അദ്ധ്യാപനരംഗത്ത് ഗൗരവമായ വീഴ്ചകൾ വരുന്നു. അദ്ധ്യാപകരുടെ കാര്യക്ഷമതാരാഹിത്യവും ആത്മാർത്ഥതാക്കുറവും ചൂണ്ടിക്കാണിക്കുവാൻ ഒരു വേദിയില്ലാതെവരുന്നു. കൂടാതെ കുട്ടികളുടെ പഠന വൈകല്യങ്ങൾ യഥാസമയം മാതാപിതാക്കളെ അറിയിക്കുവാൻ അദ്ധ്യാപകർക്കും കഴിയുന്നില്ല. സ്കൂൾ ഉച്ചഭക്ഷണവിതരണത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് P.T.A യുടെ സഹകരണം വളരെ അത്യാവശ്യമാണ്. അതിനാൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ മുൻകൈയ്യെടുത്ത് പി. റ്റി. എ. സംവിധാനം കാര്യക്ഷമമാക്കി അദ്ധ്യാപനനിലവാരം മെച്ചപ്പെടുത്തുകയും ഉച്ചഭക്ഷണപരിപാടി കാര്യക്ഷമമാക്കുകയും വേണം.



നമ്പർ	സ്ക്കൂൾ	ഡിവിഷൻ	കെട്ടിടങ്ങളുടെ എണ്ണം			മൂറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മറികൾ	ഇനി ആവശ്യമുള്ള കെട്ടിടം	മൂത്രപുരകളുടെ എണ്ണം	ആവശ്യമുള്ള മൂത്രപുര	കക്കുസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കുസുകൾ	കുടിവെള്ള സംവിധാനം
			സ്ഥിരം	അർദ്ധസ്ഥിരം	താല്ക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താല്ക്കാലികം							
1	C.M.S. LPS Kannikkal	4	-	ഇല്ല	ഇല്ല	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	1	1	1	1	ഉണ്ട്
2	C.M.S. UPS Elappalli	3	2	ഇല്ല	ഇല്ല	6	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	1	1	1	1	ഉണ്ട്
3	St. Thomas U.P.S Arakkulam	8	3	3	ഇല്ല	3	ഇല്ല	ഇല്ല	2	1	2	2	1	ഇല്ല	ഉണ്ട്
4	St. george UPS Moolamattom	25	1	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	2	ഉണ്ട്	2	3	2	ഇല്ല	ഉണ്ട്
5	St. Mery's H.S Arakkulam	12	1	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	2	2	2	ഇല്ല	2	2	ഇല്ല
6	S.H. Englisg H.S Moolamattom	12	1	ഇല്ല	ഇല്ല	14	ഇല്ല	ഇല്ല	1	ഉണ്ട്	2	ഇല്ല	ഇല്ല	1	ഉണ്ട്
7	G.L.P.S Adattumala	5	-	ഇല്ല	ഇല്ല	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	1	ഇല്ല
8	G.L.P.S Elappalli	4	1	ഇല്ല	ഇല്ല	1	ഇല്ല	4	ഇല്ല	ഇല്ല	2	ഇല്ല	1	1	ഇല്ല
9	G.S.V.LPS Arakkula	4	1	ഇല്ല	ഇല്ല	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
10	I.H.E.P.LPS Kulamave	5	2	ഇല്ല	ഇല്ല	1	ഇല്ല	ഇല്ല	4	1	ഇല്ല	2	ഇല്ല	ഉണ്ട്	ഇല്ല
11	G.T. UPS Kannampadi	7	2	ഇല്ല	ഇല്ല	3	4	ഇല്ല	2	ഉണ്ട്	1	3	ഇല്ല	ഇല്ല	ഉണ്ട്
12	I.H.E.P.G. UPS Moolamattom	8	2	1	ഇല്ല	11	5	ഇല്ല	ഇല്ല	ഉണ്ട്	1	ഇല്ല	3	ഇല്ല	ഉണ്ട്
13	G.T. UPS Panipalli	8	2	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	ഇല്ല	ഇല്ല	2	ഇല്ല	2	ഉണ്ട്
14	G.V.H.S.C Moolamattom	12	5	ഇല്ല	ഇല്ല	25	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	2	ഇല്ല	2	ഇല്ല	ഉണ്ട്
15	St. Mary's Elappalli	4	1	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	5	ഇല്ല	5	ഇല്ല	ഉണ്ട്
16	I.H.EIG.H.S Kulamave	12	4	ഇല്ല	ഇല്ല	5	ഇല്ല	ഇല്ല	ഇല്ല	ഇല്ല	4	2	2	ഇല്ല	ഉണ്ട്

നമ്പർ	സ്ക്കൂൾ	സ്ക്കൂളിന്റെ ഉടമസ്ഥത	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			ഇതിൽ SC/ST			
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	പഠനം നിർത്തിയവർ
1	C.M.S. LPS Kannikkal	എയ്ഡ്	-	3	3	19	34	53	12	23	35	ഇല്ല
2	C.M.S. UPS Elappalli	എയ്ഡ്	1	5	6	25	177	42	16	6	22	ഇല്ല
3	St. Thomas U.P.S Arakkulam	എയ്ഡ്	1	9	10	146	142	288	20	27	47	ഇല്ല
4	St. george UPS Moolamattom	എയ്ഡ്	2	27	29	533	491	1024	50	41	91	1
5	St. Mery's H.S Arakkulam	എയ്ഡ്	3	17	20	275	270	545	14	12	26	ഇല്ല
6	S.H. Englisg H.S Moolamattom	അൺഎയ്ഡ്	1	20	21	337	341	651	4	10	14	ഇല്ല
7	G.L.P.S Adattumala	സർക്കാർ	3	1	4	33	19	52	16	6	22	ഇല്ല
8	G.L.P.S Elappalli	സർക്കാർ	1	2	3	23	25	48	10	12	22	ഇല്ല
9	G.S.V.LPS Arakkula	സർക്കാർ	2	2	4	20	21	41	6	5	11	ഇല്ല
10	I.H.E.P.LPS Kulamave	സർക്കാർ	5	-	5	91	71	162	43	24	67	4
11	G.T. UPS Kannampadi	സർക്കാർ	4	-	4	134	133	267	112	111	223	45
12	I.H.E.P.G. UPS Moolamattom	സർക്കാർ	1	8	9	121	131	252	58	85	143	ഇല്ല
13	G.T. UPS Panipalli	സർക്കാർ	2	6	8	57	59	116	55	56	111	4
14	G.V.H.S.C Moolamattom	സർക്കാർ	8	15	23	217	244	461	112	204	316	28
15	St. Mary's Elappalli	അൺഎയ്ഡ്	-	4	4	24	26	50	-	-	-	-
16	I.H.EIG.H.S Kulamave	സർക്കാർ	8	9	17	185	149	334	105	81	184	6

നമ്പർ	സ്ക്കൂൾ	വൈദ്യുതി കരണം	പാചക മുറി	സ്റ്റാഫ് റൂം	ഫർണീച്ചറുകൾ	ഇനി ആവശ്യ മുള്ളവ					ലൈബ്രറി ഉണ്ടോ	പ്രവർത്തിക്കുന്നുണ്ടോ	ലാബ ട്ടറി	പ്രവർത്തിക്കുന്നുണ്ടോ
						ഡസ്ക്ക്	ബഞ്ച്	മേശ	കാസേര	ഓഫീസ് ഫർണീച്ചർ				
1	C.M.S. LPS Kannikkal	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	6	6	3	4	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
2	C.M.S. UPS Elappalli	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	10	15	4	6	4	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	St. Thomas U.P.S Arakkulam	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	8	8	2	4	6	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
4	St. george UPS Moolamattom	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	20	20	10	10	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
5	St. Mery's H.S Arakkulam	ഇല്ല	ഇല്ല	ഇല്ല	ഇല്ല	25	25	2	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
6	S.H. Englisg H.S Moolamattom	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
7	G.L.P.S Adattumala	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	8	ഇല്ല	1	ഇല്ല	1	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
8	G.L.P.S Elappalli	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
9	G.S.V.LPS Arakkula	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
10	I.H.E.P.LPS Kulamave	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	10	20	5	5	4	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
11	G.T. UPS Kannampadi	ഇല്ല	ഇല്ല	ഇല്ല	ഇല്ല	6	14	2	2	1	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
12	I.H.E.G. UPS Moolamattom	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	5	10	4	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
13	G.T. UPS Panipalli	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	15	15	7	10	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
14	G.V.H.S.C Moolamattom	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	20	20	4	5	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
15	St. Mary's Elappalli	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
16	I.H.E.G.H.S Kulamave	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	10	5	3	4	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

നമ്പർ	കോളേജ്	ഉടമസ്ഥത	അദ്ധ്യാപകർ			വിദ്യാർത്ഥികൾ			ഇതിൽ SC/ST			പട്ടിക ജാതിക്കാർ
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	SC/ST
1	St. Joeph Coolge Moolamattom	എയ്ഡ്	31	3	34	390	511	901	68	156	34	ഇല്ല

നമ്പർ	കോളേജ്	ഡിവിഷൻ	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള മുറികൾ	ലബോറട്ടറി	ലൈബ്രറി	ഓഫീസ്	കമ്പ്യൂട്ടറുകളുടെ എണ്ണം	ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകൾ	കുടിവെള്ള സൗകര്യം
			സ്ഥിരം	അർദ്ധ സ്ഥിരം	താല്ക്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താല്ക്കാലികം							
1	St. Joseph Coolge Moolamattom	24	1	-	-	36	-	-	-	-	2	-	14	-	ഉണ്ട്

വനിതാക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷവും സ്ത്രീകളാണെങ്കിലും വിവിധ പ്രവർത്തന മേഖലയിൽ അവരുടെ പങ്കാളിത്തം ആശാവഹമല്ല. 1991 ലെ സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 12221 സ്ത്രീകളും ഉള്ളപ്പോൾ പുരുഷൻമാരുടെ സംഖ്യ 11672 ആണ്. പുരുഷൻമാരെ അപേക്ഷിച്ച് 548 സ്ത്രീകൾ കൂടുതലുണ്ട്. ഗവ: സ്ഥാപനങ്ങളിലും, കാർഷിക മേഖലയിലും, തടി പണി, കെട്ടിട നിർമ്മാണം തുടങ്ങിയ പല മേഖലകളിലും സ്ത്രീകൾക്ക് പ്രാതിനിധ്യമുണ്ടെങ്കിലും ഭൂരിപക്ഷം സ്ത്രീകളും ഗൃഹജോലികളുമായി ബന്ധപെട്ട് കഴിയുന്നവരാണ്. വിദ്യാഭാസം കുടുംബക്ഷേമം, എന്നീ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സ്വന്തമായ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ ഇവർ വളരെ പിന്നിലാണ്.

സാമൂഹിക, കലാസാംസ്ക്കാരിക, കായികരംഗങ്ങളിലും ഇവരുടെ പങ്ക് നാമമാത്രമാണ് ആരോഗ്യ പരിചരണ രംഗങ്ങളിലും പുരുഷൻമാരെ അപേക്ഷിച്ച് ഇവർ വളരെ പിന്നിലാണ്. ഗർഭിണികളായ സ്ത്രീകൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ട പരിചരണവും പ്രതിരോധ കുത്തിവയ്പ്പുകളും പഞ്ചായത്തിലെ ഹെൽത്ത് സെന്ററുകൾ വഴി ഇവർക്ക് ലഭിയ്ക്കുന്നില്ല. ഇതു സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യത്തെ പ്രതികൂലമായിബാധിക്കുന്ന ഘടകങ്ങൾ ആണ്.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് പഞ്ചായത്തിന്റെ പലസ്ഥലങ്ങളിലും വ്യത്യസ്ഥ കൂലികളാണ് നിലനിൽക്കുന്നത്. ഈരംഗത്തുള്ള സ്ത്രീകൾ അസംഘടിത കൊണ്ടാണ് ഇതിനുകാരണം.പഞ്ചായത്തിലെ തോട്ടം തൊഴിലാളി മേഖലയിൽ ജോലിചെയ്യുന്നവരിൽ ഭൂരിപക്ഷവും സ്ത്രീകളാണെങ്കിലും ഇവരുടെ ജീവിതം ദുരിത പൂർണ്ണമാണ്.

അറക്കുളം പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളക്ഷമം അനുഭവപെടുന്നുണ്ട്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്. കുടിവെള്ളത്തിന് കിലോമീറ്ററോളം യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് സാമൂഹ്യപ്രവർത്തനങ്ങളിലും മറ്റു പല തൊഴിലുകളിലും ഏർപെടുവാനുള്ള സമയവും സന്ദർഭവും ഇത് മൂലം നഷ്ടമാകുന്നു.

ഈ പഞ്ചായത്തിലെ 206 അദ്ധ്യാപകരിൽ 131 ഉം വനിതകളാണ്. അറക്കുളംപഞ്ചായത്തിലെ വിദ്യാലയങ്ങളിലായി 6624 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 3353 പേർ പെൺകുട്ടികളാണ്. ഇതിൽ തന്നെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട 693 പെൺകുട്ടികൾപഠിക്കുന്നു.

സ്ത്രീകൾ അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലിലായ്മ രൂക്ഷമാണ്.

2. കൂലി നിരക്കിൽ സ്ത്രീകൾ വളരെ പിന്നിലാണ്

3. മഹിളാ സമാജങ്ങളുടെയും വനിതാ സഹകരണ സംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല.

4. സ്ത്രീകളുടെ പങ്കാളിത്തം-പൊതുരംഗത്ത് ആശാവഹമല്ല.

5. തൊഴിൽ രംഗത്ത് പരിചയമോ നേതൃത്വപരിശീലനമോ ഇല്ല.

6. സ്വയം തൊഴിൽ കണ്ടെത്തുവനുള്ള ഉപാധികളെ കുറിച്ചുള്ള അജ്ഞത.

പരിഹാരനിർദേശങ്ങൾ

1. നിലവിലുള്ള വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

2. പഞ്ചായത്ത് തലത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ ശാലസ്ഥാപിക്കുകയും എല്ലാവാർഡുകളിലും ഇതിന്റെ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

3. സ്ത്രീകൾക്ക് തൊഴിൽ മേഖലയെക്കുറിച്ച് അറിവ് നൽകുകയും തൊഴിലുകൾ തുടങ്ങാൻ ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുക.

4. കൂലി നിരക്കിലുള്ള അന്തരം കുറയ്ക്കുക.

മദ്യപാനം സ്ത്രീപീഢനം, സ്ത്രീധനം എന്നിവയ്ക്കെതിരെ സന്നദ്ധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് സാമൂഹ്യബോധവൽക്കരണം നടത്തുക.

വിഭവസമാഹരണം

അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ധന സ്ഥിതി മെച്ചമാണന്ന് പറയുവാൻ കഴിയില്ല. വികസനാവ ശ്യങ്ങളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ വരുമാനം പര്യപ്തമല്ല. പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടി യിരിക്കുന്നു. അതോടൊപ്പം നിലവിലുള്ള നികുതി പിരിവ് കാര്യക്ഷമമാക്കുകയും ചെയ്യണം. ഈ ഗ്രാമപഞ്ചായത്തിൽ നിന്നും വിദേശരാജ്യങ്ങളിൽപ്പോയി ജോലിചെയ്യുന്നവ രുടെ എണ്ണം നാമമാത്രമാണ്. മടങ്ങിവന്നിരിക്കുവരിൽ ഭൂരി ഭാഗവും കൃഷിയുമായു ബന്ധപ്പെട്ടാണ് കഴിയുന്നത്. ഈ വിഭാഗമാളുകളുടെ സമ്പാദ്യ വ്യവസായിക മേഖലയി ലേയ്ക്ക് തിരിച്ചു വിടാനുള്ള സാദ്ധ്യതകൾ ആരായേണ്ട തുണ്ട്. ഗ്രാമസഭയിൽനിന്നും ഉയർന്നു വന്നിട്ടുള്ള അഭി പ്രായങ്ങൾ പരിഗണിച്ച് ആളുകളുടെ കായികശേഷി പ്രത്യുൽപ്പാദനപരമായ മേഖലയിലേയ്ക്ക് തിരിച്ചുവിടാനും വികസനപ്രവർത്തങ്ങൾ ത്വരിതപ്പെടുത്തുവാനും കഴിയണം. രാജ്യത്തന്റെ ഏറ്റവും വലിയ സമ്പത്താണ് വനം. അറക്കുളം ഗ്രാമ പഞ്ചായത്തിലെ കുളമാവ് ഡാമി നോടിനുബന്ധിച്ചുള്ള പ്രദേശങ്ങൾ വനവും വനഭൂമി യുമാണ്. വനനശീകരണവും കള്ളത്തടിവെട്ടും വ്യാപക മാണ്. ഈ സാമൂഹ്യ വിപത്തിനെതിരെ ശരിയായ ബോധ വൽക്കരണത്തിലൂടെ ചെറുത്തുനിൽപ്പ് സംഘടിപ്പിച്ചില്ല ങ്കിൽ ഭവിഷ്യത്ത് വളരെ ഗുരുതരമാണ്.

ഈ രംഗത്തെ ഉദ്യോഗസ്ഥൻമാരുടെ അഴിമതിയും അനാസ്ഥയും അവസാനിപ്പിക്കുന്നതിലൂടെയെ ഇതിന് പരി ഹാരം കണ്ടെത്താൻ കഴിയൂ.

പ്രശ്നങ്ങൾ

1) 60 ലക്ഷത്തിലേറെ രൂപ കടത്തിലാണ്.

2) ഗ്രാമപഞ്ചായത്തിന്റെ വിഭവസമാഹരണ സാധ്യ തകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല.

3) ഭരണചിലവ് വർദ്ധിക്കുന്നു.

4) ഭരണ നിർവ്വഹണത്തിലെ വിഴ്ചകൾ

5) കരാറുകാരുടെ അമിതലാഭം

6) സന്നദ്ധ പ്രവർത്തനങ്ങൾ പ്രയോജനപെടുന്നില്ല

7) വന നശീകരണവും, വ്യാപാകമായ തടിവെട്ടും

8) വന സംരക്ഷണത്തിൽ ജനപങ്കാളിത്തകുറവ്

പരിപഹാര നിർദ്ദേശങ്ങൾ

1. നികുതി വെട്ടിപ്പ് തടയണം.

2. ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുക.

3. കരാറുകാരുടെ അമിതലാഭത്തിന് തടയിടുകയും ജനപങ്കാളിത്തം വർദ്ധിപ്പിക്കുകയും വേണം.

4. പോസ്റ്റാഫീസ് സേവിഗ് സ്കീം ഗ്രാമപഞ്ചായ ത്തിലെ എല്ലാവീടുകളിലും സാമ്പത്തികാടിസ്ഥാനത്തിൽ ഏർപ്പെടുത്തുകയും സമാഹരിക്കുന്ന തുകയുടെ നിശ്ചിത ശതമാനം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും വേണം.

5. പൊതു ജനപങ്കാളിത്തത്തോടെ വികസനപ്രവർത്ത നങ്ങൾ നടത്തുകയും പൊതു വികസനത്തിനാവശ്യമായ സ്ഥലവും സൗകര്യവും കഴിവതും സൗജന്യമായി സംഭരി ക്കുകയും വേണം.

6. സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജന പ്പെടുത്തണം.

7. സഹകരണ സംഘങ്ങളുടെ ലാഭത്തിൽ ഒരുപങ്ക് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക.

8. ബഹുജനങ്ങളിൽ നിന്നും ഉൽപന്നങ്ങളും സാമ്പ ത്തിക സഹായങ്ങളും സ്വീകരിക്കണം.

9. ടൂറിസം വികസനത്തിലൂടെ കൂടുതൽ വിഭവസ മാഹരണം നടത്താവുന്നതാണ്.

10. പൊതുമാർക്കറ്റും ടാക്സിസ്റ്റാന്റും നിർമ്മിച്ച് അതിൽനിന്നും നികുതി പിരിക്കുക.

11. പഞ്ചായത്തിന്റെ അഭിമുഖ്യത്തിൽ സാമ്പത്തിക സർവ്വേനടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കുകയും ചെയ്യുക. നികുതി പിരിവിൽ ഇന്നുള്ള അപാ കതകൾ നീക്കുക.

12. വനനശീകരണത്തിനെതിരെ ബോധവൽക്കരണം നടത്തുക.

സാമൂഹ്യ ക്ഷേവും പൊതു വിതരണവും

സാമൂഹ്യ ജീവിതത്തിലെ നിമ്നോ ന്നതങ്ങളുടെ ഒരു പറുദീസയാണ് അറക്കുളം ഗ്രാമപഞ്ചായത്ത്. ജനങ്ങളിൽ ഒരു നല്ല ശതമാനം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരാണ്. മലമടക്കു കളിൽ പണിയെടുക്കുന്ന കർഷകനും കർഷകത്തൊഴി ലാളികളും വളരെയേറെ സാമ്പത്തിക ക്ലേശങ്ങളും ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്നവരുമാണ്. വിലക്കയറ്റവും പുത്തൻ സാമ്പത്തിക നയവും സൃഷ്ടിച്ച വേലിയേറ്റത്തിൽ സാധാരണക്കാരന്റെ ജീവിത നൗക ആടിയുലയുകയാ ണ്. ജനസംഖ്യയിൽ നല്ലൊരുശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുള്ള ഈ പഞ്ചായത്തിൽ സാമൂഹിക ക്ഷേമപരിപാടകൾക്ക് വലിയ പ്രസക്തി യുണ്ട്.

പട്ടികജാതി പട്ടികവിഭാഗത്തിൽ പെട്ടവർക്ക് നിരവധി സാമൂഹിക ക്ഷേമ പരിപാടികൾ നടത്തുന്നു ണ്ടെങ്കിലുംപിന്നോക്കജാതിയിൽ പെട്ട പാവങ്ങൾക്ക് ദാരിദ്രനിർമ്മാർജ്ജു പദ്ധതികളുടെ ഗുണം വളരെ കുറച്ച് മാത്രമേ ലഭിക്കുന്നുള്ളൂ. ഈ പഞ്ചായത്തിൽ നിലവിലു ള്ള സാമൂഹ്യക്ഷേമ പരിപാടികൾ അപര്യാപ്തമാണ്. ട്രൈസം, D.W.C.R.A. തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കൾ നാമമാത്ര മാണ്.സാമൂഹ്യക്ഷേമ പരിപാടികളുടെ നേട്ടങ്ങൾ സാധാരണക്കാരിലേയ്ക്ക് എത്തിക്കുന്നതിൽ ഉദ്യോഗസ്ഥൻമാർ തടസം സൃഷ്ടി ക്കുന്നു. (I.R.D.P. പോലുള്ള സ്കീമുകൾ നടപ്പിലാക്കുന്ന കോളനികളിൽ ഉദ്യോഗസ്ഥൻ മാരുടെയും ജനകീയ കൺവീനിയർമാരുടോയും അവിശുദ്ധനടപടികളുടെ ഭാഗമായി ഈ കോളനികൾക്ക് കിട്ടുന്ന ആനുകൂല്യ ങ്ങൾ പുറത്തേയ്ക്ക് ഒഴുകുന്നു. ഇത് പഞ്ചായത്തിലെ പലകോളനികളിലും ദൃശ്യമാണ്.) വിധവാ പെൻഷൻ, വാർധ്യകാല പെൻഷൻ എന്നീ ആനുകൂല്യങ്ങൾ അർഹരായവർക്ക് ലഭിക്കുന്നില്ല. മൂലമറ്റത്തുള്ള ട്രൈബൽ ഹോസ്റ്റലിന്റെ പ്രവർത്തനം തൃപ്തികരമല്ല. ഇവിടെ ഭക്ഷണം വസ്ത്രം തുങ്ങിയ ആവശ്യങ്ങൾ ക്കനുവദിക്കുന്ന ഗ്രാൻറുകൾ പൂർണ്ണമായു ഈ ആവശ്യത്തിന് വിനിയോഗിക്കുന്നില്ല.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും ചില സ്ഥലങ്ങളിൽ മാത്രമാണ് ഇവയുടെ പ്രവർത്തനം കാര്യമായി നടക്കുന്നത്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. സാമൂഹ്യക്ഷേമവകുപ്പ് വഴി വികലാംഗർക്ക് വേണ്ടി നടപ്പാക്കുന്ന സ്കീമുകൾ ഈ പഞ്ചായത്തിൽ ശരിയായി നടപ്പിലാക്കുന്നില്ല. സഹകാര്യ മേഘലകളിൽ പ്രവർത്തിക്കുന്ന ഗീതാവില്ലേജ് എന്ന സ്ഥാപനം അനാഥകുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ശ്ലാഘനീയമാണ്.

ഈ പഞ്ചായത്തിൽ പതിനഞ്ച് പൊതുവിതരണ കേന്ദ്രങ്ങളും, സഹകാര്യമേഘലയിൽ ഒരു ഹോൾസെയിൽ ഡിപ്പോയും പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ ഇടത്തട്ട് കാരെ ഒഴിവാക്കിക്കൊണ്ട് കൂടുതൽ ഊർജ്ജിതമാക്കുക
2. സാമൂഹ്യ സന്നദ്ധ സംഘടനകൾ മുൻക യ്യെടുത്ത് ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവ് നല്കുക.
3. പഞ്ചായത്ത് കേന്ദ്രമാക്കി ഒരു അഗതിമന്ദിരം ആരംഭിക്കുക.
4. മൂലമറ്റത്തും കുളമാവിലും ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
5. ട്രൈസം തൊഴിൽ പരിശീലന പരിപാടി വ്യാപകമാക്കുക.
6. ട്രൈബൽഹോസ്പിറ്റലിന്റെ നടത്തിപ്പിൽ രക്ഷകർത്തൃ സമിതികളെകൂടി സഹകരിപ്പി ക്കുക.

ജലസേചനം

അറക്കുളം ഗ്രാമപഞ്ചായത്തിലെ കൃഷികൾ പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും ജലസ്രോതസ്സുകൾ ഉണ്ടെങ്കിലും ആധുനിക ജലസേചന സമ്പ്രദായം ഗ്രാമപഞ്ചായത്തിലെ ഒരു പ്രദേശത്തും നടപ്പാക്കിയിട്ടില്ല. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്കുകിഴക്കൻ മൺസൂൺ) സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കുപടിഞ്ഞാറൻ മൺസൂൺ) മൂലം ലഭിക്കുന്ന ധാരാളമായ ജലം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് നാശനഷ്ടം വരുത്തുവയ്ക്കുവാനല്ലാതെ കൃഷിയാവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രീയമായ ജലസേചന പദ്ധതികളുടെ അഭാവം മൂലം കൃഷിയിടങ്ങൾ പലതും നാണ്യവിള ഭൂമികളായി മാറിക്കഴിഞ്ഞു. പഞ്ചായത്തിന്റെ 3/4 ഭാഗവും മലമ്പ്രദേശങ്ങൾ ആയതിനാൽ ശാസ്ത്രീയമായി ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ കഴിഞ്ഞ 5 വർഷക്കാലം ലഭിച്ച മഴയുടെ അളവ് ചാർട്ടിലുൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ.

വാർഡ് 1.- അറക്കുളം

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡായി ഇടാട്, മുട്ടം, നീരത്ത്, പുളിക്കത്തടം എന്നീ സ്ഥലങ്ങൾ സ്ഥിരമായി നീരൊഴുക്കുള്ളവയാണ്. ചെക്കുഡാമുകൾ തീർത്തും, കനാലുകൾ നിർമ്മിച്ചും ഈ വാർഡിലെ ജലസേചന പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

വാർഡ് II. ഇലപ്പള്ളി

ഈ വാർഡിന്റെ ഭൂരിഭാഗവും ചെങ്കുത്തായ മലകൾ ആണ്. ഇലപ്പുള്ളിത്തോട്, അങ്കർതോട്, കണ്ണിക്കൽതോട് എന്നിവ വർഷകാലത്ത് ധാരാളം ജലം ലഭിക്കുന്നവയാകയാൽ ഈ തോടുകളിൽ കുമ്പംകാനം, അങ്കർ, ഗ്രീൻവാലി എന്നീ സ്ഥലങ്ങളിൽ ചെക്കുഡാമുകളും കനാലുകളും നിർമ്മിച്ച് ജലസേചനം ഫലപ്രദമായി നടത്തുവാൻ കഴിയും.

വാർഡ് III. പുത്തോട്

ഈ പ്രദേശത്തിന്റെ മുഴുവനാവശ്യവും നിറവേറ്റുവാൻ തക്ക ജലസ്രോതസ്സുകൾ ഈ വാർഡിലില്ല.വെൺമക്കൽതോട് (പുത്തോട്), ചോട്ടങ്ങാതോട് (കൂവപ്പള്ളി) എന്നിവിടങ്ങളിൽ മുകൾ നിർമ്മിച്ച് ഈ വാർഡിലെ ജലസേചനം ഭാഗികമായി മെച്ചപ്പെടുത്തുവാൻ കഴിയും. കൂടാതെ അറക്കുളം ആറ്റിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ മൂലം മൂന്നുങ്കവയൽ , മണപ്പാടി എന്നീ പ്രദേശങ്ങളിൽ ജലസേചനം സാധ്യമാണ്.

വാർഡ് IV. അറക്കുളം

അറക്കുളം ആറ്റിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ മൂലം മാത്രമേ ഈ വാർഡിലെ ജലസേചനം പ്രാവർത്തികമാക്കുവാൻ കഴിയുകയുള്ളൂ. മറ്റു ജലസ്രോതസ്സുകൾ ഒന്നും പരമ്പരാഗതരീതിയിൽ ഇവിടെ പ്രയോജനപ്പെടുന്നില്ല.

വാർഡ് V. കരിപ്പിലങ്ങാട്

ചരിവു പ്രദേശങ്ങൾ കൂടുതലുള്ള ഈ വാർഡിൽ മഴക്കാലത്തുണ്ടാകുന്ന ജലം തടയണയും ചെക്കുഡാമുകളും നിർമ്മിച്ചു ശേഖരിച്ചാൽ ഭാഗികമായി ജലസേചനം നടത്താം. കൂടാതെ താഴ്ന്ന പ്രദേശങ്ങളിൽ lift irrigation പദ്ധതികളും നടപ്പാക്കാവുന്നതാണ്.

വാർഡ് VI. K.S.E.B Coloni

വാർഡ് VII. പതിപ്പള്ളി.


ഈ വാർഡിന്റെ ഭൂരിഭാഗവും മലകളും ചരിവുകളുമാണ്. ഉയർന്ന പ്രദേശങ്ങളായ ഞണക്കാവ്, പതിക്കൽ, മേമുട്ടം, പതിപ്പിള്ളി തെക്ക് ഭാഗം എന്നിവിടങ്ങളിലെ ജലസ്രോതസ്സിൽ നിന്നും ജലസേചനപദ്ധതികൾ നടപ്പിലാക്കുവാൻ കഴിയും. എട്ടാം വാർഡിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തിയിൽ കൂടി ഒഴുകുന്ന തോടു കളിൽ ചെക്കുഡാം നിർമ്മിച്ച് താഴ്ന്ന പ്രദേശങ്ങ ളിലേക്കും ആറാം വാർഡിന്റെ ചില പ്രദേശങ്ങ ളിലും ജലസേചനം നടത്താം.

വാർഡ് VIII മൂലമറ്റം, ആശ്രമം, പോത്തുമറ്റം

ഒളിപ്പൂണി നിരപ്പിൽ ധാരാളമായി ലഭിക്കുന്ന ജലം തടയണകൾ നിർമ്മിച്ച് ആശ്രമം ഭാഗം, മൂലമറ്റം എന്നിവിടങ്ങളിലും പോത്തുമറ്റം ഭാഗത്തുള്ള ചെറിയ തോടുകളിൽ ചെക്കുഡാ മുകൾ നിർമ്മിച്ച് പോത്തുമറ്റം പ്രദേശത്ത് ജലസേചന സൗകര്യം ഉണ്ടാക്കാം. കൂടാതെ കുളങ്ങ ൾ നിർമ്മിക്കുന്നതിനും ഈ വാർഡിൽ സൗകര്യ ങ്ങൾ ഉണ്ട്.

വാർഡ് IX. കുളമാവ്.

കുളമാവ് ടൗൺ പ്രദേശത്ത് കുളങ്ങൾ നിർമ്മിച്ച് കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കാം. കൂടാതെ വലിയമാവ്, കപ്പക്കാനം, മുത്തിയു രുണ്ട യാർ, ചക്കിമാലി, മുല്ലക്കാനം എന്നീ സ്ഥല ങ്ങളിലെ ചതുപ്പുനിലങ്ങളിൽ ജലസേചനത്തിനു വേണ്ടി കുളങ്ങൾ നിർമ്മിക്കാവുന്നതാണ്. കലം കമഴ്ത്തി പ്രദേശത്ത് ലഭ്യമായ ജലം കുളമാവ് പ്രദേശങ്ങളിൽ കൃഷിയാവശ്യങ്ങൾക്കായി ഉപയോ ഗിക്കാൻ പദ്ധതി നടപ്പാക്കാം.



X, XI വാർഡുകൾ കോതപാറ, കണ്ണംപടി.

ഒറ്റമരംപാറ, വൻമാവ് തോട്, കടുവക്കാനം, കല്ലിരിക്കാനം, കോതപാറ, മുത്തൻപടി, മത്തായി പ്പാറ, കാപ്പിപാറ, കൂപ്പുപാറ എന്നീ പ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ തടയണകൾ നിർമ്മിച്ച് സംഭരി ച്ചാൽ ഭൂരിഭാഗം പ്രദേശത്തിനും ജലസേചനം ലഭ്യമാക്കാം. കൃഷിയാവശ്യത്തിന് കുളങ്ങൾ കുഴിക്കു ന്നതിനും പല സ്ഥലങ്ങളും പര്യാ പ്തമാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങളും പദ്ധതികളും ശാസ്ത്രീയമായി ജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കിയാൽ കാർഷികരംഗത്ത് അറക്കുളം ഗ്രാമപഞ്ചായത്തിന് ഒരു കുതിച്ചുചാട്ടത്തിന് വഴിതെളിക്കാം.

ജലസേചന ആസ്തികൾ

നമ്പർ	സ്രോതസ്സ്	എണ്ണം	ദൂരം
1.	മൂവാറ്റുപുഴയാറ്		5 കി.മീറ്റർ
2.	നച്ചാർ		8 കി. മീറ്റർ
3.	തോടുകളും അരുവികളും		33 കി.മീറ്റർ
4.	കുളങ്ങളും കിണറുകളും	208	

സർക്കാർ സഹായത്തോടെ പൂർത്തിയാക്കിയ ജലസംഭരണികൾ

1.	കിണറുകൾ	46
2.	കുളങ്ങൾ	19
3.	വാട്ടർ ടാങ്കുകൾ	21
4.	പമ്പ് ഹൗസുകൾ	8
5.	പമ്പ് സെറ്റുകൾ	92
6.	ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ്	514 ഏക്കർ

സംസ്കാരം

മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളേയും സ്പർശിക്കുന്ന ഒരു വാക്കാണ് സംസ്കാരം. സാഹിത്യവും കലയും ആചാരാനുഷ്ഠാനങ്ങളും പ്രത്യയശാസ്ത്രങ്ങളും എല്ലാം ചേർന്ന് സംസ്കാരത്തിന് വ്യത്യസ്ത അർത്ഥതലങ്ങൾ നൽകുന്നു.

ഭൂമി ശാസ്ത്രപരമായ പ്രത്യേകതകൾ വൈവിധ്യങ്ങളുടെ സംഗമകേന്ദ്രമാകുന്ന ഈ പഞ്ചായത്തിന്റെ സംസ്കാരം സമ്പന്നമാണ്. വർഗ്ഗീയ വിഭാഗീയ ചിന്തകൾക്കതീതമായി ഐക്യത്തിന്റെയും സൗഭാഗ്യത്തിന്റേതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ എക്കാലവും പരിശ്രമിച്ചിട്ടുണ്ട്. രാജ്യത്ത് പലവിധ വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോഴും അവസരത്തിനൊത്തുയർന്ന് ഈ പഞ്ചായത്തിലെ ജനവിഭാഗങ്ങൾ മതസൗഹാർദ്ദം കാത്തുസൂക്ഷിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ സംഘർഷങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ ആശയ പ്രതിബദ്ധത നിലനിർത്തിക്കൊണ്ടു തന്നെ അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കുന്നതിൽ ഈ പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വിജയിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ആദിവാസി മേഖലയിൽ തികച്ചും വ്യത്യസ്തങ്ങളായ ആചാരാനുഷ്ഠാനങ്ങളാണ് നിലനിൽക്കുന്നത്. ഇവിടുത്തെ ആദിവാസി വിഭാഗങ്ങൾ കുലദൈവങ്ങളെ ആരാധിക്കുന്നു. മന്ത്രവാദങ്ങൾ നിലനിൽക്കുന്ന ഈ വിഭാഗങ്ങളുടെ ഇടയിൽ മന്ത്രവാദികൾക്ക് പരമപ്രധാനമായ സ്ഥാനമുണ്ട്. കൂടാതെ പരിശ മുട്ടുകളി, കോൽകളി, വിൽപാട്ട്, നാടോടി നൃത്തം തുടങ്ങിയ കലാരൂപങ്ങൾ ഈ വിഭാഗങ്ങളുടെ ഇടയിൽ നിലനിൽക്കുന്നു. ആദിവാസി മേഖലയിലെ പ്രാചീന കലാരൂപങ്ങൾ സംസ്കാരിക നഭോമണ്ഡലത്തിൽ താരപ്രഭ ചൊരിയുന്നു. ഗ്രാമ സംസ്കൃതിയുടെ പ്രധാന സ്രോതസ്സുകളായ വിദ്യാലയങ്ങളുടെ ഈ രംഗത്തെ പ്രവർത്തനം പ്രസ്താവ്യമാണ്. അജ്ഞതയുടെയും അനാചാരങ്ങളുടെയും തമോ മേഖലയിൽ നിന്നും നവസമൂഹത്തിലേക്കുള്ള പാത തെളിക്കുന്നതിൽ വിദ്യാഭ്യാസത്തിനു മർമ്മ പ്രധാനമായ കർത്തവ്യമാണുള്ളത്. വിദ്യാലയങ്ങൾ സംഘടിപ്പിക്കുന്ന കലോൽസവങ്ങളും സാഹിത്യ സമാജങ്ങളും സംസ്കാരി കമേഖലയിൽ അനർഘദീപ്തി പരത്തുന്നു.

സംസ്ഥാനത്തെ 'B' grad ലൈബ്രറികളിലൊന്നാണ് ഇലപ്പള്ളി ഗ്രാമ സേവാ ലൈബ്രറി. 830 മെമ്പറൻമാരുള്ള ഈ ലൈബ്രറിയിൽ 7200-ഓളം പുസ്തകങ്ങളുണ്ട്. ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കലാകായിക മൽസരങ്ങൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന യുവജ്യോതി ലൈബ്രറിക്ക് സ്വന്തമായ കെട്ടിടവും, 3000-ഓളം പുസകങ്ങളുമുണ്ട്. 270 പേർ അംഗങ്ങളായുള്ള ഈ ലൈബ്രറിയോടനുബന്ധിച്ച് കുട്ടികൾക്കായി 'ബാലജ്യോതി' എന്ന പേരിൽ ഒരു വിഭാഗവും പ്രവർത്തിക്കുന്നു. രക്തദാനം, സൗജന്യ ട്യൂഷൻ, വൃക്ഷത്തൈ നടീൽ, സാക്ഷരതാ പ്രവർത്തനങ്ങൾ, ഓണാഘോഷ പരിപാടികൾ, സേവനവാരാചരണം തുടങ്ങിയവ ഈ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു.

പുരോഗമനത്തിന്റെയും നവസമൂഹ സൃഷ്ടിയുടേയും പ്രേരകശക്തിയാകുവാൻ ജനകല എന്ന ഒരു സംസ്കാരിക സമിതിയും ഈ പഞ്ചായത്തിന്റെ ഹൃദയഭാഗമായ

മൂലമറ്റത്തു പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങൾ

സമ്പന്നതയും വൈദേശിക സംസ്കാരിക വ്യാപനവും സൃഷ്ടിച്ച തരംഗത്തിൽ കലാരംഗം തകർച്ചയെ നേരിടുന്ന ഈ കാലഘട്ടത്തിൽ സർഗ്ഗവാസനകളുള്ള പ്രതിഭകളെ കണ്ടെത്തുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ജനകീയ പ്രസ്ഥാനങ്ങൾക്ക് കാര്യമായ പങ്കു വഹിക്കാനുണ്ട്. ഈ പഞ്ചായത്തിലെ മലയോരപ്രദേശങ്ങളിൽ അധിവസിക്കുന്ന സാധാരണക്കാരായ ജനങ്ങളുടെ കലാഭിരുചികൾ വളർത്തുവാൻ പഞ്ചായത്ത് സമഗ്ര പരിപാടികൾ ആവിഷ്കരിക്കേണ്ട തായിട്ടുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ കലാപരവും ബൗദ്ധികവുമായ കഴിവുകളെ ഉണർത്തുവാൻ മൂലമറ്റത്ത് ഒരു പഞ്ചായത്ത് ലൈബ്രറി ആൻറ് റീഡിംഗ് റൂം ആരംഭിച്ച് ഇവിടെ ഒരു സ്ഥിരം ലൈബ്രേറിയനേയും നിയമിക്കണം. കൂടാതെ ഇതിനോടനുബന്ധമായി ഒരു ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബും, തുടങ്ങേണ്ടതുണ്ട്. ഇതിൻെറ ആഭിമുഖ്യത്തിൽ ചർച്ചാക്ലാസ്സുകൾ, സെമി നാറുകൾ എന്നിവ സംഘടിപ്പിക്കുകയും പ്രാചീനകലാരൂപങ്ങൾക്ക് പ്രോൽസാഹനം നൽകും വിധത്തിൽ സജീവമായി ഇടപെടുകയും വേണം.

പഞ്ചായത്തുകാര്യാലയത്തോടനുബന്ധിച്ചും കുളമാവിലും ഫിലിം സൊസൈറ്റികളും വീഡിയോ ക്ലബ്ബുകളും ആരംഭിച്ച് ഇവിടെ പുരോഗമന ചിന്തകൾ പ്രചരിപ്പിക്കുന്നതിനു തകുന്ന ഉത്തമചലച്ചിത്രങ്ങളും വികസനോൻമുഖ ചിത്രങ്ങളും പ്രദർശിപ്പിക്കണം.

കരിപ്പലങ്ങാടു പ്രവർത്തിക്കുന്ന ലൈബ്രറി ആൻറ് ആർട്സ് ക്ലബ്ബിൻെറ പ്രവർത്തനം കെട്ടിടം പുതുക്കി പണിത് കാര്യക്ഷമമാക്കണം. 95% അംഗങ്ങളും SC/ST വിഭാഗത്തിൽ പെട്ടവരായതിനാൽ അവർക്ക് സാംസ്ക്കാരിക പുരോഗതി കുറച്ചെങ്കിലും കൈവരിക്കുവാൻ സാധ്യമാകും. തനതായ കലകളെ പ്രോത്സാഹിപ്പിക്കുവാനും വായ നാശീലം വളർത്തുവാനും ഇതിലൂടെ സാധിക്കും.

ക്രമനമ്പർ	സാംസ്കാരികസ്ഥാപനത്തിൻെറ പേര്	സ്ഥലം
1.	ഗ്രാമസേവാ ലൈബ്രറി & റീഡിംഗ് റൂം	ഇലപ്പള്ളി
2.	നവഭാവന ലൈബ്രറി & റീഡിംഗ് റൂം	കണ്ണിക്കൽ
3.	ലേബേഴ്സ് ക്ലബ്ബ് ലൈബ്രറി	മേത്താനത്ത് എസ്റ്റേറ്റ്.
4.	കൈരളി വായനശാല & റീഡിംഗ് റൂം	പുത്തേട്
5.	പബ്ലിക് ലൈബ്രറി (പ്രവർത്തനരഹിതം)	അറക്കുളം
6.	യുവജ്യോതി ലൈബ്രറി & റീഡിംഗ് റൂം	അശോക
7.	ഹൈ റിക്രിയേഷൻ ക്ലബ്ബ് (H.R.C)	മൂലമറ്റം
8.	ഗ്രാമീണ വായനശാല	പതിപ്പള്ളി
9.	വൈതലി ആർട്സ് & സ്പോർട്സ് ക്ലബ് Y.M.A ആർട്സ് & സ്പോർട്സ് ക്ലബ്ബ് (പ്രവർത്തനം ഇല്ല.)	കുളമാവ്.
10.	പൊൻപുലരി ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് (പ്രവർത്തന രഹിതം)	കരിപ്പലങ്ങാട്.
11.	ഗാമീണ വായനശാലകോതപാറ	
13.	ഗ്രാമീണ വായനശാല & റീഡിംഗ് റൂം	കണ്ണംപടി

ടൂറിസം

പശ്ചിമഘട്ടമലനിരകളാൽചുറ്റപ്പെട്ട പ്രകൃതി രമണീയമായ പ്രദേശങ്ങൾ അറക്കുളം പഞ്ചായത്തിനെ ആകർഷണീയമാക്കുന്നു. കേരള ത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ അറക്കുളം പഞ്ചായത്തിന് ഗണ്യമായ സ്ഥാനമുണ്ട്. ഏഷ്യയിലെ ഏറ്റവും വലിയ ഭൂഗർഭവൈദ്യുത നിലയം ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. ഏകദേശം 4 കി. മീറ്റർ ദൂരം ഭൂമിക്കടിയിലുള്ള തുരങ്കത്തിലൂടെ ആണ് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ ജലം കുളമാവ് ഡാമിൽ നിന്നും മൂലമറ്റത്ത് എത്തുന്നത്. കേരളത്തിന്റെ സമ്പത്ഘടനയെ ശക്തിപ്പെടുത്തുന്ന ഈ വൈദ്യുതിനിലയത്തിന്ദേശീയവും അന്തർദേശീയവുമായ പ്രാധാന്യം ഉണ്ട്.

പവ്വർ ഹൗസിൽ നിന്നും പുറം തള്ളപ്പെടുന്ന വെള്ളം ഒഴുകിപ്പോകുന്ന കനാലിന്റെ ഇരുവശങ്ങളിലും പൂന്തോട്ടങ്ങൾ വെച്ചു പിടിപ്പിച്ച് പാർക്കായി മാറ്റാവുന്നതാണ്. കനാലിന്റെ തീരത്ത് സൗജന്യമായി ഗാർഡനിംഗ് നടത്താമെന്ന് മർച്ചന്റ് അസോസിയേഷൻ വാഗ്ദാനം ചെയിതിട്ടുണ്ട്. മൂലമറ്റം പവ്വർ ഹൗസ് സന്ദർശിക്കുന്നതിന് ധാരാളം ആളുകൾ മൂലമറ്റത്ത് എത്തിക്കൊണ്ടിരിക്കുന്നതാണ്. എന്നാൽ സുരക്ഷാകാരണങ്ങളുടെ പേരിൽ ടൂറിസ്റ്റുകൾക്ക് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി പവ്വർഹൗസ് ടൂറിസ്റ്റുകൾക്ക് തുറന്നു കൊടുക്കണം. സന്ദർശകരിൽ നിന്ന് ചെറിയ ഫീസ് ഈടാക്കിയാൽ സുരക്ഷാസംവിധാനത്തിനാവശ്യമായ ചിലവുകൾക്ക് പണം സമാഹരിക്കാവുന്നതാണ്.

ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കഴിയുന്ന പ്രകൃതി രമണീയമായ പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. കുമ്പങ്ങാനം, നല്ലതണ്ണി, കുഞ്ചിക്കാനം, ആശ്രമം വല കെട്ടി, ചെളിക്കൽ, മേമുട്ടം, തുമ്പിച്ചിപ്പാറ, നാടുകാണി പവലിയൻ, കുളമാവ് സമീപ പ്രദേശങ്ങൾ മുതലായ സഞ്ചാരികളുടെ മനം കവരുന്നവയാണ്. ഹൈറേഞ്ചിന്റെ പ്രവേശന കവാടമായ അറക്കുളം പഞ്ചായത്തിലെ വനങ്ങളാൽ ചുറ്റപ്പെട്ട കുളമാവ്ഡാമിൽ കൂടി ബോട്ടു സർവീസ് ഏർപ്പെടുത്തിയാൽ അപൂർവ്വങ്ങളായ വന്യമൃഗങ്ങളെ കാണാവുന്നതാണ്. നിർദ്ദിഷ്ട കൊച്ചി, തേക്കടി സംസ്ഥാന ഹൈവേ പൂർത്തിയാകുന്നതോടു കൂടി ഈ പഞ്ചായത്തിലെ ടൂറിസം വികസനത്തിന് വളരെയേറെ സാധ്യതകളുണ്ട്. മാട്ടുപ്പെട്ടിയിലുള്ള ഇൻഡോ- സ്വിസ്സ് പ്രോജക്ട് മാതൃകയിലൊരു കാലിവളർത്തൽ കേന്ദ്രം പോത്തു മറ്റത്താരംഭിച്ചാൽ കൂടുതൽ സന്ദർശകരെ ആകർഷിക്കാൻ കഴിയും.

കുളമാവ്, ഇടുക്കി, അയ്യപ്പൻ കോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കുളമാവിൽ നിന്ന് ബോട്ടുസർവ്വീസ് ആരംഭിക്കണം. മലങ്കര ജലാശയത്തിൽ കൂടി മൂലമറ്റത്തിൽ നിന്നും മുട്ടത്തേക്ക് ബോട്ടുസർവ്വീസ് ഏർപ്പെടുത്തേണ്ടതാണ്. ഈ ജലാശയത്തിന്റെ ഇരുകരകളിലും പൂന്തോട്ടങ്ങളും തണൽ മരങ്ങളും വച്ചു പിടിപ്പിക്കുകയും വിശ്രമ സങ്കേതങ്ങൾ നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

ചെളിക്കൽ, കുമ്പങ്കാനം, വലകെട്ടി, നാടുകാണി, തുമ്പച്ചിപ്പാറ, കുളമാവ് എന്നീ പ്രദേശങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് റോപ്പ്വേയ് സ്ഥാപിക്കേണ്ടതാണ്.


കൊച്ചിയിൽ നിന്നും മൂലമറ്റം, ഇടുക്കി, മൂന്നാർ, തേക്കടി മുതലായ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഒരു ഹെലികോപ്ടർ സർവ്വീസ് ആരംഭിക്കുകയാണെങ്കിൽ വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്നതാണ്. ഇതിനാവശ്യമായ ഹെലിപ്പാട് മൂലമറ്റത്തുണ്ട്.

ഒരു ട്രക്കിംഗ് പരിശീലന കേന്ദ്രം മൂലമറ്റത്താരംഭിക്കണം. ഇതിനാവശ്യമായ എല്ലാ സാഹചര്യങ്ങളും മൂലമറ്റത്തുണ്ട്.

കുളമാവ്, തുമ്പിച്ചിപ്പാറ, ചെളിക്കൽ, വലകെട്ടി, പുള്ളിക്കാനം എന്നീ സ്ഥലങ്ങളിൽ സഞ്ചാരികൾക്ക് താമസിക്കുവാനാവശ്യമായ റിസോർട്ടുകളും മോട്ടലുകളും സ്ഥാപിക്കേണ്ടതാണ്. കൂടാതെ, കുളമാവിലും മൂലമറ്റത്തും കെ.റ്റി.ഡി.സി. യുടെ സ്റ്റാർ നിലവാരത്തിലുള്ള ഹോട്ടലുകളും സ്ഥാപിക്കണം.

കുളമാവിൽ ഒരു ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കണം. ഇതിനാവശ്യമായ സ്ഥലം ഫോറസ്റ്റു ഡിപ്പാർട്ടുമെൻറിൽ നിന്നും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണം. മൂലമറ്റത്ത് നടത്തിവരുന്ന ടൂറിസംമേള സമീപ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കാർഷിക, വ്യവസായിക, പുഷ്പ ഫല-കന്നുകാലി പ്രദർശനം മേളയായി ഉയർത്തുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. ഈ പഞ്ചായത്തിൽ ഒരു ടൂറിസം വികസനസമിതി രൂപീകരിക്കണം.

ഈ നിർദ്ദേശങ്ങൾ ബഹുജനപങ്കാളിത്തത്തോടെ നടപ്പാക്കിയാൽ കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ അറക്കുളം പഞ്ചായത്തിന് അസൂയാവഹമായ സ്ഥാനം ലഭിക്കും.





വന സംരക്ഷണം

പ്രകൃതി തന്നെ വനവത്കരണത്തിന് വളരെ അനുഗ്രഹീതമാണ് നമ്മുടെ സംസ്ഥാനം. വർദ്ധിച്ച ജനസാന്ദ്രത കൊണ്ടുണ്ടാകുന്ന സമ്മർദ്ദം പലപ്പോഴും നമ്മുടെ വനപരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഗാർഹിക, വ്യവസായാവശ്യങ്ങൾക്ക് വേണ്ടി നാം വനസമ്പത്തിനെ മാത്രം ആശ്രയിക്കുന്ന സമീപനമാണ് നിലവിലുള്ളത്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ചു നൽകിയിരിക്കുന്ന വനങ്ങളും അവയിലെ ജൈവ വൈവിദ്ധ്യങ്ങളും വരും തലമുറക്കുകൂടി പ്രയോജനപ്പെടുത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് നാം സ്വീകരിക്കേണ്ടത്. പരിസ്ഥിതി പരിപാലനപ്രവർത്തനങ്ങൾ വനാന്തരങ്ങളോടോപ്പം വനങ്ങളുമായി തൊട്ടുകിടക്കുന്ന പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള ഗ്രാമങ്ങളുണ്ടാക്കേണ്ടിയിരിക്കുന്നു. മരം വളർത്തുക എന്നുള്ളത് പരമ്പരാഗതമായി നമ്മുടെ കൃഷി വികസന സങ്കൽപ്പത്തിന്റെ ഭാഗമാണ്. ഈ ശീലനത്തിന് പുതിയമാനങ്ങൾ നൽകേണ്ടിയിരിക്കുന്നു. തടിക്കും വിറകിനും മറ്റുല്പന്നങ്ങൾക്കും മാത്രമല്ല പ്രകൃതിയിലെ ഊർജ്ജസ്രോതസ്സുകൾ ജീവജാലങ്ങൾക്ക് പ്രാപ്തമാകുന്ന ഊർജ്ജവതുക്കളാക്കി മാറ്റുന്നതിനും ഇതുസഹായിക്കുന്നു. അറക്കുളം ഗ്രാമപഞ്ചായത്തിൽ മുക്കാൽ ഭാഗത്തോളം വനവും വനഭൂമിയുമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിന്റെ പകുതിയും 7,9,10,11 വാർഡുകൾ മുഴുവനായും വനഭൂമിയാണ്. ഇവിടെ ഗിരിവർഗ്ഗക്കാരും മറ്റു ജനവിഭാഗങ്ങളും ഇടകലർന്ന് കൃഷി ചെയ്തു ജീവിക്കുന്നു. വനം വകുപ്പ് ജണ്ട ഇട്ട് വനം അതിർത്തി തിരിച്ചിരിക്കുന്നതുകൊണ്ട് വനം കൈയേറ്റം വ്യാപകമായി ഉണ്ടാകുന്നില്ല. എന്നാൽ വനത്തിൽ വൻതോതിൽ കള്ളത്തടിവെട്ട് നടക്കുന്നുണ്ട്. ഇത് വനം സംരക്ഷിക്കേണ്ട വനപാലകരുടെ അനുവാദത്തോടെയാണെന്ന് ആക്ഷേപമുണ്ട്. ലോകബാങ്ക് സഹായത്തോടെ ഈ പഞ്ചായത്തിൽ നടന്ന വനവൽക്കരണത്തിലും ഉദ്യോഗസ്ഥതലത്തിൽ വൻഅഴിമതി നടന്നത് പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്ന കാര്യമാണ്. ഉദ്യോഗസ്ഥൻമാരും ഇടനിലക്കാരുമാണ് വനവൽക്കരണത്തിന്റെ ഗുണഫലം അനുഭവിച്ചത്. നാളിതുവരെ തുടർന്നുവന്ന രീതിക്ക് ഒരു മാറ്റം വരുത്തി ജനപങ്കാളിത്തത്തോടുകൂടി വനസംരക്ഷണം സാധ്യമാക്കുക എന്ന കാഴ്ചപ്പാട് നാം സ്വീകരിക്കേണ്ടതാണ്. മരം വളരുന്നതിന് നമ്മുടെ അറക്കുളം ഗ്രാമപഞ്ചായത്തിൽ ഒട്ടേറെ സാധ്യതകളുണ്ട്. അനുയോജ്യമായ ഇനങ്ങൾ കൊണ്ട് ഈ ഗ്രാമപഞ്ചായത്ത് അനുഗ്രഹീതമാണ്. ജനകീയ ആസൂത്രണത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ ഒരു പുത്തൻ വികസന സംസ്കാരം പടുത്തുയർത്തുമ്പോൾ വനസംരക്ഷണത്തിന് നാം അർഹിക്കുന്ന പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

അപൂർവ്വങ്ങളായ വന്യമൃഗങ്ങൾ കൊണ്ട് അനുഗ്രഹീതമാണ് ഇവിടുത്തെ വനങ്ങൾ. നമ്മുടെ പഞ്ചായത്തിലെ 9,10,11 വാർഡുകൾ ഉൾപ്പെട്ട വനപ്രദേശങ്ങളിൽ ആന, കാട്ടുപോത്ത്, മ്ലാവ്, പന്നി, കേഴ, മുള്ളൻപന്നി തുടങ്ങി വളരെയേറെ വന്യമൃഗങ്ങൾ ഉണ്ട്. എന്നാൽ യാതൊരു നിയന്ത്രണവും ഇല്ലാത്ത നായാട്ടു മൂലം ഇന്ന് നമ്മുടെ വനങ്ങളിൽ കാണുന്ന ഈ മൃഗങ്ങൾ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരം കണ്ടില്ലെങ്കിൽ നമ്മുടെ വനസമ്പത്തിൽ ഈ അമൂല്യങ്ങളായ വന്യജീവികൾ നമ്മൾക്ക് നഷ്ടപ്പെടും.

പ്രശ്നങ്ങൾ

1. കാട്ടുതീ വൻതോതിലുള്ള വനനാശത്തിന് കാരണമായിത്തീരുന്നു
2. സാമൂഹ്യവനവൽക്കരണം ഫലപ്രദമായി നടപ്പിലാക്കുന്നില്ല.
3. കള്ളത്തടി വെട്ട് വ്യാപകമാണ്.
4. നായാട്ട് പെരുകി വരുന്നു.

പരിഹാര നിർദ്ദേശങ്ങൾ.

1. വനനശീകരണത്തിന് എതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
2. കാട്ടുതീ തടയാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം.
3. വനസംരക്ഷണം കുറ്റമറ്റ രീതിയിലാക്കണം.

●●●●●●●●●●

സ്പോർട്സ്

കായികരംഗങ്ങളിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. പക്ഷേ മുൻകാലങ്ങളിൽ, ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട നിരവധി കായികതാരങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ രംഗത്ത് പ്രതിഭകളുടെ എണ്ണം കുറഞ്ഞു വരുന്നു.

കാരണങ്ങൾ

1.സ്കൂളുകളിൽ കായികാദ്ധ്യാ പകരുണ്ടെങ്കിൽ ത്തന്നെ കുട്ടികൾക്കാവശ്യമായ പരിശീലനം ലഭിക്കുന്നില്ല.

2. പിന്നോക്ക മേഖലകളുടെ അഭാവം, വേണ്ടത്ര പരിശീലകരുടെ കുറവ്, പരിശീലന ഉപകരണങ്ങളുടെ കുറവ്.

3. കളികളുടെ അഭാവം, വേണ്ടത്ര പരിശീലകരുടെ കുറവ്, പരിശീലന ഉപകരണങ്ങളുടെ കുറവ്.

4. കായികശേഷിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് വിദഗ്ധ പരിശീലനം കൊടുക്കാൻ കഴിയാത്തതും കായികരംഗത്ത് ഈ പഞ്ചായത്ത് പിന്നോട്ടു പോകാൻ കാരണമാണ്.

5. ഓപ്പറേഷൻ ഒളിംപിയ പോലുള്ള കായിക പരിശീലന പദ്ധതികൾ നിർത്തലാക്കിയതും പഞ്ചായത്ത് ഈ രംഗത്തുനിന്നും പിന്നോട്ടു പോകാൻ കാരണമായി.

6. വേണ്ടത്ര സ്പോർട്സ് ക്ലബ്ബുകളുടെ അഭാവവും വേണ്ടത്ര സാമ്പത്തിക സഹായവും പ്രോത്സാഹനങ്ങളും കിട്ടാത്തതും ഈ രംഗത്ത് പുതിയ പ്രതിഭകൾ വളർന്നുവരാത്തതിനു കാരണമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളിലും വിദഗ്ധരായ കായികാദ്ധ്യാപകരെ നിയമിക്കുക.

2. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം പണിയുക

3. ഒരു നീന്തൽ പരിശീലന കേന്ദ്രം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക. പഞ്ചായത്തിന്റെ പരിസരപ്രദേശങ്ങളിലും ഇത് വളരെ ഗുണകരമായിരിക്കും.

4. കായിക പരിശീലന കേന്ദ്രം സ്ഥാപിക്കുക.

5. പഞ്ചായത്ത് തലത്തിൽ വിപുലമായ രീതിയിൽ കായികമേളകൾ സംഘടിപ്പിക്കുക.

6. നിലവിലുള്ള രീതിയിൽ ചടങ്ങിനു വേണ്ടി മാത്രം കായികമേളകൾ നടത്തുക എന്ന രീതി മാറ്റിക്കൊണ്ട്മുഴുവൻ കായികപ്രേമി കളേയും പങ്കെടുപ്പിച്ചുകൊണ്ട് കായികരം ഗത്തെ വിദഗ്ധരുടെ മേൽനോട്ടത്തിൽ കായികമേളകൾ നടത്തുക.

7. പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുന്ന കായികതാരങ്ങൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പങ്കെടുക്കു ന്നതിനാവശ്യമായ പരിശീലനവും സാമ്പത്തികസഹായവും നടപ്പിലാക്കുക.

8. കായിക രംഗത്തെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ കായിക പരിശീലന കളരികൾ നടത്തണം.

9. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ സ്പോൺസർ ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കുക.

10. ഓപ്പറേഷൻ ഒളിംപിയ പോലുള്ള പദ്ധതികൾ പുനരാരംഭിക്കണം.


11. രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ സൗജന്യ നിരക്കിൽ വിതര ണം ചെയ്യാനുള്ള സംവിധാനം ഏർപ്പെ ടുത്തുക.

12. മൂലമറ്റത്ത് സ്ഥിതി ചെയ്യുന്ന തേക്കും കൂപ്പിൽ 25-ഏക്കറോളം നിരന്ന സ്ഥലം ഇടുക്കി ജില്ലയിലെ തന്നെ ഏറ്റവും വലിയ സ്റ്റേഡിയം

നിർമ്മിക്കുന്നതിന് അനുയോ ജ്യമാണ്. ഈ സ്ഥലം ഫോറസ്റ്റ് വകുപ്പിൽ നിന്നും വിട്ടു കിട്ടുന്നതിനും അവിടെ ജനപ ങ്കാളിത്തത്തോടെ സ്റ്റേഡിയം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

13. ഇവിടെ ഇൻഡോർ, ഔട്ട് ഡോർ സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്.

14. ഇവിടുത്തെ സെൻറ് ജോസഫ്സ് കോളേജിനോടനുബന്ധിച്ച് എം. വി. ഐ. പി. വക സ്ഥലത്ത് നീന്തൽ കുളം നിർമ്മിക്കാ വുന്നതാണ്. അതിനാവശ്യമായവ ബന്ധപ്പെട്ടവരിൽ നിന്നും എളുപ്പത്തിൽ ലഭിയ്ക്കുന്നതാണ്.



ഓണം കായിക മേള സമ്മാനദാനം

സഹകരണം

ഋണ ബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1964 ലെ സഹകരണ നിയമത്തിന്റെ (കോ: ഓപ്രറേറ്റീവ് സൊസൈറ്റി ആക്ട് X O 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഗങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. നമ്മുടെ കാർഷിക മേഖലയിൽ ഇന്ന് കാണുന്ന പുരോഗതിക്ക് സഹകരണ പ്രസ്ഥാനത്തിനം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. അറക്കുളം പഞ്ചായത്തിൽ ഒന്നിലധികം സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നു.

ആസ്കോ ബാങ്ക്

മലയാളമാസം 1101-ാം മാണ്ട് ഇടവമാസം 14-ാം തീയതി ശ്രീ കെ. എൻ. ഗോവിന്ദൻ നായർ കുന്നത്താനിക്കൽ പ്രസിഡൻറായിക്കൊണ്ട് പരസ്പര സഹകരണ സഹായ സംഘം എന്ന നിലയിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ് ഇന്നത്തെ ആസ്കോ ബാങ്കായി പരിണമിച്ചത്. തുടക്കത്തിൽ വളരെ പരിമിതമായ ലക്ഷ്യങ്ങളെ സംഘാടകർക്ക് ഉണ്ടായിരുന്നുള്ളുവെങ്കിലും ഇന്നീ സംഘത്തിൽ 5927 A ക്ലാസ്സ് മെമ്പർമാരും 2493 C ക്ലാസ്സ് മെമ്പർമാരുമുണ്ട്. ഇത് ഇടുക്കി ജില്ലയിലെ ഏക ഫാർമേഴ്സ് ബാങ്കാണ്. അറക്കുളം ഗ്രാം പഞ്ചായത്താണ് ഇതിന്റെ പ്രവർത്തന പരിധി എങ്കിലും ഈ പഞ്ചായത്തിന്റെ പുറത്തുള്ളവരും ഈ ബാങ്കിൽ അംഗങ്ങളാണ്. 10, 11 വാർഡുകളിലെ നാമമാത്രമായ അംഗങ്ങളാണ് ഈ ബാങ്കിൽ അംഗങ്ങളായിട്ടുള്ളത്. ഈ ബാങ്കിൽ നിന്നും വിവിധ ഇനങ്ങളിലായി 6,24,84,264 (ആറു കോടി ഇരുപത്തിനാലു ലക്ഷത്തി നാലായിരുത്തി ഇരുന്നൂറ്റി അറുപത്തി നാല്) രൂപാ ലോൺ കൊടുത്തിട്ടുണ്ട്.

വായ്പയുടെ വിശദവിവരം.

നൽകിയിട്ടുള്ള വായ്പകൾ

ഹൃസ്വ കാല വായ്പ	367612
കാപ്പി കൃഷിക്ക്	360487
സാധാരണ വായ്പ	4502616
സ്വർണപ്പണയം	48366800
നിക്ഷേപത്തിന്റെ ഈടിൽ	595735
ഗൃഹോപകരണ വായ്പ	346542
സ്വയം തൊഴിൽ കച്ചവടം	7640256
ഐ. ആർ. ഡി. പി.	186081
സ്ത്രീ ലോണുകൾ (കിണർ പമ്പ് സെറ്റ്, വീടുകൾ)	116135
ആകെ	62484264

കാഞ്ഞാർ, കുളമാവ്, ഇലപ്പിള്ളി എന്നിവിടങ്ങളിൽ ആസ്കോ ബാങ്കിന്റെ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. കർഷകർക്ക് ഭൂരിപ്പക്ഷമുള്ള ഈ പഞ്ചായത്തിലെ ഭൂരിപക്ഷമാളുകളും ഈ ബാങ്കിൽ അംഗങ്ങളല്ല. അംഗങ്ങളായ സാധാരണ കൃഷിക്കാർക്ക് ബാങ്കിന്റെ സേവനം തൃപ്തികരമായ രീതിയിൽ ലഭിക്കുന്നില്ല എന്ന പരാതി ഉണ്ട്. 10, 11 വാർഡുകളിലായി താമിസിക്കുന്ന ആയിരക്കണക്കിന് ജനങ്ങളുടെ സൗകര്യാർത്ഥം ഇവിടെ ഒരു ബ്രാഞ്ച് ആരംഭിക്കേണ്ടതാണ്. ബാങ്കിന്റെ ആഭിമുഖ്യത്തിൽ ആസ്കോ സ്പൈസസും, ഹെഡ് ഓഫീസിന്റെ ഭാഗമായി ജൗളി വിഭാഗവും കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നു.

K. S. E. B. എംപ്ലോയിസ് കോ- ഓപ്പറേറ്റിവ് സൊസൈറ്റി.

ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർക്ക് മാത്രമായി പ്രവർത്തിക്കുന്നു.

K. S. R. T. എംപ്ലോയിസ് സൊസൈറ്റി.

കേരള ട്രാൻസ്പോർട്ട് ജീവനക്കാർക്ക് മാത്രമായി പ്രവർത്തിക്കുന്നു.

പതിപ്പിള്ളി ഗിരിവർഗ്ഗ കോ സൊസൈറ്റി.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യൽ 30 ശതമാനത്തിലധികം ഈ വിഭാഗത്തിൽ പെട്ടവരാണ്. ഇവരുടെ ഇടയിൽ പ്രവർത്തനമാരംഭിച്ച സഹകരണ ബാങ്ക് ഇന്ന് ഇല്ലാതായിരിക്കുകയാണ്. ഇതിലെ പ്രവർത്തകരുടെ ദീർഘവീക്ഷണമില്ലായ്മയും, കാര്യക്ഷമതയില്ലായ്മയുമാണ് ഇത് നിന്നുപോകാൻ പ്രധാന കാരണം. ഇതിന്റെ പ്രവർത്തനം പുനരാരം- ഭിക്കുകയോ പുതിയ സൊസൈറ്റി രൂപികരിച്ച് പ്രവർത്തനം ആരംഭിക്കുകയോ ചെയ്താൽ ഈ വിഭാഗം ആളുകളുടെ പുരോഗതിക്ക് സഹായകരമാകും.

ക്ഷീരോൽപാദക സഹകരണ സംഘം മൂലമറ്റം.

ക്ഷീരോൽപാദന രംഗത്ത് നമ്മുടെ പഞ്ചാ- യത്തിന് അന്തമായ സാധ്യതകൾ ഉണ്ടെങ്കിലും നമ്മൾ ഇന്നും വളരെ പുറകിലാണ്. പരിമിതമായി ഉൽപാദിപ്പിക്കുന്ന പാൽ സംഭരിക്കുന്നതിനോ, വിതരണം ചെയ്യുന്നതിനോ ഉള്ള സംവിധാനം നമ്മുക്കില്ല. സഹകരണാടിസ്ഥാനത്തിൽ മൂലമറ്റത്തു പ്രവർത്തി- ക്കുന്ന സൊസൈറ്റിയും സ്വകാര്യ ഉടമസ്ഥതയിലും ചില സൊസൈറ്റകളും പ്രവർത്തിക്കുന്നുണ്ട്. കുളമാവ്, അറക്കുളം, ഇലപ്പള്ളി, പുത്തോട് തുടങ്ങിയ മേഖലകളിൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

ചില കടലാസ് സഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. ഇവയുടെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ നിയമ സാങ്കേതിക നടപടികൾ ഉണ്ടാവേണ്ടതാണ്.

അറക്കുളം പഞ്ചായത്ത് കേന്ദ്രികരിച്ച് ഒരു അർബൻ സഹകരണ ബാങ്ക് ആരംഭിക്കാവുന്നതാണ്.

ഉപസംഹാരം

വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സമൂഹപ്രക്രിയയാണ്. ഇതിനു കഴിയണമെങ്കിൽ റോഡും, പാലവും, കുടിവെള്ളവുമായാൽ വികസനമായി എന്ന മനോഭാവം മാറ്റേണ്ടിയിരിക്കുന്നു. കാർഷിക, വ്യവസായിക മേഖലകളുടെ ഉത്പാദനത്തിന്റെയും സേവനങ്ങളുടേയും ദ്രുതഗതിയിലുള്ള വളർച്ചയാണ് വികസനത്തിന് ഇന്നാവശ്യം.
സാമ്പത്തികവളർച്ച ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിലേയ്ക്കും ഭൂരിപക്ഷത്തിന്റെ ദരിദ്രവൽക്കരണത്തിലേക്കും നയിച്ചാൽ പോരാ. സാമ്പത്തിക വളർച്ചയുടെ നേട്ടങ്ങൾ ജനങ്ങൾക്കുകൂടി ലഭ്യമാകണം. സമ്പത്തിന്റെ ഉത്പാദനം മാത്രമല്ല, നീതിപൂർവ്വകമായ വിതരണം കൂടി വികസനത്തിന് അനുപേക്ഷണീയമാണ്. സാമ്പത്തിക വളർച്ച ഇന്നു കൈവരിച്ചാൽ പോരാ, നാളെ നിലനിൽക്കുമെന്ന് ഉറപ്പുവരുത്തുവാൻ നമുക്കു കഴിയണം.

പ്രശ്നങ്ങളെല്ലാം നമുക്ക് പരിഹരിക്കാനാവില്ല. കാരണം ഇവയെല്ലാം കേരളത്തിന്റെ മാത്രം പ്രശ്നങ്ങളല്ല. ഏറിയും കുറഞ്ഞും ഇന്ത്യയൊട്ടാകെ ഇത് ബാധകമാണ്. എന്നാൽ ഇന്ന് കേരളം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് നമുക്ക് കരകയറ്റാൻ കഴിയണം. നമ്മുടെ സംസ്ഥാനം സാമൂഹിക രാഷ്ട്രീയ ക്ഷേമ രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും അവ മെച്ചപ്പെടുത്തിക്കൊണ്ടും സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടാൻ നമുക്ക് കഴിയണം.

ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ നിശ്ചയദാർഢ്യത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിഞ്ഞ 46 വർഷക്കാലത്തെ ആസൂത്രണത്തിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ഏറെയൊന്നും ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത. ആസൂത്രണവും വികസനവും എല്ലാം തന്നെ സാധാരണ ജനങ്ങളിൽ നിന്നും തികച്ചും അന്യമായിരുന്നു. ഇത്തരം കാര്യങ്ങളിൽ യാതൊരു ജനപങ്കാളിത്തവും ഇതുവരെ ഉണ്ടായിട്ടില്ല.

ഈ രീതിയിൽ നിന്നും തികച്ചും മാറിക്കൊണ്ട് ഒൻപതാം പദ്ധതി ജനകീയ പദ്ധതിയാക്കാനുള്ള മഹാ യത്നത്തിന് ഇവിടെ തുടക്കം കുറിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിലൂടെ നമ്മുടെ അറുനൂറ്റിയുള്ളം ഗ്രാമപഞ്ചായത്തിന് കൂടുതൽ ശക്തിയും ചൈതന്യവും കൈവരാൻ പോകുകയാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസന മണ്ഡലത്തിൽ ജനപങ്കാളിത്തത്തോടെയുള്ള ബഹുമുഖ പദ്ധതികളിൽ സ്വന്തം പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് ഒരു നവ കേരള സൃഷ്ടിക്കായി എല്ലാവരും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ജീവിത സങ്കല്പങ്ങൾ സഫലീകരിക്കുന്ന മനുഷ്യ പ്രയത്നത്തിന്റെ മഹത്വം വിളംബരം ചെയ്യപ്പെടുന്ന ഈ വേളയിൽ അറുനൂറ്റിയുള്ളം ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ വിശദമായ ചർച്ചകൾക്കും, വിശകലനത്തിനും, പരിഷ്കരണത്തിനും വേണ്ടി ഈ വികസനസെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു.

അശ്വതി

ഫൈറ്റക്സ്

ഹോളോബ്രിക്സ്

അറക്കുളം
ഹെൽത്ത്
സെന്ററിനുസമീപം

BEST WISHES

ASCO BANK LTD No. 1299, ARAKULAM P.O., IDUKKI DT.

(A FARMERS SERVICE CO-OPERATIVE BANK) Phone 04862 - 52027

- Transacts all Kinds of Banking & Kuri Business
- Advances on liberal terms
- Loand and cah creats upto Rs. 15o0, 000/-
- Accepts deposits on attractive rates
- Agro Service Centre for Farmers
- Manure, Pesticides, Acid, Anna Aluminium Utensils, Ration Wholesale, Textiles, Consumer Store etc.

SAFE DEPOSIT VAULTS AVAILABLE AT H.O.

BRANCHES:

ELAPPALLY, Ph. 52237, KANJAR 52017
KULAMAVU 52927

Invest with us and help the cause of Rural Economy


ASCO SPICES & CONDIMENTS
100 % Pure curry Powder

Adv. Joy Thomas
Chairman

C.T. Scaria M.Sc., B.Ed.
Managing Director



ഒൻപതാം പദ്ധതി ജനകീയ പദ്ധതി



ത്രിവേണിസംഗമം